
VOL NO: 03 | ISSUE 04

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 JANUARY 26 | ₹12



## വംശീയത വർഗീയത ക്വുർആനിക നിലപാട്

സ്വന്തത്തിനെയല്ലാതെ ഒന്നിനെയും ഉൾക്കൊള്ളാൻ കഴിയാത്ത ദുരവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ് ലോകമിന്ന്. സംഘടിക്കുന്നത് പോലും മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കാനെന്ന തരത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന സമൂഹത്തിനോട് ഇസ്‌ലാമിന് പറയാനുള്ളതെന്ത്? ക്വുർആനിന്റെ ഈ രംഗത്തുള്ള അധ്യാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രതിപാദനം.

### റഫാലും അലോക്‌വർമയും പിന്നെ കേന്ദ്ര സർക്കാറും

തിരഞ്ഞെടുപ്പ് ആസന്നമായതോടെ മുമ്പെങ്ങും കേട്ടിട്ടില്ലാത്ത വിധത്തിലുള്ള സംഭവവികാസങ്ങളാണ് ഭരണസിരാകേന്ദ്രത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും ഒടുവിലത്തെതാണ് സി.ബി.ഐ ഡയരക്ടറായിരുന്ന അലോക് വർമയുടെ സ്ഥാനചലനവും സുപ്രീം കോടതിവിധിയും രാജിയുമെല്ലാം. രാജ്യത്തിന്റെ ഉന്നതരംഗങ്ങളിൽ എന്താണ് നടക്കുന്നത്, ആരുടെ താൽപര്യങ്ങളാണ് സംരക്ഷിച്ചു കൊണ്ടിരിക്കുന്നത്?

- അപമാനത്തെ അലങ്കാരമാക്കരുത്
- മക്വ്ദി തങ്ങളുടെ ചോദ്യത്തിന് ഇന്നും ഉത്തരമില്ല

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# പ്രകാശം പരത്തിയ പ്രവാചകന്മാർ

**ഭാഗം: 1**

**ഹുസൈൻ സലഫി**
**വില: ₹ 150**




ചരിത്ര പഠനത്തിന്റെ ഗുണഫലങ്ങൾ നിരവധിയാണ്. അത് പ്രവാചകന്മാരുടെ ചരിത്രമാവുമ്പോൾ ഫലം ഇരട്ടിയാവും. വിശ്വാസം ദൃഢീകരിക്കാനും ഭാവി കാഴ്ചപ്പാടുകൾ രൂപപ്പെടുത്താനും വിശ്വാസികൾക്ക് ഈ ലോകത്ത് എന്തുമാത്രം പ്രയാസങ്ങൾ സഹിക്കേണ്ടിവരും എന്നത് ബോധ്യപ്പെടുത്താനും പ്രവാചകന്മാരുടെ ചരിത്ര പഠനം നമ്മെ സഹായിക്കുന്നു.

ചരിത്രത്തിന്റെ പ്രാമാണികത ഒരു പ്രതിസന്ധിയാണ്. കണ്ടതും കേട്ടതുമെല്ലാം പലപ്പോഴും ചരിത്രമായി പറയപ്പെടാറുണ്ട്. എന്നാൽ ഈ ഗ്രന്ഥം ചരിത്രരചനക്കുള്ള ഒരു തിരുത്താണ്. പ്രാമാണിക ചരിത്രങ്ങൾ മാത്രമാണിതിന്റെ ഉള്ളടക്കം. എന്നാൽ ചരിത്രഗ്രന്ഥങ്ങളുടെ ഒഴുക്ക് ഒട്ടും നഷ്ടമായിട്ടുമില്ല. പ്രവാചകന്മാരുടെ അതുല്യ ജീവിതത്തിലൂടെ ഒരു വൈജ്ഞാനിക ചരിത്ര യാത്രാനുഭവമാണ് ഹുസൈൻ സലഫിയുടെ ഈ രചന വായനക്കാർക്ക് നൽകുന്നത്. ആദം(عليه السلام) മുതൽ സ്വാലിഹ്(عليه السلام) വരെയുള്ള നബിമാരുടെ ചരിത്രമാണ് ഈ പതിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.



## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. മതം മനുഷ്യൻ സാഹോദര്യം | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 2. ഖാലിദ് ബ്നുൽ വലീദ് | അബ്ദുൽ ഹഖ് സുല്ലമി / ₹ 220 |
| 3. സുബ്ഹ് ജമാഅത്തും മുസ്‌ലിം ഉമ്മത്തും | അബ്ദുൽ മാലിക് മൊറയൂർ / ₹ 70 |

നേർപഥം
വാരിക

0106 / 2019 ജനുവരി 26 / 1440 ജുമാദുൽ അവ്വൽ 19 / പുസ്തകം 03 / ലക്കം 04



# വംശീയത, വർഗീയത ക്വുർആനിക നിലപാട്

**അബ്ദുൽ മാലിക് സലഫി / 10**

**മുഖമൊഴി**

റഫാലും അലോക്‌വർമയും
പിന്നെ കേന്ദ്ര സർക്കാറും / 05
എഡിറ്റർ

**ലേഖനം**

വഹ്‌യിന്റെ തുടക്കം / 06
ഫദ്‌ലുൽ ഹഖ് ഉമരി

പത്തരമാറ്റ് പത്ത്കിതാബിനോ?
മക്വ്ദി തങ്ങളുടെ ചോദ്യത്തിന് ഇന്നും ഉത്തരമില്ല / 20
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

അപമാനത്തെ അലങ്കാരമാക്കരുത് / 26
റിയാസ് സ്വലാഹി തളിപ്പറമ്പ്

**ക്വുർആൻ ദർശനം**

മുത്വഫ്ഫിഫീൻ, ഭാഗം: 3
(അളവിൽ കമ്മി വരുത്തുന്നവർ) / 15
വിവ: ഹാരിസ് ബിൻ സലീം

**ബാലപഥം**

മെഴുകുതിരി പോലൊരു ജീവിതം / 18
അഫ്‌വാന ബിൻത് ലത്വീഫ്

**ചരിത്രപഥം**

പ്രാർഥനയുടെ ഫലങ്ങൾ / 29
ഹുസൈൻ സലഫി, ഷാർജ

**ആരോഗ്യപഥം**

എന്താണ് മൂത്രാശയക്കല്ല്? / 34
നിസാം

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു




### 567 അറിയുമോ 1250ന്റെ ദുഃഖം?

കണക്കിലെ കളിയല്ല. ജീവിതയാഥാർഥ്യങ്ങൾ തെളിയിക്കുന്ന അനുഭവ സത്യങ്ങളാണ്.

പ്രസവിച്ച ശേഷം വളർത്താനാവാത്ത സാഹചര്യം കാരണം, കണക്കുകൾ ശരിയാണെങ്കിൽ കഴിഞ്ഞ നാല് വർഷം കൊണ്ട് കേരളത്തിൽ മാത്രം അമ്മമാരുടെ കയ്യാൽ തന്നെ ഉപേക്ഷിക്കപ്പെട്ടത് 567 കുഞ്ഞുങ്ങൾ! അതേ കേരളത്തിൽ തന്നെയാണ് കണ്ണുനീരും കിനാവുമായി പ്രതീക്ഷയോടെ ഒരു കുഞ്ഞിക്കാലിനായ് 1250ലേറെ ദമ്പതിമാർ കാത്തിരിക്കുന്നത്.

അനുഗ്രഹത്തെ അപകടമായി നിനച്ചവർ 567 എണ്ണത്തെ നിഷ്കരുണം എടുത്തെറിയുമ്പോൾ ഘനീഭവിച്ച ഹൃദയവുമായി ഹോസ്പിറ്റലുകളിൽ നിന്ന് ഹോസ്പിറ്റലുകളിലേക്കുള്ള പ്രയാണത്തിലാണ് നൂറു കണക്കിന് ദമ്പതിമാർ, അതിനുമപ്പുറം വൈദ്യശാസ്ത്രത്തിന്റെ അവസാന ആശ്വാസവാക്കിലും പ്രതീക്ഷ നഷ്ടപ്പെട്ട് ദത്തെടുക്കാൻ അപേക്ഷ നൽകി സർക്കാറിന്റെ കനിവിനായ് കാത്തിരിക്കുന്നത്.

കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ സുഖവാഴ്ച തുടരുകയും ഒന്നുമറിയാത്ത ജീവനുകൾ പ്രായശ്ചിത്തം നൽകുകയും ചെയ്യേണ്ട ഈ അവസ്ഥ ന്യായീകരിക്കാവതല്ല. ജനിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട, സമൂഹത്തിൽ നിന്ന് ജീവനും ജീവിതങ്ങളും രക്ഷപ്പെട്ട്... നാഗരികമായും സാംസ്കാരികമായും ഉന്നതിയിലെത്തി തിരിഞ്ഞു നോക്കുമ്പോൾ ചില അക്കങ്ങൾ(567) നമ്മെ ലജ്ജിപ്പിക്കാതിരിക്കില്ല. കാരണം പിന്നിട്ട വർഷങ്ങളിലും മുന്നിടാനിരിക്കുന്ന വർഷങ്ങളിലും ഈ അക്കങ്ങൾക്ക് മാത്രമെ മാറ്റം കാണൂ. ഈ കരുണയില്ലായ്മ ആവർത്തിക്കുക തന്നെയാണ്.

കാരണങ്ങൾ പലത് നിരത്താനുണ്ടങ്കിലും ഒന്നും ചവറ്റുകൊട്ടയിൽ എറിയപ്പെടാൻ മാത്രം പര്യാപ്തമല്ല. അവർ ചെയ്ത കുറ്റം ഏറ്റവും ചുരുങ്ങിയത് അവരെയെങ്കിലും ബോധ്യപ്പെടുത്തേണ്ടതുണ്ട്.

എന്താണങ്കിലും ആ വിഷയത്തിൽ വിവേചനാധികാരം നാഥൻ നമുക്ക് നൽകുന്നില്ല. വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക.

“ദാരിദ്ര്യഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയായും ഭീമമായ അപരാധമാകുന്നു.” (ക്വുർആൻ 17:31)

ഇനി പ്രതീക്ഷയുടെ നാലക്കങ്ങളിലെത്താം. അക്ഷരങ്ങൾ പോലും അലിയാൻ മാത്രം സങ്കടകരമാണ് കാര്യം. കൃത്രിമ ആശ്വാസവാക്കുകളിൽ അർഥമില്ല. സ്രഷ്ടാവ് തന്നെ അത് നിർവ്വഹിക്കട്ടെ.

“നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം മാത്രമാകുന്നു. അല്ലാഹുവിങ്കലാകുന്നു മഹത്തായ പ്രതിഫലമുള്ളത്.” (ക്വുർആൻ 64:15)

പരീക്ഷണവിധേയമായിക്കൊണ്ടിരിക്കയാണ് താനെന്നും, അതിൽ ക്ഷമിക്കുക വഴി തന്നെ തേടി പ്രതിഫലം കാത്തിരിപ്പുണ്ടന്നും മനസ്സിലാക്കുന്നതോടെ സന്താപം പതിയെ സന്തോഷത്തിന് വഴി മാറും. നാഥൻ തുണക്കട്ടെ.

**- അബൂ അൽഫ തൊടികപ്പുലം**

### ദുരന്തം ഇനിയും കയ്യെത്തും ദൂരത്ത്

കേരള സമൂഹം നൂറ് വട്ടം നെഞ്ചിൽ കൈവെച്ച് മറക്കില്ലെന്ന് പ്രതിജ്ഞയെടുക്കേണ്ട ദുരന്തമാണ് കഴിഞ്ഞ വർഷം നാമനുഭവിച്ചത്. എന്നാൽ പ്രളയക്കെടുതികളുടെ പാടുകൾ മാഞ്ഞുതുടങ്ങും മുമ്പേ പ്രകൃതി ചൂഷണം വഴി അടുത്ത പ്രളയത്തിനുള്ള കോപ്പ് കൂട്ടിക്കൊണ്ടിരിക്കുകയാണ് കേരള ജനത.

വരാനുള്ള ദുരന്തത്തിന്റെ സാധ്യത വരച്ച് കാണിക്കുകയും അതിന്റെ കാരണങ്ങൾ വ്യക്തമായ ക്രാന്തദർശിത്വത്തോടെ അപഗ്രഥിക്കുകയും ചെയ്ത സുഫ്യാൻ അബ്ദുസ്സലാമിന്റെ ലേഖനം അവസരോചിതമായി. പലപ്പോഴും പ്രശ്നങ്ങൾ വന്നു കഴിഞ്ഞതിന് ശേഷം മാത്രം പരിഹാരത്തിന് ശ്രമിക്കാറുള്ള കേരളത്തിലെ ഭരണാധികാരികൾക്കും ബ്യൂറോക്രാറ്റുകൾക്കും കണ്ണ് തുറക്കാനുള്ള അവസരമാണ് നേർപഥം സൃഷ്ടിച്ചത്. പക്ഷേ, ഉത്തരവാദപ്പെട്ടവർ എന്നാണാവോ കാര്യങ്ങൾ വേണ്ട വിധത്തിൽ ഉൾക്കൊള്ളുക?

**- അഷ്റഫ് കായലം**

മുഖമൊഴി

# റഫാലും അലോക്‌വർമയും പിന്നെ കേന്ദ്ര സർക്കാറും

**സി.**ബി.ഐ ഡയറക്ടറായിരുന്ന അലോക് വർമയാണിപ്പോൾ വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ഇന്ത്യൻ താരം. ഒരു പാതിരാവിൽ എടുത്ത തീരുമാനപ്രകാരം സി.ബി.ഐ ഡയറക്ടർ സ്ഥാനത്തുനിന്ന് അലോക് വർമയെ മാറ്റിയ കേന്ദ്ര സർക്കാരിന് കനത്ത തിരിച്ചടിയെന്നോണം സുപ്രീം കോടതി സർക്കാരിന്റെ തീരുമാനം റദ്ദാക്കി. പ്രധാനമന്ത്രി, പ്രതിപക്ഷനേതാവ്, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എന്നിവർ ഉൾപെട്ട നിയമന സമിതി ഒരാഴ്ചക്കകം യോഗം ചേർന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നും കോടതി നിർദേശിച്ചു. എന്നാൽ 48 മണിക്കൂറിനകം സമിതി യോഗം ചേരുകയും കോൺഗ്രസ് നേതാവ് മല്ലികാർജുൻ ഖാർഗെയുടെ എതിർപ്പോടെ വീണ്ടും വർമയെ പുറത്താക്കുകയുമാണ് ചെയ്തത്. മോദി സർക്കാർ വെച്ചുനീട്ടിയ പുതിയ പദവി അലോക് വർമ നിരസിക്കുകയും സർക്കാരിനെ രൂക്ഷമായി വിമർശിച്ച് പേഴ്സണൽ വകുപ്പ് സെക്രട്ടറിക്ക് താൻ സർവീസിൽനിന്ന് വിരമിച്ചതായി കണക്കാണമെന്ന് പറഞ്ഞ് കത്തെഴുതുകയും ചെയ്തതോടെ കേന്ദ്രസർക്കാരിന്റെ അനീതിക്ക് ഇരയായ ഉന്നത ഉദ്യോഗസ്ഥൻ എന്ന നിലയിൽ അദ്ദേഹം ശ്രദ്ധാകേന്ദ്രമായിരിക്കുകയാണ്.

സി.ബി.ഐ ഡയറക്ടറായി വർമ തുടർന്നാൽ റഫാൽ ഇടപാടിലെ അഴിമതിയാരോപണത്തിൽ പ്രഥമവിവര റിപ്പോർട്ട് തയ്യാറാക്കാൻ സാധ്യതയുണ്ടെന്ന ആശങ്കയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ തൽസ്ഥാനത്ത് തുടരാൻ അനുവദിക്കാത്തത് എന്നത് കേവലം ആരോപണമായി തള്ളിക്കളാൻ കഴിയുന്നതല്ല.

പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിനെ (എച്ച്എഎൽ) തഴഞ്ഞ് റിലയൻസ് ഡിഫൻസിനെ തേടി റഫാൽ ജെറ്റ് കരാറെത്തിയതാണ് വിമർശനങ്ങൾക്ക് പ്രധാന കാരണമായിട്ടുള്ളത്. ഒരു വിമാനം പോലും നിർമിച്ച് പരിചയമില്ലാത്ത വ്യവസായിയെ റഫാൽ ഇടപാടിൽ മോദി പങ്കാളിയാക്കി എന്ന രാഹുൽ ഗാന്ധിയുടെ ആരോപണവും വന്നെത്തി നിൽക്കുന്നത് ഇവിടെ തന്നെയാണ്. രാജ്യം കണ്ട ഏറ്റവും വലിയ പ്രതിരോധ ഇടപാടിന്റെ പ്രഖ്യാപനത്തിന് കേവലം പത്തു ദിവസം മുൻപ് മാത്രം രൂപീകൃതമായ ഒരു കമ്പനിക്ക് സാങ്കേതികവിദ്യ കൈമാറാനുള്ള ഫ്രഞ്ച് കമ്പനിയുടെ തീരുമാനത്തിലെ ദുരൂഹത ചൂടാറാതെ ഇപ്പോഴും നിലകൊള്ളുന്നു. കേവലം അഞ്ചു ലക്ഷം രൂപ മാത്രം അംഗീകൃത മൂലധനമുള്ള ഒരു നവാഗത കമ്പനിയെ കോടികളുടെ ഇടപാടിൽ പങ്കാളികളാക്കിയതിലെ അനൗചിത്യം നേരത്തെ തന്നെ വിവാദമായ ഒരു വസ്തുതയാണ്.

2008 ജനുവരി 25ന് യു.പി.എ സർക്കാറിന്റെ കാലത്താണ് ഇന്ത്യയും ഫ്രാൻസും തമ്മിൽ പ്രതിരോധ രംഗത്ത് ആയുധ ഉപകരണ കൈമാറ്റം സംബന്ധിച്ചുള്ള കരാറിൽ ഒപ്പുവെക്കുന്നത്. ഈ കരാറിനെത്തുടർന്ന് 2012 ജനുവരി 31ന് ഇന്ത്യൻ വ്യോമസേനക്ക് 126 റഫാൽ പോർവിമാനങ്ങൾ നിർമിച്ചു നൽകാനും 126 വിമാനങ്ങളിൽ 108 എണ്ണവും ബംഗളൂരു ആസ്ഥാനമായ കേന്ദ്ര സർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിൽ നിർമിക്കുമെന്നും ധാരണയായതാണ്. മൊത്തം വിമാനങ്ങളിൽ 18 എണ്ണം മാത്രമാണ് പൂർണമായും ഫ്രാൻസിൽ നിർമിക്കുക. വിമാനമൊന്നിന് 526.10 കോടിയായിരുന്നു വില കണക്കാക്കിയിരുന്നത്. എന്നാൽ ഇപ്പോഴത്തെ സർക്കാരിന്റെ പുതിയ കരാറിൽ വിമാനമൊന്നിന് 1670.70 കോടിയും!

മുമ്പ് നിലവിലുണ്ടായിരുന്ന കരാറിലെ എല്ലാ നിബന്ധനകളെയും കാറ്റിൽപറത്തിയാണ് പുതിയ കരാറിൽ ഒപ്പിടാൻ പ്രധാനമന്ത്രി തയാറായത്. പുതിയ കരാറിൽ 126 വിമാനങ്ങൾ എന്നുള്ളത് വെട്ടിച്ചുരുക്കി 36 എണ്ണമാക്കി മാറ്റിയതോടൊപ്പം, വിമാനം നിർമിക്കാനുള്ള അവകാശം കേന്ദ്ര സർക്കാർ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സിനു പകരം ഫ്രഞ്ച് കമ്പനിയായ ഡാസൾട്ട് ഏവിയേഷനോടൊപ്പം പ്രധാനമന്ത്രിയുടെ ഇഷ്ട തോഴരിലൊരാളായ സ്വകാര്യ വ്യവസായിയായ അനിൽ അംബാനിയുടെ ഉടമസ്ഥതയിലുള്ള റിലയൻസ് ഗ്രൂപ്പിന് പങ്കാളിയാകാൻ അവസരം നൽകുകയും ചെയ്തു.

41,205 കോടി രൂപയുടെ അധിക തുക നൽകാൻ കേന്ദ്ര സർക്കാർ തയാറായത് ആരുടെ താൽപര്യം സംരക്ഷിക്കാനാണെന്ന ചോദ്യം ആസന്നമായ തിരഞ്ഞെടുപ്പിൽ കേന്ദ്രസർക്കാറിനെ വെള്ളംകുടിപ്പിക്കുമെന്നതിൽ സംശയമില്ല.

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com







# വഹ്‌യിന്റെ തുടക്കം

നബിﷺയുടെ നിയോഗമനത്തിന്റെ സമയമടുത്തപ്പോൾ ഈ കാലഘട്ടത്തിൽ ഒരു നബിയെ അല്ലാഹു നിയോഗിക്കുമെന്നും ആ നബിയുടെ ആഗമനത്തിന് സമയമായിട്ടുണ്ട് എന്നുമുള്ള വാർത്ത പ്രചരിക്കാൻ തുടങ്ങി. വേദക്കാർ (അഹ്‌ലുൽ കിതാബുകാർ) അവരുടെ വേദഗ്രന്ഥങ്ങളിലൂടെ ഈ യാഥാർഥ്യം മനസ്സിലാക്കിയവരായിരുന്നു. ശാമിൽ നിന്നും മദീനയിലേക്ക് പ്രവാചക നിയോഗത്തിന് മുമ്പ് വന്ന ഇബ്നുൽ ഹൈബാൻ ജൂതന്മാരോട് പറയുകയുണ്ടായി: ‘ഒരു നബി പ്രത്യക്ഷപ്പെടാനുണ്ട്. ആ നബിയെ പിൻപറ്റാൻ വേണ്ടിയാണ് ഞാൻ ഇങ്ങോട്ട് വന്നിട്ടുള്ളത്.’ എന്നുമാത്രമല്ല ജൂതന്മാരെ നബിയെ പിൻപറ്റാൻ വേണ്ടി അദ്ദേഹം ക്ഷണിക്കുകയും ചെയ്തു. തൗറാത്തിലൂടെ ആ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെടാനുള്ള നബിയുടെ വിശേഷണങ്ങളും ജൂതന്മാർ മനസ്സിലാക്കിയിരുന്നു. സത്യദീനിനെ അന്വേഷിച്ചുകൊണ്ട് പേർഷ്യൻ രാജ്യങ്ങളിൽ നിന്നും വന്ന സൽമാനുൽ ഫാരിസിയുടെ സംഭവവും ഇതിന് തെളിവാണ്. അദ്ദേഹം വന്ന് ശാമിൽ താമസമാക്കി. എന്നിട്ട് മുഹമ്മദ് നബിﷺയുടെ ആഗമനത്തിന്റെ സ്ഥലത്തെക്കുറിച്ചും മുഹമ്മദ് നബിയുടെ ആഗമനം അടുത്തു എന്നതിനെക്കുറിച്ചും അവിടത്തെ പുരോഹിതന്മാർക്ക് പറഞ്ഞുകൊടുത്തു. വേദക്കാരല്ലാത്തയാളുകൾ ചില പ്രത്യേകമായ അടയാളങ്ങളിലൂടെയാണ് നബിയുടെ ആഗമനത്തെക്കുറിച്ച് മനസ്സിലാക്കിയത്.

തനിച്ചിരിക്കുന്നത് നബിﷺ ഇഷ്ടപ്പെട്ടിരുന്നു എന്നും ആളുകളിൽ നിന്ന് മാറിനിന്നുകൊണ്ട് അദ്ദേഹംതാമസിച്ചിരുന്നു എന്നും മുമ്പ് നമ്മൾ മനസ്സിലാക്കിയല്ലോ.

സമൂഹത്തിൽ നടക്കുന്ന വിഗ്രഹാരാധനയും വഴിപിഴച്ച പല മാർഗങ്ങളും കണ്ടപ്പോഴാണ് ഇതിൽ നിന്നും മാറി താമസിക്കണമെന്ന് നബിﷺക്ക് തോന്നിയത്. അങ്ങനെയാണ് ശാന്തമായ അന്തരീക്ഷത്തിലേക്ക് മാറിനിന്നുകൊണ്ട് അല്ലാഹുവിന്റെ ആധിപത്യത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടും അവന്റെ കഴിവുകളെക്കുറിച്ചും സൃഷ്ടിപ്പിന്റെ മഹത്ത്വത്തെക്കുറിച്ചും ആലോചിച്ചുകൊണ്ടും നബി സമൂഹത്തിൽ നിന്നും മാറിനിന്നത്. ഓരോ വർഷവും റമദാൻ മാസത്തിൽ ഹിറാ ഗുഹയിൽ നബി തനിച്ചിരിക്കാറുണ്ടായിരുന്നു. അല്ലാഹു നൽകാൻ പോകുന്ന ആത്മീയ ജീവനിലേക്ക് നബിﷺ അടുത്തു തുടങ്ങിയപ്പോൾ തനിച്ചിരിക്കാനുള്ള താൽപര്യം വീണ്ടും വീണ്ടും ശക്തിപ്പെടാൻ തുടങ്ങി. അവിടെ നിന്ന് തിരിച്ചുവന്നാൽ കഅ്ബ ത്വവാഫ് ചെയ്യുകയും ശേഷം വീട്ടിലേക്ക് മടങ്ങുകയും ചെയ്യും. പ്രവാചകത്വത്തിന് മുമ്പ് ഹിറാഗുഹയിൽ തനിച്ചിരുന്നുകൊണ്ട് അല്ലാഹു തോന്നിപ്പിക്കുന്ന രൂപത്തിലുള്ള ആരാധനകൾ ചെയ്യുകയായിരുന്നു നബിയുടെ പതിവ്. എന്നാൽ പ്രവാചകത്വത്തിന് ശേഷം മറ്റുള്ള ആളുകളിൽ നിന്ന് വ്യത്യസ്തമായിക്കൊണ്ട് നബിﷺ തന്റെ ജീവിതം രാത്രിനമസ്കാരത്തിലൂടെ മുന്നോട്ടുകൊണ്ടുപോയി. അല്ലാഹു പറയുന്നു: "രാത്രിയിൽ നിന്ന് അൽപസമയം നീ ഉറക്കമുണർന്ന് അതോടെ (ക്വുർആൻ പാരായണത്തോടെ)നമസ്കരിക്കുകയും ചെയ്യുക. അത് നിനക്ക് കൂടുതലായുള്ള ഒരു പുണ്യകർമമാകുന്നു. നിന്റെ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാനത്ത് നിയോഗിച്ചേക്കാം" (അൽഇസ്റാഅ്: 79).

40 വയസ്സ് പൂർത്തിയായ സന്ദർഭത്തിൽ സാധാരണ റമദാൻ മാസത്തിൽ ഹിറയിലേക്ക് പുറപ്പെടാറുള്ളതുപോലെ നബിﷺ പുറപ്പെട്ടു. അല്ലാഹുവിന്റെ കൽപനപ്രകാരം ജിബ്‌രീൽ അവിടെ കടന്നുവന്നു. പ്രവാചകത്വത്തിന്റെ വെളിച്ചം പ്രകാശിക്കുവാൻ തുടങ്ങി. പ്രവാചകത്വം കൊണ്ട് അല്ലാഹു പ്രവാചകനെ ആദരിച്ചു. അന്ത്യദിനം വരെയുള്ള ആളുകൾക്ക് മുഴുവനായി കാരുണ്യത്തിന്റെ തിരുദൂതനായി മുഹമ്മദ് നബിയെ അല്ലാഹു നിയോഗിച്ചു. റമദാൻ മാസം ഒരു തിങ്കളാഴ്ച ദിവസമായിരുന്നു അത്. ക്വുർആനിന്റെ അവതരണത്തിന് തുടക്കം കുറിക്കുന്നത് പരിശുദ്ധ റമദാൻ മാസത്തിലായിരുന്നു എന്ന് വ്യക്തം. അല്ലാഹു പറയുന്നു: "ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ..." (അൽബക്വറ: 185).

അബൂക്വതാദﷺ പറയുന്നു: "തിങ്കളാഴ്ച ദിവസത്തെ നോമ്പിനെക്കുറിച്ച് നബിﷺയോട് ചോദിക്കപ്പെട്ടപ്പോൾ ഇപ്രകാരം പറഞ്ഞു: 'അത് ഞാൻ ജനിച്ച ദിവസമാണ്. ആ ദിവസമാണ് ഞാൻ പ്രവാചകനായി നിയോഗിക്കപ്പെട്ടത്. അന്നാണ് എനിക്ക് വഹ്‌യ് ഇറങ്ങിയത്" (മുസ്‌ലിം: 1162).

അബ്ബാസ്ﷺ പറയുന്നു: "നാൽപതാമത്തെ വയസ്സിലാണ് മുഹമ്മദ് നബിﷺ പ്രവാചകനായി നിയോഗിക്കപ്പെട്ടത്. മക്കയിൽ 13 വർഷത്തോളം വഹ്‌യ് നൽകപ്പെടുന്ന അവസ്ഥയിൽ അദ്ദേഹം ജീവിച്ചു. ശേഷം ഹിജ്റക്കുള്ള കൽപന നൽകപ്പെട്ടു. പത്തുവർഷം മദീനയിൽ ജീവിക്കുകയും അറുപത്തിമൂന്നാമത്തെ വയസ്സിൽ മരണപ്പെടുകയും ചെയ്തു" (ബുഖാരി 3902, മുസ്‌ലിം: 351).

നബിﷺക്ക് വഹ്‌യ് (ദിവ്യബോധനം) ലഭിച്ചതിന്റെ തുടക്കവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങൾ ആഇശﷺ ഇപ്രകാരം വിവരിക്കുന്നു: "ഉറക്കത്തിലുള്ള നല്ല നല്ല സ്വപ്നങ്ങളായിരുന്നു നബിയുടെ വഹ്‌യിന്റെ തുടക്കം. നബിﷺ ഏതൊരു സ്വപ്നം കണ്ടാലും പ്രഭാതം പോലെ അത് വെളിപ്പെടാറുണ്ടായിരുന്നു. ശേഷം നബിക്ക് തനിച്ചിരിക്കാൻ ഇഷ്ടമായി തോന്നി. അങ്ങനെ ഹിറാഗുഹയിൽ പോയി ഇരിക്കാൻ തുടങ്ങി. അവിടെ വെച്ചുകൊണ്ട് ഒരുപാട് രാത്രികളിൽ ആരാധനകളിൽ മുഴുകി. അവിടെനിന്ന് ഖദീജയുടെ അടുക്കലേക്ക് മടങ്ങുകയും വീ

**40 വയസ്സ് പൂർത്തിയായ സന്ദർഭത്തിൽ സാധാരണ റമദാൻ മാസത്തിൽ ഹിറയിലേക്ക് പുറപ്പെടാറുള്ള തുപോലെ നബിﷺ പുറപ്പെട്ടു. അല്ലാഹുവിന്റെ കൽപനപ്രകാരം ജിബ്‌രീൽﷺ അവിടെ കടന്നു വന്നു. പ്രവാചകത്വത്തിന്റെ വെളിച്ചം പ്രകാശിക്കുവാൻ തുടങ്ങി. പ്രവാചകത്വം കൊണ്ട് അല്ലാഹു പ്രവാചകനെ ആദരിച്ചു. അന്ത്യദിനം വരെയുള്ള ആളുകൾക്ക് മുഴുവനായി മുഹമ്മദ് നബിﷺയെ അല്ലാഹു നിയോഗിച്ചു. റമദാൻ മാസം ഒരു തിങ്കളാഴ്ച ദിവസമായിരുന്നു അത്. ക്വുർആനിന്റെ അവതരണത്തിന് തുടക്കം കുറിക്കുന്നത് പരിശുദ്ധ റമദാൻ മാസത്തിലായിരുന്നു എന്ന് വ്യക്തം.**

ണ്ടും അങ്ങോട്ട് ആവശ്യമായ യാത്രാ സന്നാഹങ്ങൾ എടുത്തുകൊണ്ട് തിരിച്ചു പോകുകയും ചെയ്യും. അങ്ങനെയിരിക്കെയാണ് ഹിറാഗുഹയിൽ നബിയുടെ അടുക്കലേക്ക് സത്യം കടന്നു വരുന്നത്. മലക്ക് വന്നു കൊണ്ട് പറഞ്ഞു: 'വായിക്കുക.' നബിﷺ പറഞ്ഞു: 'ഞാൻ വായിക്കുന്നവനല്ല.' നബി പറയുന്നു: 'അപ്പോൾ മലക്ക് എന്നെ പിടിക്കുകയും എന്നെ ഞെരുക്കുകയും ചെയ്തു. എനിക്ക് പ്രയാസം അനുഭവപ്പെട്ടു. ശേഷം എന്നെ വിട്ടു. അപ്പോൾ വീണ്ടും പറഞ്ഞു: 'വായിക്കുക.' ഞാൻ പറഞ്ഞു: 'ഞാൻ വായിക്കുന്നവനല്ല.' രണ്ടാമതും എന്നെ പിടിക്കുകയും ഞെരുക്കുകയും ചെയ്തു. എനിക്ക് പ്രയാസം അനുഭവപ്പെട്ടു. അങ്ങനെ എന്നെ വിടുകയുണ്ടായി. വീണ്ടും പറഞ്ഞു: 'വായിക്കൂ.' അപ്പോൾ ഞാൻ പറഞ്ഞു: 'ഞാൻ വായിക്കുന്നവല്ല.' അങ്ങനെ മൂന്നാമതും എന്നെ പിടിക്കുകയും ഞെരുക്കുകയും ചെയ്തു. ശേഷം എന്നെ വിട്ടു. എന്നിട്ട് ഇപ്രകാരം ഓതിത്തന്നു:

"സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ നീ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക; നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (അൽഅലക്: 1-5).

ഹൃദയം പിടക്കുന്ന അവസ്ഥയിൽ നബിﷺ അവിടെ നിന്നും മടങ്ങി ഖദീജ ബിൻത് ഖുവൈലിദിന്റെ അടുക്കലേക്കു ചെന്നു. എന്നിട്ട് പറഞ്ഞു: 'എനിക്കു പുതച്ചു താ, എനിക്ക് പുതച്ചു താ.' അപ്പോൾ നബിയുടെ ഭയം പോകുന്നതുവരെ ഖദീജ അവർക്ക് പുതച്ചുകൊടുത്തു. നബിﷺ ഖദീജയോട് കാര്യങ്ങളെല്ലാം പറഞ്ഞു. എന്റെ കാര്യത്തിൽ എനിക്ക് ഭയം തോന്നുകയാണ് എന്നും പറഞ്ഞു. ആ സന്ദർഭത്തിൽ ഖദീജ رضي الله عنها ഇപ്രകാരം പറഞ്ഞു: 'ഇല്ല, അല്ലാഹുവാണ് സത്യം! അല്ലാഹു ഒരിക്കലും നിങ്ങളെ അപമാനിക്കുകയില്ല. നിങ്ങൾ കുടുംബ ബന്ധം പുലർത്തുന്ന ആളാണ്. ഭാരം വഹിക്കുന്ന വ്യക്തിയാണ്. നിരാലംബരെ സഹായിക്കുന്ന ആളാണ്. അതിഥികളെ സൽക്കരിക്കുന്ന വ്യക്തിയാണ്. സത്യമാർഗത്തിൽ സഹായിക്കുന്ന ആളാണ്.' അങ്ങനെ ഖദീജ رضي الله عنها നബിﷺയെയും കൊണ്ട് വറക്വതുബ്നിനൗഫലുബ്നിനു അസദ്ബ്നിനു അബ്ദുൽ ഉസ്സയുടെ അടുക്കലേക്ക് കൊണ്ട് പോയി. ഖദീജ رضي الله عنهاയുടെ പിതൃവ്യപുത്രനായിരുന്നു അദ്ദേഹം.

ജാഹിലിയ്യാ കാലഘട്ടത്തിൽ ക്രിസ്തുമതം സ്വീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. ഇൻജീലിന്റെ വചനങ്ങൾ ഇബ്‌റാനീ ഭാഷയിൽ അദ്ദേഹം എഴുതുമായിരുന്നു. അന്ധത ബാധിച്ച; പ്രായംചെന്ന ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഖദീജ رضي الله عنها അദ്ദേഹത്തോട് പറഞ്ഞു: 'അല്ലയോ പിതൃവ്യപുത്രാ! നിങ്ങളുടെ സഹോദര പുത്രനിൽ നിന്ന് കാര്യങ്ങൾ കേൾക്കുക.' അപ്പോൾ വറക്വത് ചോദിച്ചു: 'അല്ലയോ സഹോദരപുത്രാ! എന്താണ് നീ കണ്ടത്?' നബിﷺ താൻ കണ്ട കാര്യങ്ങൾ എല്ലാം വിവരിച്ചു. അപ്പോൾ വറക്വത് നബിﷺയോട് പറഞ്ഞു: 'മൂസായുടെ അടുക്കലേക്ക് അല്ലാഹു നിയോഗിച്ച നാമൂസ് ആകുന്നു ഇത്. നിന്റെ സമൂഹം നിന്നെ പുറത്താക്കുന്ന സന്ദർഭത്തിൽ ഞാൻ ജീവിച്ചിരുന്നെങ്കിൽ!' അപ്പോൾ നബി ചോദിച്ചു: 'അവർ എന്നെ പുറത്താക്കുമെന്നോ?' വറക്വത് പറഞ്ഞു: 'അതെ! നീ കൊണ്ടുവന്നത് പോലുള്ളത് കൊണ്ടുവന്ന ഒരാൾക്കും ശത്രുക്കൾ ഇല്ലാതിരുന്നിട്ടില്ല. നിന്റെ ആ കാലഘട്ടത്തിൽ ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ ഞാൻ നിന്നെ ശക്തമായി സഹായിക്കുമായിരുന്നു.' അധികം വൈകാതെ വറക്വത് മരണപ്പെട്ടു. ശേഷം കുറച്ചുകാലം വഹ്‌യ് നിലയ്ക്കുകയും ചെയ്തു" (ബുഖാരി: 3, മുസ്‌ലിം: 160)

എണ്ണപ്പെട്ട ചില ദിവസങ്ങൾ പിന്നീട് വഹ്‌യ് ഉണ്ടായില്ല. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ ഭാഗമായിരുന്നു അത്. നബിﷺയെ പിടികൂടിയ ഭയം ഒഴിഞ്ഞു പോകുവാനും വീണ്ടും വഹ്‌യ് ലഭിക്കാൻ താൽപര്യപ്പെടുവാൻ കൂടിയായിരുന്നു അത്. മാത്രവുമല്ല വഹ്‌യ് അല്ലാഹുവിന്റെ കയ്യിൽ മാത്രം നിക്ഷിപ്തമായ കാര്യമാണ് എന്നും അവൻ ഉദ്ദേശിക്കുന്ന സന്ദർഭത്തിൽ അത് ഇറക്കുന്നു എന്നും മുഹമ്മദ് നബിﷺക്ക് ആ വിഷയത്തിൽ ഒരു കൈകാര്യവും ഇല്ല എന്നുമുള്ള ഒരു അധ്യാപനവും ഇതിലൂടെ അല്ലാഹു നൽകുകയായിരുന്നു.

അല്ലാഹു പറയുന്നു: "പൂർവാഹ്നം തന്നെയാണ് സത്യം! രാത്രി തന്നെയാണ് സത്യം; അത് ശാന്തമാവുമ്പോൾ. (നബിയേ,) നിന്റെ രക്ഷിതാവ് നിന്നെ കൈവിട്ടിട്ടില്ല; വെറുത്തിട്ടുമില്ല" (ദ്വുഹാ: 1-3).

ജാബിർബിൻ അബ്ദുല്ല رضي الله عنه പറയുന്നു: "ആദ്യകാലങ്ങളിൽ അൽപദിവസങ്ങൾ നബിﷺക്ക് വഹ്‌യ് വരാതെയായി. അങ്ങനെ വീണ്ടും തനിച്ചിരിക്കാൻ നബിﷺക്ക് ഇഷ്ടമായി തോന്നി. ആദ്യത്തേതു പോലെത്തന്നെ നബിﷺ ഹിറാ ഗുഹയിലേക്ക് പോയി. നബിﷺ പറയുന്നു: 'അങ്ങനെയിരിക്കെ ഞാൻ ഹിറയിൽ നിന്നും തിരിച്ചു വരുന്ന സന്ദർഭത്തിൽ എന്തോ

ഒന്ന് മുകൾഭാഗത്ത് എനിക്ക് അനുഭവപ്പെട്ടു. അപ്പോൾ ഞാൻ തല ഉയർത്തി നോക്കി. ആ സന്ദർഭത്തിൽ ഹിറയിൽ എന്റെ അടുക്കലേക്ക് വന്ന അതേ വ്യക്തി എന്റെ തലക്കുമുകളിൽ ഒരു കസേരയിൽ ഇരിക്കുന്നു. അതുകണ്ട വേളയിൽ ഞാൻ ഭൂമിയിലേക്ക് വീണു പോയി. എന്റെ ബോധം തെളിഞ്ഞപ്പോൾ കുടുംബത്തിന്റെ അടുക്കലേക്ക് ഞാൻ ഓടി വന്നു. ഞാൻ പറഞ്ഞു: എനിക്ക് പുതച്ചു താ, എനിക്ക് പുതച്ചു താ. ആ സന്ദർഭത്തിൽ ജിബ്‌രീൽ എന്റെ അടുക്കലേക്ക് വന്നു കൊണ്ട് പാരായണം ചെയ്തു: 'ഹേ, പുതച്ചു മൂടിയവനേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്ത്വപ്പെടുത്തുകയും നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക"(അൽമുദ്ദഥിർ: 1- 5)(അഹ്മദ്: 15033).

നബിﷺയിൽ നിന്നും ഭയം പോയതിനുശേഷം വഹ്‌യ് ഇറങ്ങിത്തുടങ്ങി. പ്രവാചകത്വത്തിന്റെ യാഥാർഥ്യം ബോധ്യപ്പെട്ടു. അതിനുശേഷം നബിﷺ വഹ്‌യിനെ പ്രതീക്ഷിക്കുകയും അതിന് വേണ്ടി ഒരുങ്ങിയിരിക്കുകയും ചെയ്യുക പതിവായി. വഹ്‌യിന്റെ ഇടവേളകളിലെല്ലാം നബിﷺ ഹിറാ ഗുഹയിൽ പോയി ഇരിക്കലും പതിവായിരുന്നു. ഒരുദിവസം നബിﷺ നടന്നുകൊണ്ടിരിക്കെ ആകാശത്തുനിന്നും ഒരു ശബ്ദം കേട്ടു. അപ്പോഴതാ ജിബിരീൽ അല്ലാഹു തആലാ സൃഷ്ടിച്ച അതേ രൂപത്തിൽ! ചക്രവാളങ്ങൾ നിറഞ്ഞുനിൽക്കുകയാണ് ജിബ്‌രീൽ! നബിﷺക്ക് ഭയം തോന്നി. ഖദീജയുടെ അടുക്കലേക്ക് ഓടിച്ചെന്നു. പുതച്ചു കൊടുക്കാൻ ആവശ്യപ്പെട്ടു. അങ്ങനെയാണ് 'യാ അയ്യുഹൽ മുദ്ദഥ്ഥിർ' എന്ന് തുടങ്ങുന്ന സൂറഃ അൽമുദ്ദഥ്ഥിറിലെ ആദ്യ വചനങ്ങൾ അവതരിക്കുന്നത്" (ബുഖാരി:3238, മുസ്‌ലിം:161).

വഹ്‌യിന്റെ ഇടവേളക്ക് ശേഷം ആദ്യമായി ഇറങ്ങിയ വചനങ്ങളായിരുന്നു ഇത്. അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള ക്ഷണം തുടങ്ങുവാനുള്ള കൽപനകളും നിർദേശങ്ങളുമാണ് അൽപാൽപമായി ഈ വചനങ്ങളിൽ അടങ്ങിയിട്ടുള്ളത്. നബിﷺ പ്രബോധനം ആരംഭിച്ചു. മരണം വരെ (23 വർഷം) ഈ ദൗത്യം തുടർന്നുകൊണ്ടിരുന്നു. സൂറഃ അൽമുദ്ദസ്സഥ്ഥിറിന്റെ തൊട്ടുപിറകെയായി സൂറഃ അൽമുസ്സമ്മിലും അവതരിച്ചു:

"ഹേ, വസ്ത്രം കൊണ്ട് മൂടിയവനേ! രാത്രി അൽപസമയം ഒഴിച്ച് എഴുന്നേറ്റ് നിന്ന് പ്രാർഥിക്കുക. അതിന്റെ (രാത്രിയുടെ) പകുതി, അല്ലെങ്കിൽ അതിൽ നിന്നു (അൽപം) കുറച്ചു കൊള്ളുക. അല്ലെങ്കിൽ അതിനെക്കാൾ വർധിപ്പിച്ചു കൊള്ളുക. ക്വുർആൻ സാവകാശത്തിൽ പാരായണം നടത്തുകയും ചെയ്യുക" (അൽമുസ്സമ്മിൽ:1-4).

'ഇക്റഅ്' എന്ന കൽപനയിലൂടെ നബിയും 'എഴുന്നേൽക്കൂ, താക്കീത് ചെയ്യൂ' എന്ന കൽപനയിലൂടെ റസൂലും ആയി മാറി എന്നർഥം. ക്വിയാമുല്ലൈൽ (രാത്രി നമസ്കാരം) ആദ്യകാലങ്ങളിൽ നബിയെ സംബന്ധിച്ചടത്തോളം നിർബന്ധമായ കാര്യം ആയിരുന്നു. കാലിൽ നീരുവരുമാറ് നബിﷺ ആ നമസ കാരം തുടരുകയും ചെയ്തിട്ടുണ്ട്. പിന്നീടാണ് അത് ഐച്ഛികമായി നിശ്ചയിക്കപ്പെട്ടത്:

"നീയും നിന്റെ കൂടെയുള്ളവരിൽ ഒരു വിഭാഗവും രാത്രിയുടെ മിക്കവാറും മൂന്നിൽ രണ്ടു ഭാഗവും (ചിലപ്പോൾ) പകുതിയും (ചിലപ്പോൾ) മൂന്നിലൊന്നും നിന്നു നമസ്കരിക്കുന്നുണ്ട് എന്ന് തീർച്ചയായും നിന്റെ രക്ഷിതാവിന്നറിയാം. അല്ലാഹുവാണ് രാത്രിയെയും പകലിനെയും കണക്കാക്കുന്നത്. നിങ്ങൾക്ക് അത് ക്ലിപ്തപ്പെടുത്താനാവുകയില്ലെന്ന് അവന്നറിയാം. അതിനാൽ അവൻ നിങ്ങൾക്ക് ഇളവ് ചെയ്തിരിക്കുന്നു..." (അൽമുസ്സമ്മിൽ: 20).

സഅ്ദുബ്നു ഹിശാംؓ നബിﷺയുടെ നമസ്കാരത്തെ കുറിച്ച് ചോദിച്ചപ്പോൾ ആഇശؓ ഇപ്രകാരം മറുപടി പറഞ്ഞു: "സൂറതു മുസ്സമ്മിൽ നീ ഓതാറില്ലേ?" അദ്ദേഹം പറഞ്ഞു: "അതെ, ഓതാറുണ്ട്." അപ്പോൾ ആഇശؓ പറഞ്ഞു: "ഈ സൂറത്ത് ഇറങ്ങിയ ആദ്യ സന്ദർഭത്തിൽ അല്ലാഹു നബിക്ക് ക്വിയാമുല്ലൈൽ നിർബന്ധമാക്കിയിരുന്നു. അങ്ങനെ ഒരുവർഷത്തോളം നബിയും സ്വഹാബികളും അത് നിർവഹിച്ചു. അതിനുശേഷം ഈ സൂറത്തിന്റെ അവസാനത്തിൽ ലഘൂകരണ വചനങ്ങൾ അല്ലാഹു അവതരിപ്പിച്ചു. അതോടുകൂടി നിർബന്ധത്തിനു ശേഷം ഐച്ഛികമായി അത് മാറി" (മുസ്‌ലിം: 746).

ചുരുക്കത്തിൽ, വ്യത്യസ്ത ഘട്ടങ്ങളിലൂടെ പ്രവാചകത്വത്തിന്റെ തുടക്കം കടന്നുപോയി. മുഹമ്മദ് നബിﷺക്ക് പ്രവാചകത്വം എന്ന വലിയ ഉത്തരവാദിത്തം ലോകത്തിന് താക്കീത് നൽകുവാൻ വേണ്ടി അല്ലാഹു തആലാ ഏൽപിച്ചു:

"തന്റെ ദാസന്റെമേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ക്വുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനു വേണ്ടിയത്രെ അത്" (അൽഫുർക്വാൻ: 1). **(അവസാനിച്ചില്ല)**



അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

കവർ സ്റ്റോറി

# വംശീയത, വർഗീയത ക്വുർആനിക നിലപാട്

**സ്വന്തത്തിനെയല്ലാതെ ഒന്നിനെയും ഉൾക്കൊള്ളാൻ കഴിയാത്ത ദുരവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ് ലോകമിന്ന്. സംഘടിക്കുന്നത് പോലും മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കാനെന്ന തരത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന സമൂഹത്തിനോട് ഇസ്‌ലാമിന് പറയാനുള്ളതെന്ത്? ക്വുർആനിന്റെ ഈ രംഗത്തുള്ള അധ്യാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രതിപാദനം.**

ആധുനിക ലോകം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ് വംശീയതയും വർഗീയതയും. വികസിത, വികസ്വര, ദരിദ്ര രാഷ്ട്രങ്ങൾ ഒരുപോലെ അനുഭവിക്കുന്ന ഒരു പ്രതിസന്ധി ഉണ്ടെങ്കിൽ അത് വർഗീയതയുടെയും വംശീയതയുടെയും വിഷയമായിരിക്കും. മനുഷ്യർ തിങ്ങിപ്പാർക്കുന്ന എല്ലാ ഭൂപ്രദേശങ്ങളിലും ഇന്ന് ഈ ഒരു വിഷയം ചർച്ചയാണ്. 2017ൽ അമേരിക്കയിൽ മാത്രം 7100 വംശീയ അതിക്രമങ്ങൾ നടന്നു എന്നാണ് ഈയിടെ മാധ്യമങ്ങൾ പുറത്തുവിട്ട വാർത്ത. 2016നെ അപേക്ഷിച്ച് 16 ശതമാനം വളർച്ച ഉണ്ടായി എന്നതാണ് കണക്ക്. അതിൽ മുസ്‌ലിംകൾക്കെതിരെ 300 വംശീയാതിക്രമങ്ങൾ നടന്നു എന്നും കണക്കുകൾ തെളിയിക്കുന്നു.

തൊലി കറുത്തു പോയതിന്റെ പേരിൽ വിദ്യാഭ്യാസ, രാഷ്ട്രീയ, കായികരംഗങ്ങളിലെല്ലാം കടുത്ത വിവേചനമാണ് പല ആളുകളും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. യുഎസിൽ റോഡ് മുറിച്ചുകടക്കുമ്പോൾ അപകടത്തിൽ പെടുന്നവർ അധികവും കറുത്ത വിഭാഗക്കാരാണ് എന്നത് ശ്രദ്ധയിൽ പെട്ടപ്പോൾ അതിനെക്കുറിച്ച് അന്വേഷണം നടത്തിയ ഏജൻസികൾ കണ്ടെത്തിയത് വർണവിവേചനമാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചത് എന്നതാണ്. ഭാഷയുടെ പേരിൽ മനുഷ്യർ ഭിന്നിക്കുന്ന അവസ്ഥ ലോകത്ത് ഇന്ന് ഉണ്ടല്ലോ. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ഭാഷയുടെ അടിസ്ഥാനത്തിലാണ് രൂപം കൊണ്ടിട്ടുള്ളത് എന്നുള്ളത് നമുക്കറിയാം. ജാതീയതയുടെ പേരിൽ എന്തൊക്കെയാണ് നമ്മുടെ നാടുകളിൽ നടന്നുകൊണ്ടിരിക്കുന്നത്? ഒട്ടേറെ ജാതി സംഘടനകൾ കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു! പശുവിന്റെ പേരിൽ പോലും കടുത്ത അക്രമങ്ങളാണ് നമ്മുടെ സംസ്ഥാനങ്ങളിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. അഖ്‌ലാക് മുതൽ അട്ടപ്പാടിയിലെ മധു വരെയുള്ള, ആൾക്കൂട്ട അക്രമത്തിന്റെ ഇരകളുടെ ലിസ്റ്റുകൾ നമ്മൾ കേട്ടു കഴിഞ്ഞതാണ്.

മനുഷ്യരെ മനുഷ്യരായി കാണാൻ കഴിയുന്നില്ല എന്നുള്ളതാണ് ഇവിടെ ഏറ്റവും വലിയ പ്രശ്നം. നാടിന്റെയും നിറത്തിന്റെയും ഭാഷയുടെയും മതത്തിന്റെയും വ്യത്യാസങ്ങൾക്കനുസരിച്ച് കടുത്ത വിവേചനമാണ് ലോകത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ഇസ്‌ലാമിന്റെ നിലപാട് ഏറെ പ്രസക്തമാവുകയാണ്.

മനുഷ്യർ എന്നുള്ള നിലയിൽ മാനവർക്കിടയിൽ യാതൊരു വ്യത്യാസവും പാടില്ല എന്നുള്ള കാഴ്ചപ്പാടാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. ക്വുർആനിന്റെ ഒന്നാമത്തെ അധ്യായം മുതൽ അവസാന അധ്യായം വരെ ഈ ഒരു സന്ദേശമാണ് നിറഞ്ഞുനിൽക്കുന്നത്. ഒന്നാം അധ്യായത്തിലെ രണ്ടാമത്തെ വചനം തന്നെ 'ലോകരക്ഷിതാവിന് സർവസ്തുതികളും' എന്നതാണ്. അറബികളുടെ രക്ഷിതാവ് എന്നോ മുസ്‌ലിംകളുടെ പടച്ചവൻ എന്നോ അല്ല. അത്തരം കാഴ്ചപ്പാടുകൾ മനുഷ്യരിൽ വിഭാഗീയത സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.

ലോകത്തിന്റെ നാഥൻ ഭൂമിയിലേക്ക് പറഞ്ഞയച്ച പ്രവാചകനെ കുറിച്ച് ക്വുർആൻ പറയുന്നത് മുഴുവൻ ജനങ്ങൾക്കും ഉള്ള പ്രവാചകൻ എന്നാണ്:

“നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല” (സബഅ്: 28).

ആ പ്രവാചകൻ ലോകർക്കാകമാനം കാരുണ്യമാണ്: “ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല” (അൽഅമ്പിയാഅ്: 107).

മുസ്‌ലിംകൾക്ക് മാത്രമുള്ള പ്രവാചകനെന്നോ അറബികൾക്ക് മാത്രമുള്ള പ്രവാചകൻ എന്നോ അല്ല മുഹമ്മദ് നബിﷺയെ ക്വുർആൻ പരിചയപ്പെടുത്തിയിട്ടുള്ളത്. ലോകത്ത് ജീവിക്കുന്ന മുഴുവൻ മനുഷ്യർക്കുമുള്ള പ്രവാചകനാണ് അദ്ദേഹം. ലോകത്തിന്റെ പ്രവാചകൻ കൊണ്ടുവന്ന വേദഗ്രന്ഥമായ ക്വുർആനിനെ കുറിച്ചും അങ്ങനെ തന്നെയാണ് ഇസ്‌ലാം പരിചയപ്പെടുത്തിയിട്ടുള്ളത്. ജനങ്ങൾക്കു മൊത്തത്തിലുള്ള മാർഗനിർദേശവും സന്മാർഗ ദർശനവുമാണ് ക്വുർആൻ. മുസ്‌ലിംകളുടെ മാത്രം വേദഗ്രന്ഥമല്ല ക്വുർആൻ. ലോകത്ത് ജീവിക്കുന്ന മുഴുവൻ മനുഷ്യർക്കും വേണ്ടിയാണ് അല്ലാഹു ക്വുർആൻ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ ദേശ, ഭാഷ, വർണ വ്യത്യാസമില്ല. ഏവർക്കും ഒരുപോലെ സ്വീകരിക്കാവുന്ന വേദഗ്രന്ഥം.



**മനുഷ്യർ എന്നുള്ള നിലയിൽ മാനവർക്കിടയിൽ യാതൊരു വ്യത്യാസവും പാടില്ല എന്നുള്ള കാഴ്ചപ്പാടാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. ക്വുർആനിന്റെ ഒന്നാമത്തെ അധ്യായം മുതൽ അവസാന അധ്യായം വരെ ഈ ഒരു സന്ദേശമാണ് നിറഞ്ഞുനിൽക്കുന്നത്. ഒന്നാം അധ്യായത്തിലെ രണ്ടാമത്തെ വചനം തന്നെ 'ലോകരക്ഷിതാവിന് സർവസ്തുതികളും' എന്നതാണ്. അറബികളുടെ രക്ഷിതാവ് എന്നോ മുസ്‌ലിംകളുടെ പടച്ചവൻ എന്നോ അല്ല. അത്തരം കാഴ്ചപ്പാടുകൾ മനുഷ്യരിൽ വിഭാഗീയത സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.**

കറുത്തവരേ, വെളുത്തവരേ, അറബികളേ, അനറബികളേ എന്ന ഒരു വിളി ക്വുർആനിൽ എവിടെയും നമുക്ക് കാണുക സാധ്യമല്ല. മനുഷ്യരേ എന്നാണ് ക്വുർആനിന്റെ ആദ്യത്തെ അഭിസംബോധന. ക്വുർആനിലെ അവസാന അധ്യായത്തിൽ ജനങ്ങളുടെ ആരാധ്യൻ, ജനങ്ങളുടെ രക്ഷിതാവ്, ജനങ്ങളുടെ ഉടമസ്ഥൻ എന്നൊക്കെയാണ് അല്ലാഹുവിനെ പരിചയപ്പെടുത്തിയിട്ടുള്ളത്. ക്വുർആൻ ആദ്യാവസാനം മനുഷ്യർക്ക് വേണ്ടിയുള്ളതാണ് എന്ന കാര്യം അതിന്റെ വചനങ്ങളും അധ്യായങ്ങളും സാക്ഷ്യപ്പെടുത്തുന്നുണ്ട് എന്ന് സാരം.

മുഴുവൻ മനുഷ്യരുടെയും പ്രശ്നങ്ങൾക്കും അവരുടെ പ്രയാസങ്ങൾക്കുമുള്ള പരിഹാര നിർദേശങ്ങളാണ് ക്വുർആൻ മുന്നോട്ടു വച്ചിട്ടുള്ളത്. അക്രമവും അനീതിയും ആര് കാണിച്ചാലും തുല്യനീതിയാണ് നടപ്പിലാക്കേണ്ടത്. അക്രമിയുടെ മതമോ ഭാഷയോ നാടോ ഒന്നും ഇസ്‌ലാം ഈ വിഷയത്തിൽ പരിഗണിക്കുന്നില്ല. അല്ലാഹു പറയുന്നത് നോക്കൂ:

"അക്കാരണത്താൽ ഇസ്‌റഈൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകുകയുണ്ടായി: മറ്റൊരാളെ കൊന്നതിന് പകരമായോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു" (അൽമാഇദ: 32).

ഒരു മുസ്‌ലിമിനെ കൊന്നാൽ എന്നോ അതല്ലെങ്കിൽ ഒരു അറബിയെ കൊന്നാൽ എന്നോ അല്ല ഈ വചനത്തിലുള്ളത്. ഏതു മനുഷ്യനെ അന്യായമായി കൊന്നാലും അവൻ മുഴുവൻ മനുഷ്യരെയും കൊന്നതിന് തുല്യമാണ് എന്ന മാനവികതയുടെ അത്യുന്നതമായ ആശയമാണ് ഈ സൂക്തം ലോകത്തോട് വിളിച്ചു പറയുന്നത്. അതേസമയം ഒരു ജൂതനെ കൊന്നാൽ അവൻ മുഴുവൻ മനുഷ്യരെയും കൊന്നവനെ പോലെയാണ് എന്ന വംശീയതയുടെയും വർഗീയതയുടെയും സന്ദേശങ്ങളാണ് 'തൽമൂദി'ൽ നമുക്ക് കാണാനാവുക.

മനുഷ്യർ എന്ന നിലയിൽ നാം ഒന്നാണ് എന്ന സന്ദേശം ക്വുർആൻ അടിക്കടി മനുഷ്യരെ ഓർമപ്പെടുത്തുന്നുണ്ട്. മനുഷ്യരുടെ സൃഷ്ടിപ്പ് ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമാണ് എന്ന, അഥവാ മനുഷ്യരുടെ മാതാവും പിതാവും ഒന്നാണ് എന്ന അതുല്യമായ മാനവികതയുടെ കാഴ്ചപ്പാടാണ് ലോകത്തിനു മുന്നിലേക്ക് ഇസ്‌ലാം വച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ വർമ, വർഗ, ജാതി, രാഷ്ട്ര വിവേചനങ്ങൾക്കപ്പുറം മുഴുവൻ മനുഷ്യരെയും ഒന്നായി കാണുവാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്. അല്ലാഹു പറയുന്നു:

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു..." (അൽ ഹുജുറാത്ത്: 13).

ഒരു മനുഷ്യന്റെ മൂല്യം അളക്കേണ്ടത് അവന്റെ ജാതിയോ നാടോ ഭാഷയോ കുടുംബമോ നോക്കിയല്ല, സ്രഷ്ടാവിന്റെ മുമ്പിലുള്ള അവന്റെ കീഴ്പ്പെടലും അവന്റെ ജീവിതത്തിലെ സൂക്ഷ്മതയും നോക്കിയാണ് എന്നതാണ് ക്വുർആനിക കാഴ്ചപ്പാട്. അല്ലാഹു പറയുന്നു:

"...തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങ



**ഒരു മുസ്‌ലിമിനെ കൊന്നാൽ എന്നോ അതല്ലെങ്കിൽ ഒരു അറബിയെ കൊന്നാൽ എന്നോ അല്ല ക്വുർആനിലുള്ളത്. ഏതു മനുഷ്യനെ അന്യായമായി കൊന്നാലും അവൻ മുഴുവൻ മനുഷ്യരെയും കൊന്നതിന് തുല്യമാണ് എന്ന മാനവികതയുടെ അത്യുന്നതമായ ആശയമാണ് ക്വുർആൻ ലോകത്തോട് വിളിച്ചു പറയുന്നത്. അതേസമയം ഒരു ജൂതനെ കൊന്നാൽ അവൻ മുഴുവൻ മനുഷ്യരെയും കൊന്നവനെ പോലെയാണ് എന്ന വംശീയതയുടെയും വർഗീയതയുടെയും സന്ദേശങ്ങളാണ് 'തൽമൂദി'ൽ നമുക്ക് കാണാനാവുക.**

ളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (അൽഹുജുറാത്ത് 13).

വംശീയതയുടെയും വിഭാഗീയതയുടെയും വർഗീയതയുടെയും വേരറുത്തുമാറ്റുന്ന മഹത്തായ സന്ദേശമാണ് ഇത് നൽകുന്നത്.

കുടുംബമഹിമ ഒരു മനുഷ്യന്റ മഹത്ത്വത്തിന് അടിസ്ഥാന കാരണമല്ല എന്നുള്ളത് ഇസ്‌ലാം പഠിപ്പിക്കുന്ന മഹത്തായ പാഠമാണ്. ക്വുർആനിൽ ആദ്യമായി അവതരിപ്പിക്കപ്പെട്ട അധ്യായങ്ങളിൽ തന്നെ പ്രവാചകന്റെ പ്രത്യവ്യനായിരുന്ന അബൂലഹബിനെ കഠിനമായി ആക്ഷേപിച്ചത് കാണാം. ഈ വിഷയത്തിൽ ഒരു അധ്യായം തന്നെ ക്വുർആനിൽ അവതരിപ്പിക്കപ്പെടുകയുണ്ടായി. പ്രവാചകന്റെ അടുത്ത കുടുംബക്കാരനായതു മൂലം അദ്ദേഹത്തിന് യാതൊരുവിധ മഹത്ത്വവും ഉണ്ടായിട്ടില്ല എന്നുള്ളത് ലോകത്തെ പഠിപ്പിക്കുകയാണ് ഈയൊരു അധ്യായം ചെയ്യുന്നത്.

മനുഷ്യരെ മാനവികതയുടെയും സാഹോദര്യത്തിന്റെയും ഉദാത്ത മൂല്യങ്ങളുടെയും വക്താക്കളാക്കിത്തീർക്കുവാൻ ക്വുർആൻ എത്ര മാത്രം ഇടപെട്ടിട്ടുണ്ട് എന്നുള്ളത് വായിച്ചെടുക്കുവാൻ അറബികളുടെ മുൻകാല ചരിത്രം പഠിച്ചാൽ മതിയാകും. നിസ്സാര കാര്യങ്ങൾക്കു പോലും വർഷങ്ങളോളം പോരടിക്കുകയും കുടുംബമഹിമയും തറവാട് പൊലിമയും പറഞ്ഞു തലക്കനം നടിക്കുകയും ചെയ്തിരുന്ന അറബികളെ, ഒരു മാലയിലെ മുത്തുമണികൾ പോലെ ഐക്യപ്പെട്ട് സാഹോദര്യത്തിന്റെ ഉന്നതങ്ങളിലേക്ക് നയിച്ചത് അല്ലാഹു ചെയ്ത വലിയ അനുഗ്രഹമാണ്. ഇസ്‌ലാമിക പ്രമാണങ്ങൾ പിൻപറ്റിയുള്ള ജീവിതമാണ് അവരെ അതിന് പ്രാപ്തരാക്കിയത്. ഈയൊരു കാര്യം അല്ലാഹു ഉണർത്തുന്നത് കാണുക:

"നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ടതിൽ നിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തി. അപ്രകാരം അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു; നിങ്ങൾ നേർമാർഗം പ്രാപിക്കുവാൻ വേണ്ടി" (ആലുഇംറാൻ: 103).

ഭാഷയുടെ പേരിൽ മനുഷ്യർ തമ്മിലടിക്കുമ്പോൾ, ഭാഷാവൈവിധ്യം അല്ലാഹുവിന്റെ ദൃഷ്ടാന്തമാണ് എന്നു പഠിപ്പിച്ച് അതിനെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുകയാണ് ക്വുർആൻ ചെയ്യുന്നത്. ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ട

**നിസ്സാര കാര്യങ്ങൾക്കു പോലും വർഷങ്ങളോളം പോരടിക്കുകയും കുടുംബമഹിമയും തറവാട് പൊലിമയും പറഞ്ഞു തലക്കനം നടിക്കുകയും ചെയ്തിരുന്ന അറബികളെ, ഒരു മാലയിലെ മുത്തുമണികൾ പോലെ ഐക്യപ്പെട്ട് സാഹോദര്യത്തിന്റെ ഉന്നതങ്ങളിലേക്ക് നയിച്ചത് അല്ലാഹു ചെയ്ത വലിയ അനുഗ്രഹമാണ്. ഇസ്‌ലാമിക പ്രമാണങ്ങൾ പിൻപറ്റിയുള്ള ജീവിതമാണ് അവരെ അതിന് പ്രാപ്തരാക്കിയത്.**



മനുഷ്യരിൽ ഇത്ര മാത്രം വ്യത്യാസങ്ങൾ എങ്ങനെയുണ്ടായി? ചുണ്ടുകളും നാവുകളും ഒരേപോലുള്ളതായിട്ടുപോലും ഈ ഭാഷ വൈവിധ്യങ്ങൾ എവിടെനിന്ന് വന്നു? ഒരു ഭാഷയിൽ തന്നെ വ്യത്യസ്തമായ ശൈലികൾ! വ്യത്യസ്തമായ പ്രയോഗങ്ങൾ! ഏറെ അത്ഭുതകരം തന്നെ! ഇക്കാര്യങ്ങൾ ചിന്തിച്ചു മനസ്സിലാക്കി അത് ഉൾക്കൊണ്ട് അല്ലാഹുവിന്റെ മഹത്ത്വം തിരിച്ചറിയുകയാണ് വേണ്ടത്. അല്ലാഹുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

"ആകാശഭൂമികളുടെ സൃഷ്ടിയും നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (അർറൂം: 22).

വൈജാത്യങ്ങൾ വികാരത്തിനല്ല വിചാരത്തിനാണ് ഹേതുവാകേണ്ടത് എന്ന കാഴ്ചപ്പാടാണ് ക്വുർആൻ മുന്നോട്ടു വച്ചിട്ടുള്ളത്.

ഈയൊരു സന്ദേശം ഹൃദയങ്ങളിലേക്ക് ആവാഹിച്ച് അതിലൂടെ വർഗീയ, വംശീയ മുക്തവും മാനവികമൂല്യങ്ങൾ പൂർണമായും ഉൾക്കൊണ്ടതുമാ

യ ഒരു ജനത മക്കയിലും മദീനയിലുമായി ഉദയം കൊള്ളുകയായിരുന്നു. ബാഹ്യമായ ആരാധനാ കർമങ്ങളിലും മനുഷ്യരെ ഒന്നാക്കി നിർത്തുവാൻ ഇസ്ലാം ശ്രദ്ധിച്ചിട്ടുണ്ട്. അഞ്ചുനേരവും നമസ്കാരത്തിന് വേണ്ടി പള്ളിയിൽ നിന്ന് ബാങ്കുവിളി ഉയർന്നുകൊണ്ടിരിക്കുന്നു. 'നമസ്കാരത്തിലേക്ക് വരൂ... വിജയത്തിലേക്ക് വരൂ...' എന്നതാണ് പള്ളി മിനാരങ്ങളിൽ നിന്നും മുഴങ്ങിക്കേൾക്കുന്നത്. ഭരണാധികാരികൾക്കും ഭരണീയർക്കും വേറെ വേറെ വിളികളില്ല. കറുത്തവനും വെളുത്തവനും വേറെ വേറെ ബാങ്കൊലികൾ മുഴങ്ങുന്നില്ല. എല്ലാവർക്കും ഒറ്റ വിളി മാത്രം. ആ വിളി കേട്ട് പള്ളിയിൽ എത്തുന്നവർ -അത് ഭരണാധികാരിയാണെങ്കിലും പാവപ്പെട്ടവനാണെങ്കിലും - ഒരേ വരിയിൽ തോളോട് തോൾചേർന്ന് അല്ലാഹുവിന് മുമ്പിൽ നിൽക്കുന്ന ആ രംഗം...ലോകത്ത് വർണ-വർഗ വിവേചനത്തിന് വേണ്ടി അധ്വാനിക്കുന്നവർ കാണേണ്ട കാഴ്ചതന്നെയാണത്! ലക്ഷക്കണക്കിന് മുസ്ലിംകൾ പങ്കെടുക്കുന്ന ഹജ്ജ് കർമത്തിലും യാതൊരുവിധ വ്യത്യാസങ്ങൾ കൽപിക്കലും നമുക്ക് കാണാൻ സാധ്യമല്ല. ധരിക്കുന്ന വസ്ത്രത്തിൽ പോലും ഏകരൂപം!

സ്വജനപക്ഷപാതിത്വം സമൂഹത്തിൽ വിവേചനം വളർത്തും എന്നതിനാൽ വളരെ ഗൗരവത്തോടെയാണ് അതിനെതിരെ ഇസ്ലാം ശബ്ദിച്ചത്. മഖ്സൂമിയ്യ ഗോത്രത്തിൽപെട്ട ഒരു സ്ത്രീ കളവ് നടത്തിയപ്പോൾ ആ ഗോത്രക്കാർ, അവരിൽപെട്ട ഒരു പെണ്ണിന്റെ കൈ മുറിക്കപ്പെടാതിരിക്കാൻ പ്രവാചകന്റെയടുക്കൽ ശുപാർശ പറയുവാൻ വേണ്ടി പ്രവാചകന് ഇഷ്ടപ്പെട്ട ഉസാമയുടെ അടുക്കൽ ചെന്ന് പറഞ്ഞ് അദ്ദേഹം ഈ വിഷയത്തിൽ പ്രവാചകനോട് സംസാരിക്കണം എന്നവർ ആഗ്രഹിച്ചു. ഇതുകേട്ട പ്രവാചകന്റെപ്രതികരണം ഇതായിരുന്നു: "എന്റെ മകൾ ഫാത്വിമയാണ് കളവ് നടത്തിയതെങ്കിൽ പോലും അവളുടെ കൈ ഞാൻ മുറിച്ചുകളയുക തന്നെ ചെയ്യും!"

തന്റെ കുടുംബത്തെ മുഴുവനും വിളിച്ചുവരുത്തി നിങ്ങളെന്റെ കുടുംബക്കാരാണ് എന്നതുകൊണ്ട് പരലോകത്ത് നിങ്ങൾക്കുവേണ്ടി ഒന്നും ചെയ്തു തരുവാൻ എനിക്ക് സാധിക്കുകയില്ല എന്ന് പ്രവാചകൻ ഉണർത്തിയത് ചരിത്രത്തിൽ കാണാൻ കഴിയും.

മനുഷ്യരുടെ രൂപങ്ങളിലേക്കോ ശരീരങ്ങളിലേക്കോ അല്ല അല്ലാഹു നോക്കുന്നത് പ്രത്യുത, അവരുടെ ഹൃദയങ്ങളിലേക്കാണ് (മുസ്ലിം 2564) എന്ന ഹദീസ് ലോകത്തിനു നൽകുന്ന സന്ദേശം വലുതാണ്.

പ്രവാചകൻﷺ വളർത്തിയെടുത്ത സമൂഹത്തിൽ വ്യത്യസ്ത നാട്ടുകാരും നിറക്കാരും തരക്കാരും ഉണ്ടായിരുന്നെങ്കിലും അവരെ ഒരേ മനസ്സുള്ളവരാക്കി മാറ്റുവാൻ പ്രവാചകന് കഴിഞ്ഞിട്ടുണ്ട്. സമ്പന്നനായ ഉസ്മാനുംؓ സാധുവായ അബൂഹുറയ്റؓയും അവരിലുണ്ടായിരുന്നു. ക്വുറൈശി ഗോത്രക്കാരനായ അബൂബക്റുംؓ ഭൃത്യനായ അനസുംؓ പ്രവാചകാനുയായികളായി സന്തോഷത്തോടെ ജീവിച്ചിട്ടുണ്ട്. കറുത്ത നിറക്കാരനായ ബിലാലിؓന് സ്വഹാബികൾക്കിടയിൽ ഉണ്ടായിരുന്ന സ്ഥാനം അതുല്യമായിരുന്നു. ഒരിക്കൽ കഅ്ബ പ്രദക്ഷിണത്തിനിടെ (ത്വവാഫ്) കരയുന്ന സൈനുൽ ആബിദീനെ ؓ കണ്ടപ്പോൾ അസ്മാഅ് ചോദിച്ചു: 'നിങ്ങൾ എന്തിനു കരയണം; പേടിക്കണം? നിങ്ങൾ പ്രവാചകന്റെ കുടുംബക്കാരനല്ലേ?' അദ്ദേഹം മറുപടി കൊടുത്തു: 'അല്ലാഹു സ്വർഗം പടച്ചിരിക്കുന്നത് അവനെ അനുസരിക്കുന്നവർക്ക് വേണ്ടിയാണ്. അതൊരു അബിസീനിയക്കാരനായ അടിമ ആണെങ്കിലും ശരി. അവൻ നരകം പടച്ചിരിക്കുന്നത് അവനെ ധിക്കരിക്കുന്നവർക്കു വേണ്ടിയാണ്. അവർ ക്വുറൈശി ആയിരുന്നാലും ശരി.'

'ഇസ്ലാമിന്റെ വർഗീയ മുക്ത, മാനവിക സന്ദേശം അനുയായികൾ എത്രമാത്രം ഉൾക്കൊണ്ടിട്ടുണ്ട് എന്ന് തെളിയിക്കുന്ന ചരിത്രത്തിലെ ചില സംഭവങ്ങളാണിവ. ലോകത്തിന്റെ പ്രവാചകൻ തന്റെ അറഫാ പ്രഭാഷണത്തിൽ ലോകത്തോട് നൽകിയ വലിയ സന്ദേശങ്ങളിൽ ഒന്നായിരുന്നു; ഒരു അറബിക്ക് അനറബിയെക്കാളോ കറുത്തവന് വെളുത്തവനെക്കാളോ യാതൊരു പ്രത്യേകതയുമില്ല, അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുന്നവർക്കാണ് അവസാന വിജയമുണ്ടാവുക' എന്ന മഹത്തായ സന്ദേശം.

വർഗീയതയ്ക്ക് വേണ്ടി കൊല്ലപ്പെടുന്നതും കൊലചെയ്യുന്നതും ജാഹിലിയ്യത്തിന്റെ സ്വഭാവമാണ് എന്ന് പ്രവാചകൻ പഠിപ്പിച്ചു (മുസ്ലിം).

ചുരുക്കത്തിൽ വംശീയതയും വർഗീയതയും കളിയാടുന്ന ആധുനികലോകത്തിന്റെ മുന്നിൽ മാനവിക സ്നേഹത്തിന്റെ അതുല്യമായ സന്ദേശങ്ങളാണ് ഇസ്ലാമിക പ്രമാണങ്ങൾ ഉയർത്തിപ്പിടിക്കുന്നത്. വംശീയതക്കും ജാതീയതക്കും അതീതമായി, മനുഷ്യരെ മനുഷ്യരായി കാണുവാൻ കഴിയുന്ന ഒരു പ്രത്യയശാസ്ത്രത്തിനു മാത്രമെ വർഗീയതയെയും വിഭാഗീയതയെയും ആത്മാർഥമായി എതിർക്കുവാൻ സാധിക്കൂ എന്നുള്ളത് നാം വിസ്മരിക്കരുത്. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം




അധ്യായം: 83, ഭാഗം: 3

# മുത്വഫ്ഫിഫീൻ
## (അളവിൽ കമ്മി വരുത്തുന്നവർ)

മക്കയിൽ അവതരിച്ചത്

إِنَّ ٱلَّذِينَ أَجْرَمُوا۟
كَانُوا۟ مِنَ ٱلَّذِينَ ءَامَنُوا۟ يَضْحَكُونَ ﴿٢٩﴾
وَإِذَا مَرُّوا۟ بِهِمْ يَتَغَامَزُونَ ﴿٣٠﴾ وَإِذَا
ٱنقَلَبُوٓا۟ إِلَىٰٓ أَهْلِهِمُ ٱنقَلَبُوا۟ فَكِهِينَ ﴿٣١﴾
وَإِذَا رَأَوْهُمْ قَالُوٓا۟ إِنَّ هَٰٓؤُلَآءِ لَضَآلُّونَ

29. തീർച്ചയായും കുറ്റകൃത്യത്തിൽ ഏർപ്പെട്ടവർ സത്യവിശ്വാസികളെ കളിയാക്കി ചിരിക്കുമായിരുന്നു.
30. അവരുടെ (സത്യവിശ്വാസികളുടെ) മുമ്പിലൂടെ കടന്നുപോകുമ്പോൾ അവർ പരസ്പരം കണ്ണിട്ടു കാണിക്കുമായിരുന്നു.
31. അവരുടെ സ്വന്തക്കാരുടെ അടുക്കലേക്ക് തിരിച്ചുചെല്ലുമ്പോൾ രസിച്ചു കൊണ്ട് അവർ തിരിച്ചുചെല്ലുമായിരുന്നു.
32. അവരെ (സത്യവിശ്വാസികളെ) അവർ കാണുമ്പോൾ, തീർച്ചയായും ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെയാണ് എന്ന് അവർ പറയുകയും ചെയ്യുമായിരുന്നു.

| | |
|---|---|
| 33. അവരുടെ (സത്യവിശ്വാസികളുടെ) മേൽ മേൽനോട്ടക്കാരായിട്ട് അവർ നിയോഗിക്കപ്പെട്ടിട്ടൊന്നുമില്ല.<br>34. എന്നാൽ അന്ന് (ക്വിയാമത്ത് നാളിൽ) ആ സത്യവിശ്വാസികൾ സത്യനിഷേധികളെ കളിയാക്കി ചിരിക്കുന്നതാണ്.<br>35. സോഫകളിലിരുന്ന് അവർ നോക്കിക്കൊണ്ടിരിക്കും;<br>36. സത്യനിഷേധികൾ ചെയ്തുകൊണ്ടിരുന്നതിന് അവർക്ക് പ്രതിഫലം നൽകപ്പെട്ടുവോ എന്ന്. | وَإِذَا رَأَوْهُمْ قَالُوٓا۟ إِنَّ هَٰٓؤُلَآءِ لَضَآلُّونَ ﴿٣٢﴾ وَمَآ أُرْسِلُوا۟ عَلَيْهِمْ حَٰفِظِينَ ﴿٣٣﴾ فَٱلْيَوْمَ ٱلَّذِينَ ءَامَنُوا۟ مِنَ ٱلْكُفَّارِ يَضْحَكُونَ ﴿٣٤﴾ عَلَى ٱلْأَرَآئِكِ يَنظُرُونَ ﴿٣٥﴾ هَلْ ثُوِّبَ ٱلْكُفَّارُ مَا كَانُوا۟ يَفْعَلُونَ ﴿٣٦﴾ |

(29-30) സുകൃതവാന്മാരുടെയും കുറ്റവാളികളുടെയും പ്രതിഫലത്തെക്കുറിച്ച് പരാമർശിച്ചപ്പോൾ അവർക്കിടയിലുള്ള പ്രതിഫലത്തിന്റെ അന്തരവും വ്യക്തമാക്കി. കുറ്റവാളികൾ ഇഹലോക ജീവിതത്തിൽ വെച്ച് സത്യവിശ്വാസികളെ പരിഹസിച്ച് ചിരിക്കുകയായിരുന്നു. പരസ്പരം ഗോഷ്ഠി കാണിക്കുകയും ചെയ്യുമായിരുന്നു. അവർ അവരുടെ അരികിലൂടെ കടന്നുപോകുമ്പോൾ അവരെ മോശമാക്കുവാനും നിന്ദിക്കുവാനും വേണ്ടിയായിരുന്നു അത്. എന്നാൽ വിശ്വാസികൾ, നിർഭയത്വത്തോടെയും സാമാധാനത്തോടെയും നിൽക്കുന്നതായിരുന്നു അവരുടെ അവസ്ഥ.

(31-32) (അവരുടെ സ്വന്തക്കാരുടെ അടുക്കലേക്ക് തിരിച്ചു ചെല്ലുമ്പോൾ). രാവിലെയും വൈകുന്നേരവും (രസിച്ചുകൊണ്ടവർ തിരിച്ചു ചെല്ലുമായിരുന്നു). സന്തുഷ്ടരും സന്തോഷവാന്മാരുമായി.

ഏറ്റവും വലിയ വഞ്ചനയിലാണ് കുറ്റവാളികൾ അകപ്പെട്ടത്. അങ്ങേയറ്റത്തെ തിന്മയാണ് അവർ ഒരുമിച്ചുകൂട്ടിയത്. അല്ലാഹുവിന്റെ അടുക്കൽ നിന്നും അവർക്ക് രേഖയും ഉറപ്പും കിട്ടിയതു പോലെ അവർ ഇഹലോകത്ത് നിർഭയരായി. തങ്ങൾ സൗഭാഗ്യവാന്മാരാണെന്ന് അവർ സ്വയം വിധിച്ചു; വിശ്വാസികൾ പിഴച്ചവരാണെന്നും. അവർ അല്ലാഹുവിന്റെ മേൽ കളവ് പറയുകയും അറിയാത്തത് പറയാൻ ധൈര്യം കാണിക്കുകയും ചെയ്തു.

(33) (അവരുടെ (സത്യവിശ്വാസികളുടെ) മേൽ മേൽനോട്ടക്കാരായിട്ട് അവർ നിയോഗിക്കപ്പെട്ടിട്ടൊന്നുമില്ല). വിശ്വാസികളുടെ പ്രവർത്തനങ്ങൾ സദാ നിരീക്ഷിച്ച് അവരുടെ കാര്യം നോക്കാൻ അവർ നിയോഗിക്കപ്പെട്ടിട്ടില്ല. വഴികേടാരോപിക്കാൻ വരെ അവർ ധൈര്യം കാണിച്ചു. ഇത് അവരുടെ ധിക്കാരം മാത്രമാണ്. തെളിവോ അവലംബമോ ഇതിനവർക്കില്ല. അതിനാൽ അവരുടെ പ്രവർത്തനത്തിന്റെതായ ഫലം അവർക്ക് പരലോകത്തുണ്ട്.

(34 അല്ലാഹു പറയുന്നു: (എന്നാൽ അന്ന്) അതായത് ഉയിർത്തെഴുന്നേൽപ് നാളിൽ. (ആ സത്യവിശ്വാസികൾ സത്യനിഷേധികളെ കളിയാക്കി ചിരിക്കുന്നതാണ്). ശിക്ഷയുടെ വെപ്രാളത്തിൽ അവർ കിടന്ന് മറിയുന്നത് കാണുമ്പോൾ. അവർ മുമ്പ് ആരോപിച്ച് പറഞ്ഞതെല്ലാം വെറുതെയായിപ്പോകും.

(35) സത്യവിശ്വാസികളാകട്ടെ, സമാധാനത്തിന്റെയും സന്തോഷത്തിന്റെയും പാരമ്യതയിലായിരിക്കും. (സോഫകളിൽ ഇരുന്ന്) അലംകൃതമായ കട്ടിലുകളാണത്. (അവർ നോക്കിക്കൊണ്ടിരിക്കും) അല്ലാഹു അവർക്കൊരുക്കിയ സുഖാനുഗ്രഹങ്ങളിലേക്കും ഉദാരനായ തങ്ങളുടെ രക്ഷിതാവിന്റെ മുഖത്തേക്കും.

(36). (സത്യനിഷേധികൾ ചെയ്തുകൊണ്ടിരിക്കുന്നതിന് അവർക്ക് പ്രതിഫലം നൽകപ്പെടുമോ എന്ന്). അവർ ചെയ്ത പ്രവർത്തനങ്ങൾക്ക് തന്നെയല്ലേ പ്രതിഫലം ലഭിച്ചത്. അവർ സത്യവിശ്വാസികളെ പരിഹസിച്ച് ചിരിച്ചതിന്, വഴികേട് ആരോപിച്ചതിന് പരലോകത്ത് വെച്ച് സത്യവിശ്വാസികൾ പകരം ചിരിക്കും; അവർക്കുള്ള ശിക്ഷയും പ്രതികാര നടപടികളും കാണുമ്പോൾ. അതവരുടെ ദുഷ്പ്രവൃത്തികൾക്കും വഴികേടിനും ഉള്ള ശിക്ഷയാണ്.

അതെ, അവർ പ്രവർത്തിച്ചതിന്റെ ഫലം അവർക്കു കിട്ടി. അത് അല്ലാഹുവിന്റെ നീതിയാണ്, യുക്തിയാണ്. അല്ലാഹുവാകട്ടെ, അറിയുന്നവനും യുക്തിമാനുമാകുന്നു. ●

# വർഗീയതക്കെതിരെ കൂട്ടായ്മകൾ അനിവാര്യം: വിസ്ഡം സംസ്ഥാന പ്രതിനിധി സമ്മേളനം

കോഴിക്കോട്: വർഗീയതക്കെതിരെ മതേതര കൂട്ടായ്മകൾ പ്രാദേശികതലം മുതൽ വളർന്നുവരണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു. ജനുവരി 25ന് സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിൽ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും മതനേതാക്കളെയും അണിനിരത്തി മതേതര സംഗമങ്ങൾ സംഘടിപ്പിക്കാൻ പ്രതിനിധി സമ്മേളനം തീരുമാനിച്ചു. രാജ്യം ഗുരുതരമായ സ്ഥിതിവിശേഷത്തിലൂടെ കടന്നുപോകുമ്പോൾ രാഷ്ട്രത്തിന്റെ നിലനിൽപാണ് ഈ വർഷത്തെ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ മുമ്പിൽ വിഷയീഭവിക്കുന്നത്. ഭരണഘടനാ ശിൽപികളുടെ ഉദ്ദേശ്യശുദ്ധിയെ അനാദരിച്ചും അവസരവാദ നിലപാട് സ്വീകരിച്ചും പാർലമെന്റ് പാസാക്കിയ സംവരണം സംബന്ധിച്ച ബിൽ വിഷയത്തിൽ കോൺഗ്രസ്, സി.പി.ഐ.എം ഉൾപ്പെടെയുള്ള മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പിന്നാക്ക വിഭാഗങ്ങളോട് കാണിച്ച വഞ്ചനാപരമായ നിലപാട് തിരുത്തണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈ.പ്ര. കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷത വഹിച്ചു. ജന.സെക്രട്ടറി ടി.കെ അശ്‌റഫ് ആമുഖ പ്രസംഗം നടത്തി. അബൂബക്കർ സലഫി, കെ.സി അയ്യൂബ്, ഹുസൈൻ കാവനൂർ, ഹാരിസ്ബ്നു സലീം, ഫൈസൽ മൗലവി, നബീൽ രണ്ടത്താണി, പി.എം ഷാഹുൽ ഹമീദ് പ്രസംഗിച്ചു. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജന. സെക്രട്ടറി കെ.സജ്ജാദ്, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസി. മുനവ്വർ സ്വലാഹി, ബഷീർ കൊമ്പനടുക്കം, നസീർ വെള്ളേക്കാട്, നിസാർ കൊല്ലം, ജാബിർ ആലുവ, റഷീദ് കൊടക്കാട്ട്, ഇസ്മാഈൽ കിണവക്കൽ, ഫത്താഹ് മേപ്പാടി, അബൂബക്കർ കുട്ടി പുത്തൂർ, ശംസുദ്ദീൻ തൊടുപുഴ, സി.പി അബ്ദുള്ള, ടി.പി. അബ്ദുൽ അസീസ്, ഉമർ അത്തോളി എന്നിവർ കൗൺസിലിനെ അഭിസംബോധന ചെയ്തു.

## ഫാഷിസത്തിനെതിരെ കൈകോർക്കുക: വിസ്ഡം യൂത്ത്

കൊച്ചി: മതനിരപേക്ഷമൂല്യങ്ങളുടെ പ്രചാരണം വ്യാപകമാക്കിയും ജനാധിപത്യസംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിച്ചും ഫാഷിസ്റ്റ് ശക്തികൾക്കെതിരെയുള്ള ചെറുത്തുനിൽപ് ശക്തമാക്കണമെന്ന് 'ജനാധിപത്യം, ഫാഷിസം, മതനിരപേക്ഷത' പ്രമേയമാക്കി വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംഘടിപ്പിച്ച സംസ്ഥാന സെമിനാർ ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈ.പ്ര.കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. ജന.സെക്രട്ടറി ടി.കെ അശ്‌റഫ് അധ്യക്ഷനായി. എ.ഐ.സി.സി ജന. സെക്രട്ടറി കെ.സി.വേണുഗോപാൽ എം.പി, പന്ന്യൻ രവീന്ദ്രൻ. എസ്. ശർമ എം.എൽ.എ, മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി.എം. സാദിഖലി, സി.ആർ നീലകണ്ഠൻ, സി.പി. സലീം പ്രഭാഷണം നടത്തി. വിസ്ഡം യൂത്ത് ജന.സെക്രട്ടറി കെ.സജ്ജാദ്, പി.എൻ ശബീൽ, താജുദ്ദീൻ സ്വലാഹി, ഡോ.സി.മുഹമ്മദ് റാഫി, ജാബിർ വി.മൂസ, മുഹമ്മദലി, സുനു സുലൈമാൻ സംസാരിച്ചു.

## വിദ്യാഭ്യാസ വകുപ്പ് രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകമാവരുത്: വിസ്ഡം സ്റ്റുഡൻസ്

മുക്കം: രാഷ്ട്രീയ പാർട്ടികളുടെ ഇച്ഛകൾക്കനുസരിച്ച് പരീക്ഷാ നടപടി ക്രമങ്ങൾ മാറ്റി വിദ്യാഭ്യാസ വകുപ്പ് രാഷ്ട്രീയ കക്ഷികളുടെ ചട്ടുകങ്ങളായി മാറരുതെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ മുക്കം ഗ്രീൻ വാലി ക്യാമ്പസിൽ സംഘടിപ്പിച്ച സംസ്ഥാന പ്രതിനിധി സമ്മേളനം ആവശ്യപ്പെട്ടു. അടിക്കടി ഉണ്ടാകുന്ന ഹർത്താലും ബന്ദും വരുംതലമുറയുടെ വിദ്യാഭ്യാസ ഭാവിയാണ് തകരാറിലാക്കുന്നത്. സംസ്ഥാനത്തെ കോഴ്സുകൾ സമയക്രമം പാലിച്ച് പൂർത്തീകരിക്കാത്തതിനാൽ, രാജ്യത്തെ ഉന്നത കലാലയങ്ങളിലേക്കുള്ള വിദ്യാർഥികളുടെ പ്രവേശനം സാധ്യമാവാതെ വരികയാണ്. രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് സ്വതാൽപര്യങ്ങൾക്കനുസരിച്ച് പരീക്ഷകൾ മാറ്റിവെക്കുന്നത് നീതികരിക്കാവുന്നതല്ലെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

സമാപന സമ്മേളനം പി.വി അൻവർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കുവൈത്ത് കേരള ഇസ്‌ലാഹീ സെന്റർ വൈ.പ്ര. സക്കീർ മുഖ്യാതിഥിയായി. വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ സംസ്ഥാന വൈ.പ്ര. ഡോ. പി.പി നസീഫ് അധ്യക്ഷത വഹിച്ചു. സി.പി. സലീം, ടി.എം. സ്നേമൽ, പി. ലുബൈബ്, സി. മുഹാസ്, വി. സെലു അബൂബക്കർ, കെ.പി. ശിയാസ്, ത്വാഹാ റഷാദ്, ഇൻഷാദ് സ്വലാഹി, നിസാർ സ്വലാഹി തുടങ്ങിയവർ സംസാരിച്ചു.



# മെഴുകുതിരി പോലൊരു ജീവിതം

അഫ്‌വാന ബിൻത് ലത്വീഫ് (സൽസബീൽ, വെങ്കിടങ്ങ്)
mail@nerpatham.com

ബാലപഥം

ഒരു ഞായറാഴ്ച ദിവസം. രാവിലെ മുനീർ സാധനങ്ങൾ വാങ്ങാൻ കടയിലേക്ക് പോയതാണ്. പോകും വഴിയിൽ ചായക്കടയിൽ നിന്ന് ഒരു ബഹളം കേട്ടു. കടക്കാരൻ ഒരു വൃദ്ധനോട് ദേഷ്യപ്പെട്ട് സംസാരിക്കുന്നു. കച്ചവടക്കാരനും വൃദ്ധനുമല്ലാതെ മറ്റാരും അവിടെയില്ല. അവൻ അവിടെ ചെന്ന് കാര്യം തിരക്കി.

വൃദ്ധൻ പറഞ്ഞു: ''ഒരു ചായ കുടിച്ചതാണ് മോനേ. ചായയുടെ കാശ് കൊടുക്കാൻ എന്റ കയ്യിൽ ഇല്ല. അതിന്റെ പേരിലാ എന്നെ ഇയാൾ...'' വാക്കുകൾ പൂർത്തിയാക്കാനാകാതെ വൃദ്ധൻ കണ്ണുനീർ തുടച്ചു.

മുനീറിന് അയാളോട് ദയ തോന്നി. അവൻ പറഞ്ഞു: “ഇദ്ദേഹത്തിന് ഒരു ചായയും കഴിക്കാൻ എന്തെങ്കിലും കൊടുക്കൂ ഇക്കാ. കാശ് ഞാൻ തരാം.”

കടക്കാരൻ അവിശ്വസനീയമായി അവനെയൊന്ന് നോക്കി ചായയെടുക്കാൻ പോയി. വിശന്നു വലഞ്ഞിരുന്ന വൃദ്ധൻ ആർത്തിയോടെ ഭക്ഷണം കഴിക്കുന്നത് അവൻ നോക്കിനിന്നു. അവൻ പോക്കറ്റിൽനിന്ന് കാശെടുത്ത് കടക്കാരന് നൽകി. വൃദ്ധൻ സന്തോഷത്തോടെയും നന്ദിയോടെയും അവനെ നോക്കി.

അയാളെക്കുറിച്ച് ഓർത്തുകൊണ്ടാണ് മുനീർ സാധനങ്ങൾ വാങ്ങി മടങ്ങിയത്. അന്നേരമതാ അയാൾ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന പഴയ ഒരു കടയുടെ വരാന്തയിൽ കിടക്കുന്നു! അപ്പോഴാണ് മുനീർ വൃദ്ധനെ നന്നായി ശ്രദ്ധിക്കുന്നത്. കീറിപ്പറിഞ്ഞ വസ്ത്രം! കാലിൽ ചെരുപ്പുമില്ല!

മുനീർ പതുക്കെ അയാളുടെ അടുത്തേക്ക് ചെന്നു. അവൻ ചോദിച്ചു: “വല്ലിപ്പാ...!”

വൃദ്ധൻ പതിയെ കുഴിയിലാണ്ട കണ്ണുകൾ തുറന്ന് അവനെ നോക്കി.

“നിങ്ങളുടെ വീടെവിടെയാണ്? ഇപ്പോൾ എവിടെ നിന്നാണ് നിങ്ങൾ വരുന്നത്?” മുനീർ ചോദിച്ചു.

അയാൾ ഒന്നും മിണ്ടിയില്ല.

“പറയൂ വല്ലിപ്പാ...”മുനീർ ആവർത്തിച്ചു.

“മോനേ ഞാൻ എവിടനിന്നോ വരുന്നു. എങ്ങോട്ടാണ് പോകുന്നതെന്നും അറിയില്ല. മരിച്ച് വീഴുന്നതുവരെ ഇങ്ങനെ നടക്കും...” വിദൂരതയിലേക്ക് നോക്കിക്കൊണ്ട് വദ്ധൻ പറഞ്ഞു.

“നിങ്ങൾക്ക് വീടില്ലേ? ഭാര്യയും മക്കളുമില്ലേ?” മുനീർ ചോദിച്ചു.

അപ്പോൾ അയാൾ ചിലമ്പിച്ച സ്വരത്തിൽ പറഞ്ഞു: “മോനേ, ഭാര്യയും മക്കളുമൊക്കെയുണ്ട്.”

“എന്നിട്ടും നിങ്ങളെന്താ ഇങ്ങനെ ആരുമില്ലാത്ത പോലെ നടക്കുന്നത്?”

“എന്റെ നല്ല പ്രായത്തിൽ എനിക്ക് ഗൾഫിലേക്ക് പോകാൻ അവസരം കിട്ടി. ഒരുപാട് വർഷങ്ങൾ അവിടെ രാവും പകലും അധ്വാനിച്ച് ജീവിച്ചു. നാട്ടിൽ ഒരു വലിയ വീടുണ്ടാക്കി. രണ്ട് ആൺമക്കളിൽ ഒരാളെ പഠിപ്പിച്ച് എഞ്ചിനീയറും ഒരാളെ പഠിപ്പിച്ച് ഡോക്ടറുമാക്കി...”

“എന്നിട്ട്...?”

“എന്റെ ഭാര്യക്കും മക്കൾക്കും ആദ്യമൊക്കെ എന്നോട് വലിയ സ്നേഹമായിരുന്നു. കാലം കഴിയും തോറും സ്നേഹം കുറഞ്ഞ് കൊണ്ടിരുന്നു. വയസ്സായതോടെ ഞാൻ ഗൾഫിൽനിന്ന് മടങ്ങി. അതോടെ എന്നെയൊരു ഭാരമായി അവർ കണ്ടു... എന്റെ പക്കൽ കാശൊന്നും ബാക്കിയില്ലെന്നറിഞ്ഞപ്പോൾ എന്നോട് ദേഷ്യമായി. കാര്യങ്ങൾ തീരുമാനിക്കുമ്പോൾ എന്നെ അറിയിക്കാതായി. കുത്തുവാക്കുകൾ കൊണ്ട് എന്നെ വേദനിപ്പിച്ചു. ഭക്ഷണം പോലും തരാതെയായി. എന്റെ ഭാര്യ... അവൾ ഇങ്ങനെ മാറുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല...” അയാൾ തേങ്ങിക്കരയാൻ തുടങ്ങി. അത് കണ്ടപ്പോൾ മുനീറിന്റെ കണ്ണുകളും നിറഞ്ഞൊഴുകി.

“എങ്ങനെ നിങ്ങൾ ഈ നിലയിൽ തെരുവിലെത്തി?” മുനീർ ചോദിച്ചു.

“ഒരു ദിവസം സുഖമില്ലാതെ കിടക്കുകയായിരുന്ന എന്നെ എന്റെ മക്കൾ കാറിൽ കയറ്റി എങ്ങോട്ടോ കൊണ്ടു പോയി. എനിക്ക് പരിചയമില്ലാത്ത സ്ഥലത്ത് എന്നെ ഇറക്കിവിട്ടു. അന്നു തൊട്ട് അലയാൻ തുടങ്ങിയതാണ് ഞാൻ...”

വൃദ്ധൻ എന്തോ ഓർത്തിട്ടെന്ന പോലെ പൊട്ടിച്ചിരിച്ചു. താമസിയാതെ അത് പൊട്ടിക്കരച്ചിലായി മാറി. സ്വന്തക്കാർ കയ്യൊഴിച്ചതോടെ വൃദ്ധന്റെ മാനസികനില തന്നെ ചെറുതായി തെറ്റിയിരിക്കുന്നു എന്ന് മുനീറിന് മനസ്സിലായി. അവൻ അൽപസമയം ആലോചിച്ചുനിന്ന ശേഷം ചോദിച്ചു:

“നിങ്ങൾ എന്റെ കൂടെ വീട്ടിലേക്ക് പോരുന്നോ?”

ഇത് കേട്ടതും വൃദ്ധൻ പൊട്ടിച്ചിരിച്ചു. എന്നിട്ട് ചോദിച്ചു: “വീട്ടിലേക്കോ? ഏത് വീട്? ആരുടെ വീട്? ഈ കാണുന്നതെല്ലാമാണ് എന്റെ വീട്. മറ്റൊരു വീടും എനിക്കില്ല.”

“എന്റെ വീട്ടിലേക്ക് പോരുന്നോ എന്നാണ് ചോദിച്ചത്.”

“നിന്റെ വീട്...? മരിക്കാറായ ഈ വയസ്സനെ ആര് വീട്ടിൽ കയറ്റും?”

“നിങ്ങൾ വാ... നമുക്ക് പോയി നോക്കാം.”

അവൻ വൃദ്ധന്റെ ചുക്കിച്ചുളിഞ്ഞ കയ്യിൽ പിടിച്ചു. ആ സ്പർശനത്തിൽ ഒരുനിമിഷം അയാളുടെ മനസ്സ് വർഷങ്ങൾക്ക് പുറകിലേക്ക് പാഞ്ഞു. തന്റെ കുസൃതിക്കുടുക്കകളായ മക്കളുടെ കൈപിടിച്ച് നടന്ന രംഗം മനസ്സിൽ മിന്നി മറഞ്ഞു.

അയാൾ വടിയും കുത്തിപ്പിടിച്ച് വേച്ചുവേച്ച് മുനീറിന്റെ കൂടെ അനുസരണയുള്ള കുട്ടിയെ പോലെ നടന്നു. മുനീർ മടങ്ങിവരുന്നത് കാണാതായപ്പോൾ അവനെയും നോക്കി വരാന്തയിൽ നിൽക്കുകയായിരുന്നു ഉമ്മ. ഉപ്പ വരാന്തയിൽ ഇരുന്ന് പതിവ് പോലെ പത്രം വായിക്കുന്നു.

ദൂരെനിന്നു തന്നെ മുനീർ വരുന്നതു കണ്ട ഉമ്മ പറഞ്ഞു: “മോൻ വരുന്നുണ്ട്. കൂടെ ആരോ ഉണ്ടല്ലോ.”

അത് കേട്ടപ്പോൾ പത്രം മേശപ്പുറത്ത് വെച്ച് ഉപ്പ എഴുന്നേറ്റു. അവർ മുറ്റത്ത് എത്തിയപ്പോൾ ഉപ്പ ചോദിച്ചു: “മോനേ, ഇതാരാണ്?”

“പറയാം ഉപ്പാ. ആദ്യം ഇദ്ദേഹം കയറിയിരിക്കട്ടെ.”

മുനീർ കൈപിടിച്ച് അയാളെ കസേരയിൽ ഇരുത്തി. അവൻ നടന്ന കാര്യങ്ങളെല്ലാം ഉപ്പയോട് പറഞ്ഞു. തന്റെ മകന്റെ നല്ല മനസ്സ് കണ്ടപ്പോൾ ഉമ്മയും ഉപ്പയും സന്തോഷത്താൽ നിറഞ്ഞ കണ്ണുകളോടെ അവനെ അണച്ചുപിടിച്ചു. തികച്ചും അന്യനായ ഒരാളോട് ഇങ്ങനെ അനുകമ്പ കാണിക്കുന്ന മകൻ തങ്ങൾക്ക് വയസ്സാകുമ്പോൾ തങ്ങളെ കൈവെടിയില്ല എന്ന ചിന്ത അവരിൽ വല്ലാത്തൊരു ആനന്ദം നിറച്ചു.

ഉപ്പയും മുനീറും ചേർന്ന് അയാളെ കുളിപ്പിച്ചു. നല്ല വസ്ത്രങ്ങൾ ധരിപ്പിച്ചു. വയറു നിറയെ ഭക്ഷണം നൽകി.

മുനീർ പറഞ്ഞു: “ഉപ്പാ, നമുക്ക് ഇയാളെ നമ്മുടെ വീട്ടിൽ താമസിപ്പിച്ചാലോ? പടച്ചവന്റെ അടുക്കൽ നിന്ന് നമുക്ക് ഒരുപാട് പുണ്യം കിട്ടില്ലേ ഇയാളെ സംരക്ഷിച്ചാൽ?”


“തീർച്ചയായും കിട്ടും മോനേ. നമുക്ക് ഇദ്ദേഹത്തെ ആദ്യം ഒരു ആശുപത്രിയിൽ കൊണ്ടുപോകണം.”

ഉപ്പയും ഉമ്മയും മകനും ചേർന്ന് തന്നെക്കുറിച്ച് സംസാരിക്കുന്നതൊന്നും ശ്രദ്ധിക്കാതെ വിദൂരതയിലേക്ക് നോക്കി ചിന്താമഗ്നനായി ഇരിക്കുകയായിരുന്നു അയാൾ.

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

**വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 4**



# പത്തരമാറ്റ് പത്ത്കിതാബിനോ?
## മക്വ്ദി തങ്ങളുടെ ചോദ്യത്തിന് ഇന്നും ഉത്തരമില്ല

**നാ**ടുനീളെ ക്വുർആൻ പഠന സംരംഭങ്ങളാൽ സമ്പന്നമായ സമകാല മലയാള മണ്ണിൽ നിന്നുകൊണ്ട്, വിശുദ്ധ ക്വുർആനിന്റെ ആശയ പരിസരവുമായി സമുദായത്തിനുണ്ടായിരുന്ന അകലം; പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ കേരളക്കരയെ ബാധിച്ചിരുന്ന ജീർണതകൾക്ക്, എങ്ങിനെയൊക്കെ വളം വെച്ചുകൊടുത്തു എന്ന്, ശോഭായമാനമായ ഒരു സമുദായം വളർന്നു വരിക എന്ന സ്വപ്ന സാക്ഷാത്കാരത്തിനു വേണ്ടി ജീവിതകാലം മുഴുവൻ പണിയെടുത്ത, തന്റെ കാലത്തെ സാധ്യതകൾ പൂർണമായി വിനിയോഗിച്ച, കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ അമരക്കാരൻ സയ്യിദ് ഥനാഉല്ലാഹ് മക്വ്ദി തങ്ങളുടെ കണ്ണടയിലൂടെ നോക്കിക്കാണാം.

### ഖുർആൻ കോടതിയിൽ വെക്കാനുള്ളതോ?

ദൈനംദിന ജീവിതത്തിൽ വിശുദ്ധ ഖുർആനിനെ പടിക്കുപുറത്ത് നിർത്തിയിരുന്ന അക്കാലത്തെ മുസ്‌ലിംകളിൽ പലരും കോടതി വ്യവഹാരങ്ങൾക്കു വേണ്ടി അതിനെ ദുരുപയോഗം ചെയ്തിരുന്നുവെന്ന് മക്ധി തങ്ങളുടെ പ്രസ്താവനകളിൽ നിന്ന് നാം മനസ്സിലാക്കുകയുണ്ടായി. അത്തരം പ്രവണതകളെ ശക്തിയുക്തം എതിർക്കാൻ മക്ധി തങ്ങൾ തൂലികയും ജിഹ്വയും പടവാളാക്കുക മാത്രമല്ല, മതപണ്ഡിതന്മാരുമായി വ്യക്തിപരമായി ആശയവിനിമയം നിർവഹിക്കുകയും ചെയ്തു. ഹൈന്ദവ, ക്രൈസ്തവ വേദങ്ങൾ കോടതിയിൽ വെച്ചതിനാൽ ഖുർആനും അക്കൂട്ടത്തിൽ വേണം എന്നായിരുന്നു അന്നത്തെ പണ്ഡിതന്യായം! മക്ധി തങ്ങളുടെ 'ഖുർആൻ വേദവിലാപം' എന്ന പുസ്തകത്തിൽ 'മുതലുള്ളവരുണ്ടനേകർ; മതമുള്ളവരില്ലൊരുത്തർ' എന്ന മക്ധി വാക്യത്തിനു കീഴിൽ വിവരിക്കുന്നത് കോടതിയിൽ മുസ്‌ലിംകൾക്ക് സത്യം ചെയ്യാനായി വെച്ചിരിക്കുന്ന മുസ്ഹഫ് എടുത്തുമാറ്റാൻ വേണ്ടി ഒരു മുസ്ല്യാരുമായി അദ്ദേഹം നടത്തിയ സംഭാഷണമാണ്. അതിലെ ഒരു ഭാഗം ഇങ്ങനെ വായിക്കാം:

'ഹാ കഷ്ടം! ഖുർആൻമഹിമ അറിയുന്നില്ല. മുസൽമാനായിരിക്കുന്ന വാദിയും പ്രതിവാദിയും യോജിച്ചു ഖുർആൻ എടുത്തു പറയേണ്ട ആവശ്യമില്ലെന്നു ബോധിപ്പിക്കുന്നതായാൽ കോടതി നിർബന്ധിക്കുന്നതല്ല. കക്ഷികളുടെ തൃപ്തിക്കായിക്കൊണ്ടു ചെയ്യിക്കുന്നതാകയാൽ സാധാരണ പോലെ ദൈവനാമ സത്യം മതിയാകുമെന്ന് കക്ഷികൾ രണ്ടും സമ്മതിക്കുന്ന പക്ഷം കോടതി അനുകൂലമാകാതിരിക്കുന്നതല്ല. അതു ചെയ്യാതെ ഖുർആൻ പ്രമാണികളായ നിങ്ങൾ തന്നെ ഖുർആൻ എടുത്തു സത്യം ചെയ്യണമെന്നു സിദ്ധാന്തിക്കുന്നു. സ്വൽപം സംഖ്യക്കുവേണ്ടി ദൈവ വചനമായ പരിശുദ്ധാധാരത്തെ അപമാനിക്കുന്നു. 'കാര്യം സത്യമായാലും സത്യം ചെയ്യില്ല' എന്നുള്ള വേദനിയമത്തെ നിരസിക്കുന്നു. ഇതിനാൽ ഖുർആൻ പ്രമാണം കോടതികളിൽ വെക്കുന്നതിന്നു കാരണമായതും നിങ്ങൾ തന്നെ എന്നും തെളിയുന്നു. ഹാ-കഷ്ടം-മഹാവ്യസനം! ഇതിന്നു കാരണമായതും ജ്ഞാനവിഹീനതയും ഹീനബുദ്ധിയും ആകുന്നു."[1]

### വിശുദ്ധ ഖുർആൻ തീയിൽ ദഹിക്കുമോ?

വിശുദ്ധ ഖുർആനോടുള്ള പ്രാമാണിക പ്രതിബദ്ധതയാണ് മക്ധി തങ്ങളുടെ പരിഷ്കരണ പ്രവർത്തനങ്ങളിൽ നിറഞ്ഞുനിന്നിരുന്നത്. തന്റെ സംഘത്തിലുള്ളവരോ അല്ലാത്തവരോ ഖുർആനെ സംബന്ധിച്ച് അതിനോടുള്ള ആദരവ് നിമിത്തമായിട്ടാണെങ്കിൽ പോലും വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ പറയുന്നത് തങ്ങൾ അനുവദിച്ചുകൊടുക്കുമായിരുന്നില്ല. തന്റെ ശിഷ്യന്മാരിലൊരാളായ പാലശ്ശേരി കുഞ്ഞഹമ്മദ് എന്ന ഇസ്‌ലാം മത പ്രാസംഗികന്റെ ക്രിസ്തുമതഖണ്ഡന സംസാരമധ്യെ വന്നുപോയ 'ബൈബിൾ ദഹിക്കും, ഖുർആൻ ദഹിക്കാതിരിക്കും' എന്ന ഒറ്റ വാചകത്തിലുള്ള ഒരു അബദ്ധത്തെപ്പറ്റി ചിലർ നേരിട്ടും, മറ്റു ചിലർ തപാലിൽ കത്തയച്ചും അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. അവയൊക്കെയും ഗുണകാംക്ഷയായി കണ്ട് ശിഷ്യനെ തിരുത്തിക്കുകയാണ് തങ്ങൾ ചെയ്തത്. തദ്വിഷയകമായി വന്ന തങ്ങളുടെ പരാമർശങ്ങൾ ചുവടെ വായിക്കാം:

"സുബുദ്ധിയാകുന്നത് പ്രവൃത്തി പഴക്കത്താലുണ്ടാകുന്ന ജ്ഞാനത്താലാകുന്നു. കല്ലുകടിക്കുന്നതും പിന്നെ പല്ലുകടിക്കുന്നതും സാധാരണയാകുന്നു."[2]

"ബൈബിൾ ദഹിക്കും, ഖുർആൻ ദഹിക്കാതിരിക്കും എന്ന് വാദിക്കുന്നതും അറിവില്ലായ്മ തന്നെ."[3]

'ഇതിനാൽ ഖുർആൻ ലിഖിതങ്ങളിൽ അഗ്നി സ്പർശിക്കുന്നതല്ലെന്നുള്ള വാദം ഇസ്‌ലാം മതത്തിൽ ഇല്ലെന്ന് തീർച്ചയാകുന്നു.'[4]

ഇതായിരുന്നു മക്തി തങ്ങളുടെ സമീപന രീതി. അക്കാലത്ത് പ്രസംഗാബദ്ധങ്ങളെ പ്രബോധക സംഘത്തിന്റെ വിഭജനത്തിന് പ്രധാനായുധമാക്കുന്ന പ്രവണത പ്രചാരത്തിലുണ്ടായിരുന്നില്ല.

സയ്യിദ് ഥനാഉല്ലാഹ് മക്ധി തങ്ങളുടെ കാലത്ത് പൊന്നാനിയിലും മറ്റു പ്ര

**സയ്യിദ് ഥനാഉല്ലാഹ് മക്ധി തങ്ങളുടെ കാലത്ത് പൊന്നാനിയിലും മറ്റു പ്രദേശങ്ങളിലും നിലനിന്നിരുന്ന മതപാഠശാലകൾ സമൂഹത്തിന നൽകുന്ന ഗുണദോഷ ഫലങ്ങൾ വ്യവഛേദിച്ചറിയുവാൻ കഴിയുന്നവരോ, ഇതര മതപഠന സമ്പ്രദായങ്ങളെക്കുറിച്ച് കേട്ടറിവുള്ളവരോ, മതപഠനം എത്രമാത്രം വിദ്യാർഥി സൗഹൃദപരവും സമുദായോത്തേജകവും ആക്കി മാറ്റാൻ കഴിയുമെന്ന് ചിന്തിക്കുന്നവരോ, തദനുസൃതമായി മാറ്റത്തിനൊരുമ്പെടുന്നവരോ ആയി ഒരു മതപണ്ഡിതനെയും നേതാവിനെയും പ്രമാണിയെയും നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഈ ഒരു ശൂന്യതയാണ് മക്ധി തങ്ങളിലെ പരിഷ്കർത്താവിന് പരിസരമൊരുക്കിയത്.**

**നടപ്പുരീതി വിവരിച്ച് സങ്കടപ്പെടുകയല്ല മക്വ്ദി തങ്ങൾ ചെയ്തത്. അധ്യാപകർ എന്തുകൊണ്ട് ഈ രീതി അവലംബിച്ചു എന്ന് അന്വേഷിക്കുകയും അതിന്റെ കാരണം കണ്ടെത്തുകയും ചെയ്തു. പ്രശ്നകാരണം അപഗ്രഥിക്കാതെ പരിഹാരത്തിലേക്ക് നീങ്ങാൻ കഴിയുകയില്ല എന്ന് പരിഷ്കർത്താവിന് ഉത്തമബോധ്യമുണ്ടായിരുന്നു. തൊലിപ്പുറത്ത് ചികിൽസിക്കുന്ന മുറിവൈദ്യന്മാരെ നവോത്ഥാന നായക വേഷം കെട്ടിച്ച് എഴുന്നള്ളിക്കാനുള്ള ശ്രമം വ്യാപകമായ ഇക്കാലത്ത് മക്വ്ദി തങ്ങളുടെ പരിഷ്കരണ പരിശ്രമങ്ങളെപ്പറ്റി പിന്തുടർച്ചാവാദികൾക്കെങ്കിലും സാമാന്യ ധാരണ അനിവാര്യമാണ്. അധ്യാപകരുടെ യോഗ്യതക്കുറവായിരുന്നു ഈ നിർഗുണ രീതി കാലങ്ങളോളം തുടരാൻ ഇടയാക്കിയത്. അവർക്ക് പരിശീലനം നൽകുന്ന സമ്പ്രദായമോ, അതിന് പ്രാപ്തരായ വിദഗ്ധരോ അന്ന് ഉണ്ടായിരുന്നില്ല.**

ദേശങ്ങളിലും നിലനിന്നിരുന്ന മതപാഠശാലകൾ സമൂഹത്തിന് നൽകുന്ന ഗുണദോഷഫലങ്ങൾ വ്യവഛേദിച്ചറിയുവാൻ കഴിയുന്നവരോ, ഇതര മതപഠന സമ്പ്രദായങ്ങളെക്കുറിച്ച് കേട്ടറിവുള്ളവരോ, മതപഠനം എത്രമാത്രം വിദ്യാർഥി സൗഹൃദപരവും സമുദായോത്തേജകവും ആക്കി മാറ്റാൻ കഴിയുമെന്ന് ചിന്തിക്കുന്നവരോ, തദനുസൃതമായി മാറ്റത്തിനൊരുമ്പെടുന്നവരോ ആയി ഒരു മതപണ്ഡിതനെയും നേതാവിനെയും പ്രമാണിയെയും നമുക്ക് കാണാൻ കഴിഞ്ഞിട്ടില്ല. ഈ ഒരു ശൂന്യതയാണ് മക്വ്ദി തങ്ങളിലെ പരിഷ്കർത്താവിന് പരിസരമൊരുക്കിയത്. ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുക മാത്രമല്ല, ഫലപ്രദമായ ഉത്തരങ്ങൾ കണ്ടെത്തി സമുദായ ഗാത്രത്തിലടിഞ്ഞുകൂടിയ കട്ടപിടിച്ച അഴുക്കിനെ നിഷ്കാസനം ചെയ്യാനും അദ്ദേഹം മുതിർന്നു.

**മതപാഠശാലകൾ:
ഒരു വിഹഗ വീക്ഷണം**

അന്ന് നടപ്പിലുണ്ടായിരുന്ന മതാഭ്യാസ രീതികൾ ബാലികാബാലന്മാരെ എങ്ങനെയാണ് ബാധിച്ചിരുന്നത് എന്ന് മക്വ്ദി തങ്ങൾ വ്യക്തമാക്കുന്നു: "വായനക്കാരേ! ക്വുർആൻ ഓത്തിന്റെ കഥ കേൾക്കണം. അഞ്ചും ആറും വയസ്സ് പ്രായമുള്ള കുട്ടികളെ ഓത്തിനിരുത്തി മടിയിൽ ഒരു പലക വെച്ചുകൊടുക്കുന്നു. സാമാന്യ ബുദ്ധിഗുണമുള്ളവനു ഒരു ആറേഴ് മാസം കൊണ്ടും ബുദ്ധി മന്ദിച്ചവനു കഷ്ടിച്ചാൽ ഒരു വത്സരം കൊണ്ടും അവസാനിപ്പിക്കാവുന്ന ക്വുർആൻ രണ്ടും മൂന്നും വത്സരം കൊണ്ട് അവസാനിപ്പിക്കാതെ കാലം കഴിക്കുന്നു. ഒരുവിധം അവസാനിപ്പിച്ചിരുന്നാലും പേന(ക്വലം) പിടിക്കേണ്ടത് എങ്ങിനെ? എഴുതേണ്ടത് എങ്ങിനെ? എന്നറിയുന്നില്ല."(5)

നടപ്പുരീതി വിവരിച്ച് സങ്കടപ്പെടുകയല്ല മക്വ്ദി തങ്ങൾ ചെയ്തത്. അധ്യാപകർ എന്തുകൊണ്ട് ഈ രീതി അവലംബിച്ചു എന്ന് അന്വേഷിക്കുകയും അതിന്റെ കാരണം കണ്ടെത്തുകയും ചെയ്തു. പ്രശ്നകാരണം അപഗ്രഥിക്കാതെ പരിഹാരത്തിലേക്ക് നീങ്ങാൻ കഴിയുകയില്ല എന്ന് പരിഷ്കർത്താവിന് ഉത്തമബോധ്യമുണ്ടായിരുന്നു. തൊലിപ്പുറത്ത് ചികിൽസിക്കുന്ന മുറിവൈദ്യന്മാരെ നവോത്ഥാന നായക വേഷം കെട്ടിച്ച് എഴുന്നള്ളിക്കാനുള്ള ശ്രമം വ്യാപകമായ ഇക്കാലത്ത് മക്വ്ദി തങ്ങളുടെ പരിഷ്കരണ പരിശ്രമങ്ങളെപ്പറ്റി പിന്തുടർച്ചാവാദികൾക്കെങ്കിലും സാമാന്യ ധാരണ അനിവാര്യമാണ്. അധ്യാപകരുടെ യോഗ്യതക്കുറവായിരുന്നു ഈ നിർഗുണ രീതി കാലങ്ങളോളം തുടരാൻ ഇടയാക്കിയത്. അവർക്ക് പരിശീലനം നൽകുന്ന സമ്പ്രദായമോ, അതിന് പ്രാപ്തരായ വിദഗ്ധരോ അന്ന് ഉണ്ടായിരുന്നില്ല. തങ്ങളുടെ തന്നെ വാക്കുകൾ വായിക്കുക: "ഈ വക ദോഷങ്ങൾക്കുള്ള കാരണം, പഠിപ്പിക്കേണ്ട മുറയും ക്രമവും അറിവില്ലായ്ക തന്നെ."(6)

കേരളമൊട്ടുക്കും ഈ മതപഠന രീതിയാണ് അക്കാലത്ത് വ്യാപകമായിരുന്നത് എന്നതിന് മക്വ്ദി തങ്ങൾ തന്നെ സാക്ഷിയാണ്. സാർവത്രികതയാണ് ഈ ദുഷിച്ച സമ്പ്രദായത്തിന് മതപരമായ ആധികാരികത സാധാരണക്കാർക്കും പണ്ഡിതർക്കുമിടയിൽ കൽപിച്ചു നൽകിയിരുന്നതെന്ന് തങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ക്വുർആൻ ഓതിക്കൊടുക്കാൻ മാത്രമറിയുന്ന അൽപജ്ഞരായ മൊല്ലമാരെയല്ലാതെ മറ്റാരെയും സമുദായത്തിലെ ബാലിക ബാലകന്മാർക്ക് പ്രാഥമിക മതവിദ്യാഭ്യാസം നൽകുന്നതിന് അന്ന് ലഭിക്കുമായിരുന്നില്ല. മക്വ്ദി തങ്ങൾ എഴുതിയത് കാണുക: "അക്ഷരാഭ്യാസ പ്രാപ്തരാകുന്ന പുത്ര-പുത്രിമാരെ ക്വുർആൻ ഓതിക്കുന്ന മൊല്ലാമാരിൽ ഏൽപിക്കുന്നു. ക്വുർആൻ അവസാനിക്കുന്നതുവരെ അതിൽ തന്നെ ശ്രമിക്കുന്നു. ഒന്നോ രണ്ടോ മൂന്നോ വത്സരം കൊണ്ട് ക്വുർആൻ അവസാനിപ്പിക്കുന്നു. ഉടനെ 'പത്തുകിതാബ്' എന്ന പുസ്തകം എടുക്കുന്നു."(7)

ഒരു മുസ്‌ലിം വിദ്യാർഥിയുടെ ക്വുർആനുമായുള്ള ബന്ധം ഇതോടെ അവസാനിക്കുന്നു. മാനവർക്ക് മാർഗദീപമായി ലഭിച്ച പരിശുദ്ധ ഗ്രന്ഥവും അന്ന

ത്തെ മുസ്‌ലിം സമുദായവും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ ദൃക്സാക്ഷി വിവരണമാണ് തങ്ങളുടെ കൃതികളിൽ നമുക്ക് കാണാനാകുന്നത്.

“ക്വുർആൻ വായന ശുദ്ധമാക്കുന്നതല്ലാതെ പൊരുൾപ്പെടുത്തി പഠിക്കുന്നില്ല. അങ്ങിനെ പഠിക്കത്തക്ക പ്രായവുമില്ല. ഈ നിലയിൽ പ്രിയപുത്രന്റെ വിലയേറിയ പ്രായമായ അഭ്യാസകാലം ഒന്നോ രണ്ടോ കൊല്ലം വായനാവശ്യത്തിലേക്ക് മാത്രം ചിലവഴിക്കുന്നത് ന്യായമോ?”[8]

വിശുദ്ധ ക്വുർആനിന്റെ കേവല വായനക്കപ്പുറത്ത് യാതൊന്നും ആർജിക്കാതെയാണ് നമ്മുടെ നിരവധി തലമുറകൾ ഈ മതത്തെ പ്രതിനിധീകരിച്ചുകൊണ്ട് കടന്നുപോയത് എന്നത് എത്രമാത്രം സങ്കടകരമാണ്!

മക്ദി തങ്ങളുയർത്തിയ ചോദ്യത്തിന് കിട്ടിയ ഉത്തരം ഇതായിരുന്നു: “...എന്നുണ്ടാകുന്ന ബുദ്ധിയനുസരണ ചോദ്യത്തിനുത്തരം കാണാതെ മതവിധി എന്നും വേദാവശ്യമെന്നും ഉത്തരം പറയുന്നു. ഒഴിയുവാൻ പാടില്ലാത്തവിധത്തിൽ ഉറപ്പിക്കുന്നു: ‘ഇത് മതക്രമം തന്നെ’. മതവിധികളും വേദനിയമങ്ങളും ബുദ്ധിയനുസരണ ചോദ്യത്തിനു സമാധാനമില്ലാത്തവയല്ലായ്കയാൽ ‘മതവിധി’ എന്നും ‘വേദാവശ്യ’മെന്നും ധരിച്ചതും പറഞ്ഞതും തെറ്റാകുന്നു.”[9]

ശീലബോധത്തെ പ്രമാണമായി വിലയിരുത്തുന്നതിലുപരി, യാതൊരു ആദർശ അടിത്തറയുമില്ലാത്ത സമുദായ നേതൃത്വത്തിന് എങ്ങനെയാണ് ആത്യന്തികമായ പരിവർത്തനങ്ങൾ സൃഷ്ടിക്കാനാവുക?! ആ ഒരു നിർണായക ഘട്ടത്തിലാണ് മക്ദി തങ്ങളുടെ മതവിജ്ഞാനവും സമുദായ സ്നേഹവും ഒരു പരിഷ്കർത്താവിന്റെ ചുമതലയേറ്റെടുക്കാൻ തങ്ങളെ പ്രേരിപ്പിക്കുന്നത്.

### ക്വുർആൻ പഠിപ്പിക്കാത്ത ഉന്നത മതപഠന കേന്ദ്രങ്ങൾ സമുദായത്തിന് എന്ത് നൽകി?

വിശുദ്ധ ക്വുർആൻ വായിക്കാൻ പഠിച്ചു കഴിഞ്ഞാൽ ഒരു കുട്ടിക്ക് പഠിക്കാനുണ്ടായിരുന്ന പ്രധാന ഗ്രന്ഥം പത്ത്കിതാബ് എന്നറിയപ്പെട്ടിരുന്ന ഒറ്റവാല്യത്തിലുള്ള പത്ത് ലഘുഗ്രന്ഥങ്ങളുടെയും രണ്ട് അനുബന്ധ കൃതികളുടെയും സമാഹാരമായിരുന്നു. ഗ്രന്ഥകർത്താക്കളുടെ പേര് നൽകിയിട്ടില്ല. ഇന്നും അതിന്റെ അറബി-മലയാള പരിഭാഷയടക്കം വിപണിയിലുണ്ട്.

തങ്ങളുടെ കാലത്തുണ്ടായിരുന്ന അതേ പുസ്തകം ഇന്നും നമ്മുടെ പള്ളിദർസുകളിൽ പ്രഥമസ്ഥാനം അലങ്കരിക്കുകയും ചെയ്യുന്നുണ്ട്. പൊന്നാനി പണ്ഡിതന്മാരിൽ ചിലരുടെ നോട്ടീസുകളാണ് അതെന്നാണ് പ്രമുഖ അറബിപണ്ഡിതനും ചരിത്രകാരനുമായ കെ.കെ.മുഹമ്മദ് അബ്ദുൽകരീം സാഹിബിന്റെ നിഗമനം.[10] വിശ്വാസ-അനുഷ്ഠാന മുറകളാണ് അതിലെ പ്രതിപാദ്യം. അത് പഠിപ്പിച്ചിരുന്ന അക്കാലത്തെ രീതി മക്ദി തങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്:

**മതപരമായ അവഗാഹം നേടിയവർ ഒരു സമൂഹത്തിൽ ഉണ്ടായിരിക്കുക എന്നത് ആ സമൂഹത്തിന്റെ പൊതുബാധ്യത എന്ന നിലക്ക് ആവശ്യാനുസരണം മതിയെന്നും അല്ലാത്തവർക്ക് അടിസ്ഥാനപരമായ മതവിജ്ഞാനം നേടി അനുവദനീയമായ മറ്റു വിദ്യകൾ അഭ്യസിക്കാം എന്നുമുള്ള മതത്തിന്റെ അനുവാദം വകവെക്കാതെ എല്ലാ ഓരോ വ്യക്തിയുടെ മേലും ഇത് അടിച്ചേൽപിച്ചപ്പോൾ ഉപജീവനത്തിനു പോലും വകയില്ലാതെ ഗതിമുട്ടിയ മുസ്‌ല്യാക്കൾ സമൂഹത്തിനു ഭാരമായിത്തീർന്നു.**



“അത് അറബി ഭാഷയിൽ ഉള്ളതാകയാൽ വാചകം ചൊല്ലി മലയാളഭാഷയിൽ അർഥപ്പെടുത്തി പഠിപ്പിക്കുന്നു.”[11]

ക്വുർആനിന്റെ അർഥം പറഞ്ഞുകൊടുക്കാനറിയില്ലെങ്കിലും ഇത്തരം കൃതികളുടെ അർഥം പണ്ഡിതൻമാർ പഠിച്ചു വെച്ചിരുന്നു എന്നർഥം. ഭാഷാന്തര രീതികൾ വിചിത്രമായിരുന്നു എന്നുള്ളത് മറ്റൊരു വസ്തുത. മലയാള ഭാഷയോടുള്ള അന്നത്തെ സമുദായത്തിന്റെ സമീപനവുമായി ബന്ധപ്പെട്ട വിഷയം വിശദ ചർച്ചയാവശ്യമുള്ള മേഖലയാണ്.

ഈ അശാസ്ത്രീയ പള്ളിദർസ് പഠന സമ്പ്രദായത്തെ ശക്തിയുക്തം വിമർശിച്ചുകൊണ്ട് മക്ദി തങ്ങൾ ‘മതവിധിയാക്രമം’ എന്ന തലക്കെട്ടിനു കീഴിൽ വ്യക്തമാക്കി:

“പത്തുകിതാബ്! ഈ പഠനവും അവകാശ ആക്രമം തന്നെ. എങ്ങനെയെന്നാൽ പത്ത് കിതാബിൽ അടങ്ങിയിരിക്കുന്ന ജ്ഞാനവിഷയം ഒക്കെയും നിർബന്ധിതമല്ല. ‘ഫറളുൽ ഐനാ’യതുകളിൽ കവിഞ്ഞ ഭാഗങ്ങളും അട

**വിശുദ്ധ ക്വുർആൻ വായിക്കാൻ പഠിച്ചു കഴിഞ്ഞാൽ ഒരു കുട്ടിക്ക് പഠിക്കാനുണ്ടായിരുന്ന പ്രധാന ഗ്രന്ഥം പത്ത്കിതാബ് എന്നറിയപ്പെട്ടിരുന്ന ഒറ്റവാല്യത്തിലുള്ള പത്ത് ലഘുഗ്രന്ഥങ്ങളുടെയും രണ്ട് അനുബന്ധ കൃതികളുടെയും സമാഹാരമായിരുന്നു. ഗ്രന്ഥകർത്താക്കളുടെ പേര് നൽകിയിട്ടില്ല. ഇന്നും അതിന്റെ അറബി-മലയാള പരിഭാഷയടക്കം വിപണിയിലുണ്ട്. തങ്ങളുടെ കാലത്തുണ്ടായിരുന്ന അതേ പുസ്തകം ഇന്നും നമ്മുടെ പള്ളിദർസുകളിൽ  പ്രഥമസ്ഥാനം അലങ്കരിക്കുകയും ചെയ്യുന്നുണ്ട്. പൊന്നാനി പണ്ഡിതന്മാരിൽ ചിലരുടെ നോട്ടീസുകളാണ് അതെന്നാണ് പ്രമുഖ അറബി പണ്ഡിതനും ചരിത്രകാരനുമായ കെ.കെ.മുഹമ്മദ് അബ്ദുൽകരീം സാഹിബിന്റെ നിഗമനം.**

ങ്ങിയിരിക്കുന്നു.ആ അറിവ് മുഴുവനും ഉണ്ടാകുന്നത് ഗുണമെന്നുദ്ദേശിക്കുന്നതായാലും അറബി വാചകം ചൊല്ലി പഠിക്കുകതന്നെ വേണമെന്നും ഈ കിതാബു തന്നെ വായിക്കണമെന്നും മതം നിർബന്ധിക്കുന്നില്ല."(12)

പടച്ചവന്റെ കിതാബിനെക്കാൾ പത്തു കിതാബിന് പ്രാമുഖ്യം നൽകി അക്ഷരംപ്രതി പഠിപ്പിച്ചിരുന്ന ഒരു സമൂഹത്തിൽ ഈ പൊളിച്ചെഴുത്ത് ഏറ്റവും അനിവാര്യമായിരുന്നു.

പത്ത് കിതാബ് പഠിച്ചുകഴിഞ്ഞാൽ പിന്നെ ക്വുർആൻ പഠിച്ചിരുന്നോ എന്ന് നോക്കാം. അതും മക്ദി തങ്ങൾ നമുക്കായി രേഖപ്പെടുത്തിവെച്ചിട്ടുണ്ട്: "ഈ കിതാബ് പത്തും പഠിച്ചാൽ മതപ്രകാരം അത്യാവശ്യമായ വിശ്വാസകർമങ്ങളും കർമാചാരക്രമങ്ങളും (അക്വാഇദ്, ഫിക്വ്ഹ്) പഠിക്കുന്നു. ഫർളുൽ ഐനായ 'നിർബന്ധിതമായ' ജ്ഞാനം സിദ്ധിക്കുന്നു."(13)

ഇതായിരുന്നു മലയാളക്കരയുടെ ചിത്രമെങ്കിൽ തമിഴ്നാടിന്റെ സ്ഥിതിയും ശുഭോദർക്കമായിരുന്നില്ല. "വേലൂർ മുതലായ രാജ്യങ്ങളിൽ ഈ പത്തു കിതാബിന് പകരം ഹിന്ദുസ്ഥാനി, പേർഷ്യൻ എന്നീ ഭാഷകളിലുള്ള പുസ്തകങ്ങളെ വായിപ്പിക്കുന്നു. നിർബന്ധിത ജ്ഞാനം പഠിപ്പിക്കുന്നു"(15)

രണ്ടു പ്രദേശങ്ങളിലെയും പഠനരീതികൾ പ്രാകൃതവും വിരസവുമായിരുന്നുവെന്ന് സ്വാനുഭവം വിശദമാക്കി മക്ദി തങ്ങൾ പറയുന്നു: "ഉടനെ അറബി വ്യാകരണമായ മഹാസമുദ്രത്തിൽ ഇറക്കി മൗലവി ആവേണ്ട രീതിയിൽ പിടികൂടുന്നു.അനേകർ ഒഴിയുന്നു. അവസാനം വരെ സ്വന്തം ഭാഷയായ മലയാളമോ തമിഴോ പഠിക്കുന്നില്ല. മത വിരോധമോ ജനരോഷമോ ഉണ്ടെന്നഭിപ്രായപ്പെട്ടിരിക്കുന്നു."(15)

ഈ പാഠ്യക്രമം സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ സമുദായ പുരോഗതിയുടെ കടയ്ക്കൽ കത്തിവെച്ചു എന്നതിന് തെളിവായി മക്ദി തങ്ങളുടെ സാക്ഷ്യം മാത്രം മതിയാവും:

"ഈ നടപടിക്രമം മതവിധിയെ ആക്രമിച്ചും മതാഭിവൃദ്ധി മാർഗത്തെയും ജന പരിഷ്കാര രീതിയെയും ബന്ധിച്ചും ഇരിക്കുന്നു."(16)

"കഷ്ടാനുഭവം പൊന്നാനിയിലേക്ക് ഉന്തുന്നു. മുസ്ല്യാരാവാൻ ശ്രമിക്കുന്നു. അതിനാൽ 'ഫർളുൽ കിഫായ' എന്ന മതനിയമം ആക്രമിക്കപ്പെട്ടു. മുസ്ല്യാന്മാർ അനവധിയായി. അവകാശപ്പെട്ട അവസ്ഥക്ക് നാശം ഭവിച്ചും, നിയമപ്രകാരം ഒരു രാജ്യത്ത് ഒന്നോ രണ്ടോ ഉണ്ടാകുന്നതിൽ ജനം ഭക്തിയോടുകൂടി ആശ്രയിക്കുന്നതും ദാനം, സമ്മാനം മുതലായ വരുമാനങ്ങൾ ഉണ്ടാക്കുന്നതുമായ പൂർവ്വാചാരം പിഴച്ചു. മുസ്ല്യാന്മാർ അഷ്ടിക്ക് കഷ്ടപ്പെട്ടു. രാജ്യങ്ങൾ തോറും ഓടിയലയുവാനും പലരെ ആശ്രയിക്കാനും സംഗതി വന്നു."(17)

മതപരമായ അവഗാഹം നേടിയവർ ഒരു സമൂഹത്തിൽ ഉണ്ടായിരിക്കുക എന്നത് ആ സമൂഹത്തിന്റെ പൊതുബാധ്യത എന്ന നിലക്ക് ആവശ്യാനുസരണം മതിയെന്നും അല്ലാത്തവർക്ക് അടിസ്ഥാനപരമായ മതവിജ്ഞാനം നേടി അനുവദനീയമായ മറ്റു വിദ്യകൾ അഭ്യസിക്കാം എന്നുമുള്ള മതത്തിന്റെ അനുവാദം വകവെക്കാതെ എല്ലാ ഓരോ വ്യക്തിയുടെ മേലും ഇത് അടിച്ചേൽപിച്ചപ്പോൾ ഉപജീവനത്തിനു പോലും വകയില്ലാതെ ഗതിമുട്ടിയ മുസ്ല്യാക്കൾ സമൂഹത്തിനു  ഭാരമായിത്തീർന്നു.

സമുദായത്തെ ഗ്രസിച്ച ജീർണതകൾക്കെതിരെ കണ്ണൂർ മുതൽ തിരുവനന്തപുരം വരെയും തമിഴ്നാട്ടിലും പ്രഭാഷണപരമ്പരകൾ നടത്തിയും പത്ര പ്രസിദ്ധീകരണങ്ങളിലൂടെയും ഗ്രന്ഥങ്ങളും ലഘുലേഖകളും വഴിയും 'ഡോർ ടു ഡോർ' നടത്തിയും മഹാനായ മക്ദി തങ്ങൾ പടവെട്ടി. പ്രതികൂലാവസ്ഥകൾ മാത്രമാണ് പിന്നിട്ട വഴികളിൽ നിറഞ്ഞുനിന്നത്. ക്രൈസ്തവ പാതിരിമാരുടെ ഇസ്ലാം വിമർശനങ്ങൾക്ക് യുക്തിസഹമായി മറുപടി നൽകാൻ അക്ഷീണം പ്രയത്നിച്ച മക്ദി തങ്ങൾ മുസ്ലിം സമുദായത്തിൽനിന്ന് അനുകൂലമായ പ്രതികരണങ്ങൾ ഏതെങ്കിലും ഒരു കാലത്ത് ഉണ്ടാകുമെന്ന് ജീവിത സായാഹ്നത്തിലും പ്രതീക്ഷിച്ചിരുന്നു.

**സമുദായത്തെ ഗ്രസിച്ച ജീർണതകൾക്കെതിരെ കണ്ണൂർ മുതൽ തിരുവനന്തപുരം വരെയും തമിഴ്നാട്ടിലും പ്രഭാഷണപരമ്പരകൾ നടത്തിയും പത്ര പ്രസിദ്ധീകരണങ്ങളിലൂടെയും ഗ്രന്ഥങ്ങളും ലഘുലേഖകളും വഴിയും 'ഡോർ ടു ഡോർ' നടത്തിയും മഹാനായ മക്ദി തങ്ങൾ പടവെട്ടി. പ്രതികൂലാവസ്ഥകൾ മാത്രമാണ് പിന്നിട്ട വഴികളിൽ നിറഞ്ഞുനിന്നത്. ക്രൈസ്തവ പാതിരിമാരുടെ ഇസ്‌ലാം വിമർശനങ്ങൾക്ക് യുക്തിസഹമായി മറുപടി നൽകാൻ അക്ഷീണം പ്രയത്നിച്ച മക്ദി തങ്ങൾ മുസ്‌ലിം സമുദായത്തിൽനിന്ന് അനുകൂലമായ പ്രതികരണങ്ങൾ ഏതെങ്കിലും ഒരു കാലത്ത് ഉണ്ടാകുമെന്ന് ജീവിത സായാഹ്നത്തിലും പ്രതീക്ഷിച്ചിരുന്നു.**

മഹാനായ പരിഷ്‌കർത്താവിന്റെ പ്രതീക്ഷാനിർഭരമായ വാക്കുകൾ ഇങ്ങനെ വായിക്കാം: "നിങ്ങൾ വിശ്വസിച്ച മലയാളികളും, ഞാൻ പ്രവാചകന്റെ സന്താനവും ആയതുകൊണ്ട് മതത്തിലും മത കർത്താവിലും മതക്കാരായ ജനത്തിലും ഉണ്ടാകുന്ന ആക്ഷേപത്തിൽ എനിക്കും പങ്കുണ്ടാകുന്നു. ആകയാൽ ഞാൻ വ്യസനിച്ചു നിങ്ങളെ ഗുണദോഷിക്കുന്നതിൽ നിങ്ങൾ വഴിപ്പെടുമെന്നും ജന പരിഷ്‌കാരത്തിൽ ശ്രമിക്കുമെന്നും വിശ്വസിക്കുന്നു. ക്വുർആൻ പ്രമാണത്തിലും മത കർത്താവിലും ഭക്തിയുള്ളവരായിരിപ്പാൻ ഉപദേശിക്കുന്നു."[19]

പ്രമാണരേഖകൾ കാണാൻ പോലും ശ്രമിക്കാതെ അദ്ദേഹം വിമർശിച്ച പത്ത് കിതാബും മതത്തിന്റെ ആധികാരിക രേഖകളല്ലാത്ത അപ്രധാനമായ പണ്ഡിത കൃതികളും മറ്റും 'പിടികൂടാൻ'[20] വേണ്ടി ഇന്നും ആയുസ്സ് തീർക്കുന്ന പുരോഹിതർ തന്നെ അദ്ദേഹത്തെ നവോത്ഥാന നായകരുടെ മുൻനിരയിൽ നിർത്തുന്ന സ്ഥിതിവിശേഷം സംജാതമായല്ലോ. സർവശക്തന് സർവ സ്തുതികളും.

മക്ദി തങ്ങൾ ഇരുകരങ്ങളും നീട്ടി അന്ന് പ്രപഞ്ചാധിപനായ സർവശക്തനോട് കേണു പ്രാർഥിച്ചത് ഇത്തരുണത്തിൽ ഓർക്കാതെ വയ്യ.

"സർവകർത്താവായ തമ്പുരാനേ! ക്രിസ്തീയ ജനത്തിൽ കാണുന്ന മത സ്നേഹത്തിനൊത്ത സ്നേഹവും മത വർധനയിൽ കാണുന്ന ഉത്സാഹത്തിനൊത്ത ഉത്സാഹവും ഈഴവ ജനത്തിൽ കാണുന്ന പരിഷ്‌കാര പരിശ്രമത്തിനൊത്ത ശ്രമവും ജന വാത്സല്യത്തിനൊത്ത വാത്സല്യവും കേരളത്തിലുള്ള മുസ്‌ലിം ജനത്തിലും കൽപിച്ചു തരേണമേ. 22 വത്സരമായി ഞാൻ നടത്തിവരുന്ന പ്രോത്സാഹ ഫലം കണ്ട് മരിക്കുമാറാക്കി രക്ഷിക്കേണമേ!-ആമീൻ."[21]

**Ref:**

1) മക്തി മനഃക്ലേശം-സമ്പൂർണ കൃതികൾ, പേജ് 564.

2) ലഘുലേഖ 4, പാലില്ലാ പായസം-സമ്പൂർണ കൃതികൾ, പേജ് 482.

3) സ്വജനാർഥ വിലാപം-മക്തി മനഃക്ലേശം (ആത്മകഥ). സമ്പൂർണ കൃതികൾ, പേജ് 689.

4) ലഘുലേഖ 4, പാലില്ലാ പായസം-സമ്പൂർണ കൃതികൾ, പേജ് 482.

5) സ്വജനാർഥ വിലാപം-മക്തി മനഃക്ലേശം, സമ്പൂർണ കൃതികൾ, പേജ് 712.

6) അതേ അവലംബം.

7) തമിഴ് രാജ്യം മുതൽ മലയാള രാജ്യനിവാസികളായ മുസ്‌ലിം ജനവും വിദ്യാഭ്യാസവും- മുസ്‌ലിം ജനവും വിദ്യാഭ്യാസവും -സമ്പൂർണ കൃതികൾ, പേജ് 438.

8) അതേ അവലംബം, പേജ് 439.

9) അതേ അവലംബം, പേജ് 439.

10. കെ.കെ മുഹമ്മദ് അബ്ദുൽ കരീം- മക്ദി തങ്ങളുടെ ജീവചരിത്രം, യുവത, 1997 ഡിസംബർ, പേജ് 28, 29.

11) തമിഴ് രാജ്യം മുതൽ മലയാള രാജ്യനിവാസികളായ മുസ്‌ലിം ജനവും വിദ്യാഭ്യാസവും- മുസ്‌ലിം ജനവും വിദ്യാഭ്യാസവും -സമ്പൂർണ കൃതികൾ, പേജ് 438.

12) അതേ അവലംബം, പേജ് 440.

13) അതേ അവലംബം, പേജ് 438, 439.

14) ഇന്നത്തെ മലബാറിന്റെ മിക്ക പ്രദേശങ്ങളും മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു.

15) മുസ്‌ലിം ജനവും വിദ്യാഭ്യാസവും-സമ്പൂർണ കൃതികൾ, പേജ് 439.

16) അതേ അവലംബം, പേജ് 439.

17) അതേ അവലംബം, പേജ് 439.

18) അതേ അവലംബം, പേജ് 443.


19) ക്വുർആൻ വേദവിലാപം, സമ്പൂർണ കൃതികർ, പേജ് 565.

20) തങ്ങളുടെ കാലത്തെ ശൈലി ഗ്രഹിക്കുക എന്നർഥം. അറബി ഭാഷയിലെ ഇദ്റാക് എന്ന പദത്തിന്റെ മൊഴിഭേദം.

21) ക്വുർആൻ വേദവിലാപം, സമ്പൂർണ കൃതികർ, പേജ് 565.

റിയാസ് സ്വലാഹി തളിപ്പറമ്പ്
mail@nerpatham.com

ലേഖനം



# അപമാനത്തെ അലങ്കാരമാക്കരുത്

തബൂക്ക് യുദ്ധവേളയിൽ കപടവിശ്വാസികൾ യുദ്ധത്തിൽ നിന്ന് പിന്തിരിഞ്ഞ് വഞ്ചനകാണിച്ചു. സത്യവിശ്വാസികളായ മൂന്ന് പേരും പിന്തിരിഞ്ഞവരിൽ ഉണ്ടായിരുന്നു. കഅ്ബ് ഇബ്നു മാലിക്ؓ, മറാറത്ത് ഇബ്നു റബീഅ്ؓ, ഹിലാലുബ്നു ഉമയ്യؓ എന്നിവരാണവർ. യുദ്ധം അവസാനിച്ച് തിരിച്ചുവന്ന നബിﷺ യോട് കപട വിശ്വാസികളായ ആളുകൾ കളവ് പറഞ്ഞ് ഒഴിവ് കഴിവുകൾ ബോധിപ്പിച്ച് തൽക്കാലം രക്ഷപ്പെട്ടു. എന്നാൽ ഈ മൂന്ന് സ്വഹാബികളും സത്യം മാത്രം പറഞ്ഞു. അവർ പ്രത്യേകിച്ച് ഒഴിവ് കഴിവൊന്നും പറഞ്ഞില്ല. അന്നുവരെ ഇല്ലാത്ത മാനസിക സംഘർഷവും ബഹിഷ്കരണവുമായിരുന്നു അവർക്കുണ്ടായിരുന്നത്. അവരുടെ കാര്യത്തിൽ അല്ലാഹു തീരുമാനമെടുക്കട്ടെ എന്നാണ് നബിﷺ പ്രതികരിച്ചത്.

വലിയ പ്രയാസങ്ങളും മാനസിക സംഘർഷവും ഉണ്ടായിട്ടും സത്യസന്ധത പുലർത്തിയ ആ സ്വഹാബിമാർ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്തു. കരഞ്ഞു കലങ്ങിയ കണ്ണുകളുമായി ഒരു മാസം കഴിച്ചു കൂട്ടിയ അവരുടെ മാനസിക പ്രയാസത്തെക്കുറിച്ച് അല്ലാഹു

പറയുന്നു: "...ഭൂമി വിശാലമായിട്ട് കൂടി അവർക്കത് ഇടുങ്ങിയതായിത്തീരുകയും തങ്ങളുടെ മനസ്സുകൾ തന്നെ അവർക്ക് ഞെരുങ്ങിപ്പോകുകയും അല്ലാഹുവിങ്കൽ നിന്ന് രക്ഷതേടുവാൻ അവങ്കലല്ലാതെ അഭയസ്ഥാനമില്ലെന്ന് അവർ മനസ്സിലാക്കുകയും ചെയ്തപ്പോൾ..." (ക്വുർആൻ 9:118).

സത്യവിശ്വാസികളുടെ സത്യസന്ധതയും കപടന്മാരുടെ കള്ളത്തരവും പ്രകടമായ ഈ സംഭത്തിന്റെ പശ്ചാത്തലത്തിൽ നിന്ന് നമുക്ക് വ്യക്തമാകുന്ന രണ്ട് കാര്യങ്ങളുണ്ട്.

ഒന്ന്: സത്യത്തിന്റെ കൂടെ നിൽക്കുന്നതായി നടിക്കുകയും മനസ്സിൽ കാപട്യം വെച്ചുപുലർത്തുകയും ചെയ്യുന്നവരെ കാത്തിരിക്കുന്നത് പരാജയമാണ്. അവർ ജനങ്ങളെ തൃപ്തിപ്പെടുത്തുവാനും അവരുടെ തൃപ്തി നേടുവാനുമാണ് ശ്രമിക്കുന്നത്. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവിന്റെ തൃപ്തിയാണ് ആഗ്രഹിക്കേണ്ടത്. അല്ലാഹു പറയുന്നു:

"നിങ്ങളോടവർ സത്യം ചെയ്യുന്നത് നിങ്ങൾക്ക് അവരെപ്പറ്റി തൃപ്തിയാകുവാൻ വേണ്ടിയാണ്. ഇനി നിങ്ങൾക്ക് അവരെപ്പറ്റി തൃപ്തിയായാൽ തന്നെയും അല്ലാഹു അധർമകാരികളായ ആളുകളെപ്പറ്റി തൃപ്തിപ്പെടുകയില്ല; തീർച്ച" (ക്വുർആൻ 9:96).

ആര് അതൃപ്തി കാണിച്ചാലും അല്ലാഹുവിന്റെ തൃപ്തി ലഭിക്കുവാനാണ് സത്യവിശ്വാസികൾ ശ്രമിക്കേണ്ടത്. നബിﷺ പറഞ്ഞു: "ആരെങ്കിലും ജനങ്ങളുടെ വെറുപ്പ് സഹിച്ചുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കാംക്ഷിക്കുന്നുവെങ്കിൽ മറ്റുള്ളവരെ ആശ്രയിക്കുന്നതിൽ നിന്ന് അല്ലാഹു അവനെ സംരക്ഷിക്കുന്നതാണ്. ആരെങ്കിലും അല്ലാഹുവിന്റെ കോപമുണ്ടായാലും ജനങ്ങളുടെ തൃപ്തി ലഭിക്കണമെന്നാശിച്ചാൽ അവനെ അല്ലാഹു ജനങ്ങൾക്ക് ഏൽപിച്ചു കൊടുക്കും" (തിർമിദി).

രണ്ട്: സത്യസന്ധരെ അല്ലാഹു ഇഷ്ടപ്പെടുന്നു. ജീവിതത്തിൽ സത്യസന്ധത പുലർത്തുകയും സത്യവാന്മാരോടൊപ്പം നിലകൊള്ളുകയും ചെയ്യുക എന്നത് സത്യവിശ്വാസിയുടെ ബാധ്യതയാണ്. ഭൗതികമായ എന്ത് നഷ്ടവും അതിന്റെ പേരിൽ സഹിക്കാൻ കഴിയണം. സത്യം പുണ്യത്തിലേക്ക് നയിക്കും പുണ്യം സ്വർഗത്തിലേക്കും വഴിനടത്തും; കളവ് അധർമത്തിലേക്കും അധർമം നരകത്തിലേക്കും.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും സത്യവാന്മാരുട കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക" (ക്വുർആൻ 9:119).

സത്യസന്ധൻമാർക്ക് അതിമഹത്തായ സ്ഥാനമാണ് അല്ലാഹു ഒരുക്കി വെച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു: "ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യസന്ധന്മാർ, രക്തസാക്ഷികൾ, സച്ചരിതർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ലകൂട്ടുകാർ!" (ക്വുർആൻ 4:69).

കളവിന്റെ പര്യവസാനം വളരെ ദാരുണമാണ്. അവർക്ക് എത്തിച്ചേരാനുള്ള സങ്കേതം ഭയാനകവും. അല്ലാഹുവിന്റെയടുക്കൽ 'പെരുങ്കള്ളൻ' എന്ന പദവി ലഭിക്കുന്നത് എന്തുമാത്രം അപമാനകരമാണ്.

ഒരു സത്യവിശ്വാസിക്ക് ഒരിക്കലും കളവ് പറയാൻ സാധ്യമല്ല. അവന്റെ നാവ് അതിന് സമ്മതിക്കുകയുമില്ല. കാരണം കളവ് പറയൽ കപട വിശ്വാസിയുടെ സ്വഭാവമാണ്.

"...തീർച്ചയായും കപട വിശ്വാസികൾ കള്ളംപറയുന്നവരാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു" (ക്വുർആൻ 63:1).

എല്ലാതരം കളവുകളെയും നാം ഭ




**മതം പ്രചരിപ്പിക്കുവാൻ വേണ്ടി കളവ് പറയുവാൻ അല്ലാഹു അനുവാദം നൽകിയിട്ടില്ല. ക്വുർആൻ വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുവാനും വളച്ചൊടിക്കുവാനും മടിയില്ലാത്ത പണ്ഡിതവേഷധാരികൾ ഏത് ഇസ്ലാമിനെയാണ് പ്രതിനിധീകരിക്കുന്നത്? അതുകൊണ്ട് പരലോകത്ത് എന്ത് നേട്ടമാണ് അവർ ആഗ്രഹിക്കുന്നത്? ലജ്ജയില്ലെങ്കിൽ മനുഷ്യൻ തോന്നിയതുപോലെ എന്തും പ്രവർത്തിക്കുകയും പറയുകയും ചെയ്യും.**

**യാഥാർഥ്യങ്ങളെ വളച്ചൊടിച്ച് അവതരിപ്പിക്കുകയും മറ്റുള്ളവരുടെ പേരിൽ കളവ് കെട്ടിച്ചമക്കുകയും ചെയ്യുന്നത് ഗുരുതരമായ തെറ്റാണ്. കേട്ടതിനെക്കാൾ അധികരിപ്പിച്ച്, പൊടിപ്പും തൊങ്ങലുംവെച്ച് കാര്യങ്ങൾ പറയുന്നത് ചിലർക്കൊക്കെ ഒരു വിനോദമാണ്. നേതാക്കന്മാർക്ക് വേണ്ടി കള്ളം പ്രചരിപ്പിക്കുന്ന അണികളും സംഘടനക്ക് വേണ്ടിയോ സ്വന്തം താൽപര്യസംരക്ഷണാർഥമോ കള്ളം പറയുന്ന നേതാക്കളുമുണ്ട്. കച്ചവട രംഗത്തും രാഷ്ട്രീയരംഗത്തും കള്ളവും കള്ളത്തരവും ആവാം എന്ന ധാരണയും ചിലർക്കുണ്ട്. അങ്ങനെയൊരു ഇളവ് ഇസ്‌ലാം നൽകുന്നില്ല. കേട്ടതൊക്കെ പറഞ്ഞുനടക്കൽ തന്നെ തെറ്റാണെന്ന് നബിﷺ പറഞ്ഞിരിക്കെ കേട്ടതിൽ കളവ് കൂട്ടിച്ചേർത്ത് പ്രചരിപ്പിക്കൽ എത്ര വലിയ പാപമാണ്!**

യപ്പെടേണ്ടതുണ്ട്. പ്രത്യേകിച്ച് അല്ലാഹുവിന്റെയും പ്രവാചകന്റെയും പേരിലുള്ള കളവുകളെ. അല്ലാഹുവിന് പങ്കുകാരുണ്ടെന്ന വാദം തനിച്ച കള്ളമാണ്.

ഇബ്റാഹിം നബി(അ) പിതാവിനോടും ജനതയോടും പറഞ്ഞത് ക്വുർആൻ എടുത്തുകാട്ടുന്നു: "തന്റെ പിതാവിനോടും ജനതയോടും അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം: എന്തൊന്നിനെയാണ് നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവിന്നു പുറമെ വ്യാജമായി നിങ്ങൾ മറ്റു ദൈവങ്ങളെ ആഗ്രഹിക്കുകയാണോ?" (ക്വുർആൻ 37:85-86).

ഊഹങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം അന്യരെ സംബന്ധിച്ച് അപവാദം പ്രചരിപ്പിക്കുന്ന ആളുകളുണ്ട്. ഊഹങ്ങളെ സൂക്ഷിക്കണമെന്ന് നബിﷺ താക്കീത് നൽകിയിട്ടുണ്ട്.

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: "നിങ്ങൾ ഊഹങ്ങളെ സൂക്ഷിക്കണം. കാരണം ഊഹമെന്നത് വർത്തമാനത്തിലെ ഏറ്റവും വലിയ കളവാണ്" (ബുഖാരി).

അന്യരുടെ ധനം അപഹരിച്ചെടുക്കുന്നതിനും മറ്റ് സ്വാർഥ താൽപര്യങ്ങൾക്കുമായി കള്ളസത്യം പറയുന്നവരുണ്ട്. അവർ വലിയ പാപമാണ് ചെയ്യുന്നത്.

നബിﷺ പറഞ്ഞു: "ആരെങ്കിലും സത്യം ചെയ്ത് ഒരു മുസ്‌ലിമിന്ന് അവകാശപ്പെട്ടത് അപഹരിച്ചെടുത്താൽ അല്ലാഹു അവന് നരകം നിർബന്ധമാക്കുകയും സ്വർഗം നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു." അപ്പോൾ ഒരാൾ ചോദിച്ചു: "വളരെ നിസ്സാരമായതെന്തെങ്കിലുമാണെങ്കിലോ?" നബിﷺ പറഞ്ഞു: "ഒരു അറാക്കിന്റെ കൊള്ളിയാണെങ്കിലും ശരി" (അഹമ്മദ്)

പരസ്പര ബന്ധങ്ങളിലും ഇടപാടുകളിലും കളവു വരുന്നതിനെ നാം സൂക്ഷിക്കണം. യഥാർഥ്യങ്ങളെ വളച്ചൊടിച്ച് അവതരിപ്പിക്കുകയും മറ്റുള്ളവരുടെ പേരിൽ കളവ് കെട്ടിച്ചമക്കുകയും ചെയ്യുന്നത് ഗുരുതരമായ തെറ്റാണ്. കേട്ടതിനെക്കാൾ അധികരിപ്പിച്ച്, പൊടിപ്പും തൊങ്ങലുംവെച്ച് കാര്യങ്ങൾ പറയുന്നത് ചിലർക്കൊക്കെ ഒരു വിനോദമാണ്. കേട്ടതൊക്കെ പറഞ്ഞുനടക്കൽ തന്നെ തെറ്റാണെന്ന് നബിﷺ പറഞ്ഞിരിക്കെ കേട്ടതിൽ കളവ് കൂട്ടിച്ചേർത്ത് പ്രചരിപ്പിക്കൽ എത്ര വലിയ പാപമാണ്!

മറ്റുള്ളവരെ ചിരിപ്പിക്കുവാൻ വേണ്ടി കളവു പറയുന്നത് ഇന്നൊരു ട്രെൻഡാണ്. പ്രവാചകൻﷺ പറഞ്ഞു: "സംസാരിക്കുമ്പോൾ ജനങ്ങളെ ചിരിപ്പിക്കുന്നതിനായി നുണ പറയുന്നവന് നാശം! അവനു നാശം! അവനു നാശം!" (തിർമിദി).

നേതാക്കന്മാർക്ക് വേണ്ടി കള്ളം പ്രചരിപ്പിക്കുന്ന അണികളും സംഘടനക്ക് വേണ്ടിയോ സ്വന്തം താൽപര്യസംരക്ഷണാർഥമോ കള്ളം പറയുന്ന നേതാക്കളുമുണ്ട്. കച്ചവട രംഗത്തും രാഷ്ട്രീയരംഗത്തും കള്ളവും കള്ളത്തരവും ആവാം എന്ന ധാരണയും ചിലർക്കുണ്ട്. അങ്ങനെയൊരു ഇളവ് ഇസ്‌ലാം നൽകുന്നില്ല.

ഹിർഖൽ ചക്രവർത്തി മുഹമ്മദ് നബിﷺയെപ്പറ്റി അബൂസുഫ്‌യാനോട് ചോദിച്ചപ്പോൾ അന്ന് അവിശ്വാസിയായ അബൂസുഫ്‌യാൻ പോലും നബിﷺയെ കുറിച്ച് കളവ് പറയുവാൻ തുനിഞ്ഞില്ല എന്നത് ഓർക്കുക. പ്രവാചകൻ സത്യം മാത്രം പറയുന്നവനും വഞ്ചന കാണിക്കാത്തവനുമാണ് എന്നാണ് അദ്ദേഹം പറഞ്ഞത്.


മതം പ്രചരിപ്പിക്കുവാൻ വേണ്ടി കളവ് പറയുവാൻ അല്ലാഹു അനുവാദം നൽകിയിട്ടില്ല. ക്വുർആൻ വചനങ്ങളെ ദുർവ്യഖ്യാനം ചെയ്യുവാനും വളച്ചൊടിക്കുവാനും മടിയില്ലാത്ത പണ്ഡിതവേഷധാരികൾ ഏത് ഇസ്‌ലാമിനെയാണ് പ്രതിനിധീകരിക്കുന്നത്? അതുകൊണ്ട് പരലോകത്ത് എന്ത് നേട്ടമാണ് അവർ ആഗ്രഹിക്കുന്നത്? ലജ്ജയില്ലെങ്കിൽ മനുഷ്യൻ തോന്നിയതുപോലെ എന്തും പ്രവർത്തിക്കുകയും പറയുകയും ചെയ്യും.

ജീവിത വിശുദ്ധി പരമപ്രധാനമാണ്. ആകർഷകമായ വേഷഭൂഷാധികളും മലിനമായ മനസ്സുംകൊണ്ട ജീവിച്ചാൽ ഭൗതികമായ തൽക്കാലം വല്ല നേട്ടവും കിട്ടിയേക്കാം. എന്നാൽ പരലോകത്ത് അത്തരക്കാരെ കാത്തിരിക്കുന്നത് കനത്ത ശിക്ഷയാണ്. കരുതലോടെ ജീവിച്ചാൽ സ്രഷ്ടാവിന്റെ കാവലുണ്ടാകും. ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com



സുലൈമാൻ നബി(അ): 7



# പ്രാർഥനയുടെ ഫലങ്ങൾ

**അ**ല്ലാഹു സുലൈമാൻ നബി(അ)യുടെ പല പ്രാർഥനകൾക്കും ഇഹലോകത്ത് വെച്ച് തന്നെ ഉത്തരം നൽകി. മറ്റു പ്രവാചകന്മാർക്ക് ആർക്കും നൽകിട്ടില്ലാത്ത കാര്യങ്ങളാണ് സുലൈമാൻ നബി(അ)യിലൂടെ അല്ലാഹു പ്രകടമാക്കിയത്.

"അപ്പോൾ അദ്ദേഹത്തിന് കാറ്റിനെ നാം കീഴ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിന്റെ കൽപന പ്രകാരം അദ്ദേഹം ലക്ഷ്യമാക്കിയേടത്തേക്ക് സൗമ്യമായ നിലയിൽ അത് സഞ്ചരിക്കുന്നു. എല്ലാ കെട്ടിടനിർമാണ വിദഗ്ധരും മുങ്ങൽ വിദഗ്ധരുമായ പിശാചുക്കളെയും (അദ്ദേഹത്തിന്നു കീഴ്പെടുത്തികൊടുത്തു).ചങ്ങലകളിൽ ബന്ധിക്കപ്പെട്ട മറ്റു ചിലരെ(പിശാചുക്കളെ)യും (അധീനപ്പെടുത്തിക്കൊടുത്തു)" (ക്വുർആൻ 38:36-38).

"സുലൈമാന്ന് ശക്തിയായി വീശുന്ന കാറ്റിനെയും (നാം കീഴ്പെടുത്തിക്കൊടുത്തു). നാം അനുഗ്രഹം നൽകിയിട്ടുള്ള ഭൂപ്രദേശത്തേക്ക് അദ്ദേഹത്തിന്റെ കൽപന പ്രകാരം അത് (കാറ്റ്) സഞ്ചരിച്ച് കൊണ്ടിരുന്നു. എല്ലാ കാര്യത്തെ പറ്റിയും നാം അറിവുള്ളവനാകുന്നു. പിശാചുക്കളുടെ കൂട്ടത്തിൽ നിന്ന് അദ്ദേഹത്തിന് വേണ്ടി (കടലിൽ) മുങ്ങുന്ന ചിലരെയും (നാം കീഴ്പെടുത്തിക്കൊടുത്തു). അതു കൂടാതെ മറ്റു ചില പ്രവൃത്തികളും അവർ ചെയ്തിരുന്നു. നാമായിരുന്നു അവരെ കാത്തുസൂക്ഷിച്ചു കൊണ്ടിരുന്നത്" (21:81,82).

**സുലൈമാൻ നബിﷺയുടെ പേരിൽ ആഭിചാരവൃത്തിയും (സിഹ്ർ) അവർ ആരോപിച്ചിട്ടുണ്ട്. ഇസ്‌ലാം വൻപാപങ്ങളിലൊന്നായി കാണുന്ന 'മാരണം' ചെയ്തിരുന്ന ആളായിരുന്നു സുലൈമാൻﷺ എന്നാണ് അവർ പ്രചരിപ്പിക്കുന്നത്. ജിന്നുകൾ, പറവകൾ, കാറ്റ് മുതലായവയെ കീഴ്പെടുത്തുക തുടങ്ങി മറ്റാർക്കും സിദ്ധിക്കാത്ത പല കഴിവുകളും അദ്ദേഹത്തിന് സിദ്ധിച്ചത് അദ്ദേഹം വിദഗ്ധനായ ഒരു മാരണക്കാരനായതിനാലായിരുന്നു എന്നാണ് അവർ പറയുന്നത്. അല്ലാഹു ഇവരുടെ ഈ ആരോപണങ്ങളെയെല്ലാം നിശിതമായി വിമർശിച്ചിട്ടുണ്ട്.**

"സുലൈമാന്ന് കാറ്റിനെയും (നാം കീഴ്പെടുത്തിക്കൊടുത്തു). അതിന്റെ പ്രഭാത സഞ്ചാരം ഒരു മാസത്തെ ദൂരവും അതിന്റെ സായാഹ്ന സഞ്ചാരം ഒരു മാസത്തെ ദൂരവുമാകുന്നു" (34:12).

അല്ലാഹു അദ്ദേഹത്തിന് പലതും കീഴ്പെടുത്തിക്കൊടുത്തു. കാറ്റ് അതിൽ പെട്ടതായിരുന്നു. സുലൈമാൻﷺ കൽപിക്കുന്നിടത്തേക്ക് ആ കാറ്റ് സഞ്ചരിക്കും. ആർക്കും അപകടങ്ങളൊന്നും സംഭവിക്കാത്ത വിധത്തിൽ അത് അദ്ദേഹത്തിന്റെ കൽപന പ്രകാരം വീശിക്കൊണ്ടിരിക്കും. സുലൈമാൻﷺ ആ കാറ്റിലൂടെ രാവിലെ യാത്രയായാൽ ഒരു മാസത്തെ വഴിദൂരം അദ്ദേഹത്തിന് പിന്നിടാൻ സാധിക്കുമായിരുന്നു; അതു പോലെ തന്നെ വൈകുന്നേര സമയത്തെ കാറ്റിലും. പല രൂപത്തിലുള്ള ജോലികൾ ചെയ്യുന്ന പിശാചുക്കളെയും അല്ലാഹു അദ്ദേഹത്തിന് കീഴ്പെടുത്തിക്കൊടുത്തു.

സുലൈമാൻﷺ കാറ്റിലൂടെ സഞ്ചരിച്ചിരുന്നത് എപ്രകാരമായിരുന്നു എന്ന് നമുക്ക് വ്യക്തമാക്കപ്പെട്ടിട്ടില്ല. തേര് പോലെയുള്ള എന്തോ ഒരു സംവിധാനം ഉണ്ടായിരുന്നുവെന്നും അതിലായിരുന്നു സുലൈമാൻﷺയും പരിവാരങ്ങളും കയറിയിരുന്നതെന്നും അത് വളരെ വേഗത്തിൽ മൈലുകളോളം അവരെയും താണ്ടി പോയിരുന്നുവെന്നും ചിലർ വിശദീകരിച്ചു കാണുന്നു. കടൽ മാർഗത്തിലൂടെ പല രാജ്യങ്ങളിലേക്കും കച്ചവടത്തിനും മറ്റും ആളുകൾ യാത്ര പോയിരുന്ന ഒരു കാലഘട്ടമായിരുന്നു അതെന്നും കാറ്റുകളുടെ ഗതിക്ക് അനുസരിച്ച് സഞ്ചരിക്കുന്ന കപ്പലിൽ യാത്രചെയ്യുവാൻ സുലൈമാൻﷺ തനിക്ക് കീഴ്പെടുത്തപ്പെട്ട കാറ്റിനെ പ്രയോജനപ്പെടുത്തി എന്നും പണ്ഡിതവ്യഖ്യാനങ്ങൾ കാണാം.

ഒരു ഹദീഥ് ഇതിനോട് ചേർത്ത് വായിക്കുക: അബൂഹുറയ്റഃﷺവിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "ജിന്നുകളിൽ പെട്ട ഒരു മല്ലൻ എന്റെ നമസ്കാരം മുറിച്ചു കളയുന്നതിന് വേണ്ടി എന്റെ മേൽ ചാടി. അപ്പോൾ അവനിൽ നിന്ന് അല്ലാഹു എനിക്ക് സൗകര്യം നൽകി. അങ്ങനെ അവനെ പള്ളിയുടെ ഒരു തൂണിൽ ബന്ധിക്കുവാനും അങ്ങനെ നിങ്ങൾ പ്രഭാതത്തിൽ ആയാൽ അവനെ നിങ്ങൾ എല്ലാവരും നോക്കിക്കാണുവാനും ഞാൻ ഉദ്ദേശിച്ചു. അപ്പോൾ ഞാൻ എന്റെ സഹോദരൻ സുലൈമാന്റെ വാക്ക് ഓർത്തുപോയി. (അത് ഇപ്രകാരമായിരുന്നു): 'എന്റെ രക്ഷിതാവേ, എനിക്ക് ശേഷം ഒരാൾക്കും തരപ്പെടാത്ത ഒരു രാജവാഴ്ച നീ എനിക്ക് പ്രദാനം ചെയ്യുകയും ചെയ്യേണമേ" (ബുഖാരി). ഇതുപോലെ മറ്റൊരു സംഭവവും നമുക്ക് കാണാവുന്നതാണ്.

അബുദ്ദർദാഅ്ﷺവിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ (നമസ്കാരത്തിനായി) നിന്നു. അപ്പോൾ അവിടുന്ന് "നിന്നിൽ നിന്ന് ഞാൻ അല്ലാഹുവിനോട് അഭയം ചോദിക്കുന്നു" എന്ന് പറയുന്നതായി ഞങ്ങൾ കേൾക്കുകയുണ്ടായി. പിന്നീട്, 'അല്ലാഹുവിന്റ ശാപം കൊണ്ട് ഞാൻ നിന്നെ ശപിക്കുന്നു' എന്ന് മൂന്ന് തവണ പറഞ്ഞു. (എന്നിട്ട്) നബിﷺ എന്തോ പിടിക്കുന്നത് പോലെ കൈ നീട്ടി. നമസ്കാരത്തിൽ നിന്ന് വിരമിച്ചപ്പോൾ ഞങ്ങൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, മുമ്പൊന്നും നമസ്കാരത്തിൽ താങ്കൾ പറയാത്തത് എന്തോ നസ്കാരത്തിൽ അവിടുന്ന് പറയുന്നത് ഞങ്ങൾ കേൾക്കുകയുണ്ടായല്ലോ. അങ്ങയുടെ കൈ നീട്ടുന്നത് ഞങ്ങൾ കാണുകയും ചെയ്തു.' നബിﷺ പറഞ്ഞു: 'തീച്ചയായും അല്ലാഹുവിന്റെ ശത്രുവായ ഇബ്‌ലീസ് നരകത്തിൽ നിന്നുള്ള ഒരു ജ്വാല എന്റെ മുഖത്ത് ആക്കുന്നതിനായി കൊണ്ടു വന്നു. അപ്പോൾ ഞാൻ 'നിന്നിൽ നിന്ന് അല്ലാഹുവിനോട് ഞാൻ അഭയം ചോദിക്കുന്നു എന്ന് മൂന്ന് തവണ പറഞ്ഞു. പിന്നീട് 'അല്ലാഹുവിന്റെ മുഴുവൻ ശാപം കൊണ്ട് ഞാൻ നിന്നെ ശപിക്കുന്നു' എന്ന് മൂന്ന് തവണ പറഞ്ഞു. അപ്പോൾ അവൻ പുറകോട്ട് പോയില്ല. പിന്നീട് ഞാൻ അവനെ പിടിക്കാൻ ഉദ്ദേശിച്ചു. അല്ലാഹുവാണെ സത്യം! നമ്മുടെ സഹോദരൻ സുലൈമാൻ നബിയുടെ പ്രാർഥനയില്ലായിരുന്നുവെങ്കിൽ മദീനക്കാരുടെ കുട്ടികൾ അവനെക്കൊണ്ട് കളിക്കുംവിധം അവൻ ബന്ധിതനാകുമായിരുന്നു" (മുസ്‌ലിം).

സുലൈമാൻ നബിﷺയുടെ അധികാരത്തിന്റെ ശക്തിയെയും അവിടുത്തെ പ്രാർഥനയെയും മുഹമ്മദ് നബിﷺ പോലും ആദരിച്ചതിന്റെ ഉദാഹരണമാണിത്. അല്ലാഹു പറയുന്നു:

"ഇത് നമ്മുടെ ദാനമാകുന്നു. ആകയാൽ നീ ഔദാര്യം ചെയ്യുകയോ കൈവശം വെച്ച് കൊള്ളുകയോ ചെയ്യുക. കണക്കു ചോദിക്കൽ ഉണ്ടാവില്ല. (എന്ന് നാം സുലൈമാനോട് പറയുകയും ചെയ്തു). തീർച്ചയായും അദ്ദേഹത്തിന് നമ്മുടെ അടുക്കൽ സാമീപ്യമുണ്ട്. മടങ്ങിയെത്താൻ ഉത്തമമായ സ്ഥാനവും" (ക്വുർആൻ 38:39,40).

അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ എത്രയും വിനിയോഗിക്കാൻ സന്നദ്ധനാണ് സുലൈമാൻ(عليه السلام) എന്ന് അല്ലാഹുവിന്ന് നന്നായി അറിയുമല്ലോ. അദ്ദേഹത്തിന് അല്ലാഹു അധീനമാക്കിക്കൊടുത്തിട്ടുള്ള അനുഗ്രഹങ്ങളെയെല്ലാം യഥേഷ്ടം വിനിയോഗിക്കുവാൻ അല്ലാഹു സ്വാതന്ത്ര്യം നൽകുകയും ചെയ്തു.

അല്ലാഹുവിനോട് അങ്ങേയറ്റം നന്ദി കാണിച്ചിരുന്ന അടിമയായ, ഏത് അനുഗ്രഹത്തിനും അല്ലാഹുവിനെ ഓർത്തു വിനീതനായി മാറിയ, അല്ലാഹു ഏറെ മഹത്വപ്പെടുത്തിയ, അല്ലാഹുവിങ്കൽ വലിയ സ്ഥാനമുണ്ടെന്നും സ്വർഗത്തിൽ ഏറ്റവും നല്ല സ്ഥാനമാണുണ്ടായിരിക്കുക എന്നും സുവിശേഷം അറിയിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള സുലൈമാൻ നബി(عليه السلام) വിശ്വാസികൾക്ക് മാതൃകയാണ്.

മഹാന്മാരായ പ്രവാചകന്മാരെയും സദ്വൃത്തരെയും അപമാനിക്കലും നിന്ദിക്കലും യഹൂദികളിൽപണ്ടേയുള്ള ദുർഗുണമാണല്ലോ. എത്രയോ പ്രവാചകന്മാരെയും സജ്ജനങ്ങളെയും അന്യായമായി കൊന്നു തള്ളിയതിന്റെ പാരമ്പര്യമുള്ള വിഭാഗമാണവർ. ഈ വർഗസ്വഭാവം എക്കാലത്തും അവരിൽ നില നിൽക്കുന്നതുമാണ്. നല്ലവരായ ആളുകളെ നന്മയുടെ മാർഗത്തിൽ നിന്ന് തടയലും അവർക്ക് വിലക്ക് ഏർപ്പെടുത്തലും അവർക്കെതിരിൽ കള്ള ആരോപണങ്ങൾ ഉന്നയിക്കലും ജൂതന്മാരുടെ എക്കാലത്തെയും ചര്യയാണ്.

യഹൂദികൾ സുലൈമാൻ നബി(عليه السلام)യെ ഒരു പ്രവാചകനായി പോലും അംഗീകരിക്കാത്തവരാണ്. മാത്രവുമല്ല, അക്രമിയും ധൂർത്തനും സ്വേഛാധിപതിയുമായ ഒരു രാജാവായി അവർ അദ്ദേഹത്തെ ചിത്രീകരിച്ചിട്ടുണ്ട്. വിഗ്രഹാരാധന എന്ന ബഹുദൈവാരാധന പോലും അദ്ദേഹത്തിന്റെ പേരിൽ അവർ ആരോപിച്ചു. സുലൈമാൻ നബി(عليه السلام)യെക്കുറിച്ച് അവർ പറഞ്ഞത് കാണുക: "അനേകം ഭാര്യമാരുടെ പ്രേരണക്ക് വശംവദനായി അന്യദേവന്മാരെ ആരാധിക്കയാലും വ്യർഥാഡംബരങ്ങൾക്കായി അനവധി ദ്രവ്യം ദുർവ്യയം ചെയ്കയാലും തന്റെ രാജ്യത്തിൽ താനുണ്ടാക്കിയ അഭിവൃദ്ധിയെല്ലാം നഷ്ടമാക്കി. തനിക്കുണ്ടായിരുന്ന ജ്ഞാനത്താൽ തന്നെത്താൻ നിയന്ത്രിച്ചു നടത്തുന്നതിന് പ്രാപ്തിയില്ലാതെ സ്വാർഥ തൽപരതയും അഹംഭാവവും നിമിത്തം തനിക്കു മുമ്പുണ്ടായിരുന്ന മഹിമയെല്ലാം അവൻ ക്ഷയിപ്പിച്ചു"(വേദപുസ്തക നിഘണ്ടു, പേജ് 509).

**മഹാന്മാരായ പ്രവാചകന്മാരെയും സദ്വൃത്തരെയും അപമാനിക്കലും നിന്ദിക്കലും യഹൂദികളിൽപണ്ടേയുള്ള ദുർഗുണമാണല്ലോ. എത്രയോ പ്രവാചകന്മാരെയും സജ്ജനങ്ങളെയും അന്യായമായി കൊന്നു തള്ളിയതിന്റെ പാരമ്പര്യമുള്ള വിഭാഗമാണവർ. ഈ വർഗസ്വഭാവം എക്കാലത്തും അവരിൽ നില നിൽക്കുന്നതുമാണ്. നല്ലവരായ ആളുകളെ നന്മയുടെ മാർഗത്തിൽ നിന്ന് തടയലും അവർക്ക് വിലക്ക് ഏർപ്പെടുത്തലും അവർക്കെതിരിൽ കള്ള ആരോപണങ്ങൾ ഉന്നയിക്കലും ജൂതന്മാരുടെ എക്കാലത്തെയും ചര്യയാണ്.**

സുലൈമാൻ നബി(عليه السلام)യുടെ പേരിൽ ആഭിചാരവൃത്തിയും (സിഹ്ർ) അവർ ആരോപിച്ചിട്ടുണ്ട്. ഇസ്‌ലാം വൻപാപങ്ങളിലൊന്നായി കാണുന്ന 'മാരണം' ചെയ്തിരുന്ന ആളായിരുന്നു സുലൈമാൻ(عليه السلام) എന്നാണ് അവർ പ്രചരിപ്പിക്കുന്നത്. ജിന്നുകൾ, പറവകൾ, കാറ്റ് മുതലായവയെ കീഴ്പെടുത്തുക തുടങ്ങി മറ്റാർക്കും സിദ്ധിക്കാത്ത പല കഴിവുകളും അദ്ദേഹത്തിന് സിദ്ധിച്ചത് അദ്ദേഹം വിദഗ്ധനായ ഒരു മാരണക്കാരനായതിനാലായിരുന്നു എന്നാണ് അവർ പറയുന്നത്. അല്ലാഹു ഇവരുടെ ഈ ആരോപണങ്ങളെയെല്ലാം നിശിതമായി വിമർശിച്ചിട്ടുണ്ട്.

"സുലൈമാൻ നബിയുടെ രാജവാഴ്ചയുടെ (രഹസ്യമെന്ന) പേരിൽ പിശാചുക്കൾ പറഞ്ഞുപരത്തിക്കൊണ്ടിരുന്നത് അവർ (ഇസ്‌റാഈല്യർ) പിൻപറ്റുകയും ചെയ്തു. സുലൈമാൻ നബി ദൈവനിഷേധം കാണിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്ക് മാന്ത്രികവിദ്യ പഠിപ്പിച്ചുകൊടുത്ത് കൊണ്ട് പിശാചുക്കളാണ് ദൈവ നിഷേധത്തിൽ ഏർപെട്ടത്. ബാബിലോണിൽ ഹാറൂത്തെന്നും മാറൂത്തെന്നും പേരുള്ള രണ്ടു മലക്കുകൾക്ക് ലഭിച്ചതിനെയും (പറ്റി പിശാചുക്കൾ പറഞ്ഞുണ്ടാക്കിക്കൊണ്ടിരുന്നത് അവർ പിന്തുടർന്നു). എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇത് ഉപയോഗിച്ച്) ദൈവനിഷേധത്തിൽ ഏർപെടരുത് എന്ന് അവർ പറഞ്ഞുകൊടുക്കാതിരുന്നില്ല. അങ്ങ

**ഹാറൂത്ത്, മാറൂത്ത് മലക്കുകളിൽ നിന്ന് ഇണകൾ തമ്മിലുള്ള ബന്ധത്തെ മുറിച്ചു കളയുന്ന കാര്യം സിഹ്റിലൂടെ അവർ പഠിച്ചിരുന്നു. അങ്ങനെ വല്ല ഉപദ്രവവും വരുത്താൻ അവർ അത് ചെയ്താൽ തന്നെയും അല്ലാഹുവിന്റെ ഉത്തരവ് കൂടാതെ നടക്കുന്നതുമല്ല. സിഹ്ർ മുഖേന എന്തെങ്കിലും വരുത്താൻ കഴിയുന്നത് മാരണക്കാരന് അഭൗതികമായ എന്തെങ്കിലും കഴിവ് ഉള്ളത് കൊണ്ടല്ല. ഈ ലോകത്ത് എന്ത് സംഭവിക്കണമെങ്കിലും അല്ലാഹുവിന്റെ തീരുമാനം വേണമല്ലോ. ഗുണമായോ ദോഷമായോ വല്ലതും സംഭവിക്കുവാൻ സിഹ്ർ എന്ന ക്ഷുദ്രപ്രവർത്തനത്തെ അല്ലാഹു കാരണമാക്കിയിട്ടുണ്ടെങ്കിൽ അത് സംഭവിക്കുന്നതിൽ യാതൊരു അത്ഭുതവുമില്ല. എന്നാൽ ഇത് സംഭവിക്കുന്നത് അഭൗതിക മാർഗത്തിലൂടെയാണെന്നോ, മാരണക്കാരന് അപ്രകാരം വല്ല കഴിവും ഉണ്ടെന്നോ വല്ലവനും വിശ്വസിക്കുന്നുവെങ്കിൽ അത് ബഹുദൈവ വിശ്വാസമായി. കാരണം മറഞ്ഞ മാർഗത്തിലൂടെ പ്രപഞ്ചത്തിൽ ഗുണവും ദോഷവും വരുത്താൻ കഴിയുന്നവൻ അല്ലാഹു മാത്രമാണ്.**

നെ അവരിൽ നിന്ന് ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ച് കൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല. അവർക്ക് തന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ചു കൊണ്ടിരുന്നത്. അത് (ആ വിദ്യ) ആർ വാങ്ങി(കൈവശപ്പെടുത്തി)യോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്. അവരുടെ ആത്മാവുകളെ വിറ്റ് അവർ വാങ്ങിയ വില വളരെ ചീത്ത തന്നെ. അവർക്ക് വിവരമുണ്ടായിരുന്നെങ്കിൽ!" (ക്വുർആൻ 2:102).

സുലൈമാൻ നബി(عليه السلام)യുടെ അധികാരത്തിന്റെ ശക്തിയും രഹസ്യവും പിശാചുക്കളും സിഹ്റും എല്ലാമാണെന്ന് പിശാചുക്കൾ ഓതിക്കൊടുത്തതിനെ ജൂതന്മാർ പിന്തുടർന്നു. എന്നാൽ സുലൈമാൻ(عليه السلام) ആഭിചാര പ്രവൃത്തികളൊന്നും തന്നെ ചെയ്യുകയോ നിഷേധിയാകുകയോ ചെയ്തിട്ടില്ല. എന്നാൽ നിഷേധികളായി മാറിയത് പിശാചുക്കളാണ്. കാരണം, അവരാണല്ലോ മനുഷ്യരെ ഈ ക്ഷുദ്രപ്രവൃത്തി പഠിപ്പിക്കുന്നത്.

ബാബിലോണിലുള്ള ഹാറൂത്ത്, മാറൂത്ത് എന്ന രണ്ടു മലക്കുകൾക്ക് അല്ലാഹു ചില കാര്യങ്ങൾ ഇറക്കിക്കൊടുത്തിരുന്നു. അവർക്ക് ചില വിജ്ഞാനം അല്ലാഹു പഠിപ്പിച്ചിരുന്നു. അവർ ജനങ്ങൾക്ക് പഠിപ്പിച്ചു കൊടുക്കുമ്പോൾ തുടക്കത്തിലേ പറയും: 'ഞങ്ങൾ ഒരു പരീക്ഷണമാണ്. ഈ സിഹ്റിന്റെ പ്രവർത്തനം എന്താണ് എന്ന് പഠിക്കലല്ലാതെ പ്രവർത്തിച്ചു പോകരുത്. അങ്ങനെ ചെയ്താൽ നിങ്ങൾ നിഷേധികളാകുന്നതാണ്' എന്നെല്ലാം.

ഹാറൂത്ത്, മാറൂത്ത് മലക്കുകളിൽ നിന്ന് ഇണകൾ തമ്മിലുള്ള ബന്ധത്തെ മുറിച്ചു കളയുന്ന കാര്യം സിഹ്റിലൂടെ അവർ പഠിച്ചിരുന്നു. അങ്ങനെ വല്ല ഉപദ്രവവും വരുത്താൻ അവർ അത് ചെയ്താൽ തന്നെയും അല്ലാഹുവിന്റെ ഉത്തരവ് കൂടാതെ നടക്കുന്നതുമല്ല. സിഹ്ർ മുഖേന എന്തെങ്കിലും വരുത്താൻ കഴിയുന്നത് മാരണക്കാരന് അഭൗതികമായ എന്തെങ്കിലും കഴിവ് ഉള്ളത് കൊണ്ടല്ല. ഈ ലോകത്ത് എന്ത് സംഭവിക്കണമെങ്കിലും അല്ലാഹുവിന്റെ തീരുമാനം വേണമല്ലോ. ഗുണമായോ ദോഷമായോ വല്ലതും സംഭവിക്കുവാൻ സിഹ്ർ എന്ന ക്ഷുദ്രപ്രവർത്തനത്തെ അല്ലാഹു കാരണമാക്കിയിട്ടുണ്ടെങ്കിൽ അത് സംഭവിക്കുന്നതിൽ യാതൊരു അത്ഭുതവുമില്ല. എന്നാൽ ഇത് സംഭവിക്കുന്നത് അഭൗതിക മാർഗത്തിലൂടെയാണെന്നോ, മാരണക്കാരന് അപ്രകാരം വല്ല കഴിവും ഉണ്ടെന്നോ വല്ലവനും വിശ്വസിക്കുന്നുവെങ്കിൽ അത് ബഹുദൈവ വിശ്വാസമായി. കാരണം മറഞ്ഞ മാർഗത്തിലൂടെ പ്രപഞ്ചത്തിൽ ഗുണവും ദോഷവും വരുത്താൻ കഴിയുന്നവൻ അല്ലാഹു മാത്രമാണ്.

കാര്യകാരണ ബന്ധം മനസ്സിലാക്കാൻ കഴിയാത്ത എല്ലാ ക്ഷുദ്ര പ്രവർത്തനത്തെയും സിഹ്ർ എന്ന് മനസ്സിലാക്കാം. സിഹ്റിന്റെ ഏതെല്ലാം ഇനമുണ്ടോ അവയിലെ കാര്യകാരണ ബന്ധം എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കുകയില്ല. ഈ കാര്യകാരണ ബന്ധം മനസ്സിലാക്കാൻ കഴിയാത്തതിനാൽ പലരും മാരണത്തിൽ വിശ്വസിച്ച് വലിയ അപകടത്തിൽ പെട്ടു പോയിട്ടുണ്ട്.

നമ്മുടെ നാടുകളിൽ ഇസ്മിന്റെയും ത്വൽസമാത്തിന്റെയും പ്രവർത്തനങ്ങൾ ചെയ്യുന്നവരുണ്ട്. മലക്ക്, ഭൂതം, പിശാചുക്കൾ, ദേവൻ, ദേവി, മരണപ്പെട്ട മഹാന്മാർ, നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ മുതലായവയോടെല്ലാം സഹായം ചോദിക്കുന്ന ചില പ്രത്യേക രൂപത്തിലുള്ള കർമ മുറകളും സിഹ്റിൽ വരുന്നുണ്ട്. മറ്റു ചിലപ്പോൾ വല്ല മരുന്നുകളും മന്ത്ര തന്ത്രങ്ങളും ഉൾപെടുത്തിയും, ഹോമവും ജപവും ഉറുക്കും നറുക്കും അക്കങ്ങളും തകിടുകളും എല്ലാം ഉപയോഗിച്ചും ചെയ്യുന്നവരുമുണ്ട്. ഹിപ്നോട്ടിസം,

കൈനോക്കൽ തുടങ്ങിയ ധാരാളം തരം പ്രവർത്തനങ്ങൾ മാരണ ക്രിയയിൽ ഉൾപെടുന്നവയവാണ്. ഇസ്‌ലാം ഇതെല്ലാം നിഷിദ്ധമാക്കിയിട്ടുണ്ട്. ചിലത് ഏറ്റവും വലിയ കുഫ്ർ വരെ ആയിത്തീരുന്നവയാണ്. പിശാചുക്കളോട് സഹായം ചോദിക്കലും അവരിൽ നിന്ന് ഗുണദോഷങ്ങൾ പ്രതീക്ഷിക്കലും ശിർക്കാണല്ലോ.

മറ്റുള്ളവർക്ക് ഗുണവും ദോഷവും വരുത്താനും ഇണക്കമോ പിണക്കമോ ഉണ്ടാക്കുവാനുമെല്ലാമാണ് സിഹ്‌റിലൂടെ പ്രതീക്ഷിക്കുന്നത്. ഇതെല്ലാമാണ് ഇവയുടെ ലക്ഷ്യമായി വരാറ്.

സിഹ്ർ ചെയ്യൽ ഹറാമാണ്; വൻപാപമാണ്. സത്യവിശ്വാസത്തിനും സത്യവിശ്വാസികൾക്കും യോജിക്കാത്ത പ്രവൃത്തിയാണ് മാരണം. അവിശ്വാസത്തിനും അവിശ്വാസികൾക്കും മാത്രം യോജിക്കാവുന്ന പ്രവർത്തിയാണ് അത്.

സിഹ്ർ മുഖേന ആരെങ്കിലും മറ്റൊരാളെ ലക്ഷ്യം വെച്ച് ചെയ്താൽ അതിലൂടെ ഫലം ഉണ്ടാകുമോ എന്ന് പലപ്പോഴും സംശയിക്കാറുണ്ട്. ചില സിഹ്‌റിലൂടെ മാനസികമായോ ശാരീരികമായോ വല്ല മാറ്റവും വരുത്താൻ സാധിക്കുന്നതിനാൽ തന്നെയാണ് അതിനെ ഇസ്‌ലാം നിഷിദ്ധമാക്കിയത്. സിഹ്‌റിന് യാഥാർഥ്യം ഉണ്ട് എന്നതാണ് പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. അതിനാലാണല്ലോ അത്തരം പ്രവൃത്തികളുടെ കെടുതികളിൽ നിന്ന് രക്ഷ തേടാനായി അല്ലാഹു ക്വുർആനിലൂടെ നമ്മെ പഠിപ്പിക്കുന്നത്. സൂറഃ അൽഫലക്വിലൂടെ നാം അല്ലാഹുവിനോട് അഭയം ചോദിക്കുന്ന കാര്യങ്ങൾ കാണുക:

"പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്ന്. ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽനിന്നും. കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽ നിന്നും. അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽനിന്നും" (ക്വുർആൻ 114:15).

കെട്ടുകളിൽ ഊതുന്നവരുടെ കെടുതി എന്നത് കൊണ്ട് സിഹ്ർ പോലുള്ള ക്ഷുദ്ര പ്രവൃത്തികളാണ് ഉദ്ദേശിക്കപ്പെടുന്നത്. സിഹ്ർ മുഖേന വല്ലതും സംഭവിച്ചാൽ എന്താണ് അതിനുള്ള പരഹാരം? തിരിച്ച് സിഹ്ർ ചെയ്യലാണോ? ഒരിക്കലുമല്ല! ക്വുർആനിലെ ആയത്തുകൾ ഓതിയും നബിﷺ പഠിപ്പിച്ചു തന്നിട്ടുള്ള ദിക്‌റുകളും പ്രാർഥനകളും ചെയ്യലാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

സിഹ്‌റിന് യാതൊരു വിധത്തിലുള്ള യാഥാർഥ്യവുമില്ലെന്നും, അത് മിഥ്യയായ വിശ്വാസമാണെന്നും ചിലർ പറയാറുണ്ട്. എന്നാൽ ക്വുർആനിന്റെ പരാമർശം ഒന്ന് ശ്രദ്ധിച്ചു നോക്കൂ: 'അങ്ങനെ അവരിൽ നിന്ന് ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ച് കൊണ്ടിരുന്നു.' ഭാര്യാഭർത്താക്കന്മാർക്കിടൽ ഈ പ്രവൃത്തിയിലൂടെ ഭിന്നത ഉണ്ടാക്കുവാൻ കഴിയും എന്നാണല്ലോ വ്യക്തമാകുന്നത്.

വാളെടുത്ത് ഒരാളുടെ കഴുത്തിന് വെട്ടിയാൽ അയാളുടെ ജീവൻ പോകുമെന്നത് തീർച്ചയാണല്ലോ. മരണം എന്ന കാര്യം സംഭവിക്കാൻ അല്ലാഹു നിശ്ചയിച്ച ഒരു കാരണമാണ് വാളുകൊണ്ട് വെട്ടുക എന്നത്. അതുകൊണ്ട് തന്നെ ആയുധം എടുക്കുന്നത് ഇസ്‌ലാം വിലക്കുകയും ചെയ്തല്ലോ. വാളുകൊണ്ട് വെട്ടുന്നതിലൂടെ ഒരാൾ മരിക്കുന്നുവെങ്കിൽ അത് അല്ലാഹുവിന്റെ ഉദ്ദേശവും തീരുമാനവും ഉണ്ടായിട്ട് തന്നെയാണല്ലോ. സിഹ്ർ എന്നല്ല, ഏത് പ്രവൃത്തിയുടെയും ഫലം ഉണ്ടാകുന്നത് അല്ലാഹുവിന്റെ തീരുമാന പ്രകാരമാണ്.

സിഹ്‌റിന് യാഥാർഥ്യമുണ്ടെന്ന് വിശ്വസിക്കുന്നത് ശിർക്കാണ് എന്ന് ചില ആളുകൾ വാദിക്കുന്നുണ്ട്. അവർക്ക് അപ്രകാരം ഒരു ധാരണ വരാൻ കാരണം ഇത് അഭൗതിക മാർഗത്തിലൂടെയുള്ള പ്രവൃത്തി ആണ് എന്നതാണ്. സിഹ്ർ ചെയ്യുന്നവർ പലരും അഭൗതിക മാർഗത്തിലൂടെ പലരുടെയും സഹായം ചോദിക്കാറുണ്ട്. പലതിൽ നിന്നും സഹായം പ്രതീക്ഷിക്കാറുമുണ്ട്. എന്നാൽ അതിന്റെ ഫലം അഭൗതിക മാർഗത്തിലൂടെയല്ല എന്നതാണ് കാര്യം. നാം പറഞ്ഞത് പോലെ ഏതൊരു കാര്യം നടക്കാനും അല്ലാഹു പലതും കാരണമാക്കിയിട്ടുണ്ടല്ലോ. ആ കാരണങ്ങളിൽ പെട്ടതാണ് സിഹ്‌റും. അതിനാൽ തന്നെ അതിന് യാഥാർഥ്യമുണ്ടെന്ന് ഒരാൾ വിശ്വസിക്കുന്നുവെങ്കിൽ അതിൽ യാതൊരു ശിർക്കും സംഭവിക്കുന്നില്ല.

നബിﷺയുടെ ജീവിതത്തിൽ വരെ ഇതിന്റെ സ്വാധീനം സംഭവിച്ചിട്ടുണ്ട്. അത് പ്രാർഥനയിലൂടെ ശരിയാകുകയും ചെയ്തത് ഹദീഥുകളിൽ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്.

യാതൊരു ഉപകാരവും ലഭിക്കാത്ത, ഉപദ്രവം ഉണ്ടാക്കുന്ന സിഹ്ർ ചെയ്യുന്നവർ തങ്ങളുടെ പരലോകമാണ് നഷ്ടമാക്കുന്നത്. സിഹ്‌റിലൂടെ ആർക്കെങ്കിലും വല്ല നേട്ടവും കിട്ടുന്നുവെങ്കിൽ അത് ഇഹലോകത്തെ സുഖം മാത്രമാണെന്നാണ് അല്ലാഹു അറിയിക്കുന്നത്. ●

നിസാം
mail@nerpatham.com

# എന്താണ് മൂത്രാശയക്കല്ല്?

മൂത്രാശയക്കല്ല് ഇന്ന് ഒരു സാധാരണ രോഗമായി മാറിക്കഴിഞ്ഞിട്ടുണ്ട്. വൃക്കയിലോ മൂത്രവാഹിനിയിലോ മൂത്രസഞ്ചിയിലോ കാണപ്പെടുന്ന ഖരരൂപത്തിലുള്ള വസ്തുക്കളാണ് മൂത്രാശയക്കല്ല്. ശരീരകോശങ്ങളിലെ ഉപാപചയ പ്രവർത്തനങ്ങളിലൂടെ ധാരാളം ധാതുലവണങ്ങൾ രക്തത്തിൽ എത്തിച്ചേരുന്നു. അപ്പോൾ വൃക്കയിൽ രക്തം ശുദ്ധീകരിക്കുന്ന അറയിൽ ചില കണികകൾ തങ്ങിനിൽക്കും. ഈ കണികകൾക്കു മുകളിൽ വീണ്ടും ധാതുക്കൾ പറ്റിപ്പിടിച്ച് കല്ലായി രൂപാന്തരപ്പെടുന്നു. മൂത്രാശയക്കല്ലുകൾ അധികവും ഉണ്ടാകുന്നത് വൃക്കയിലാണ്. അവിടെനിന്ന് അടർന്ന് മാറി മൂത്രനാളിയിലോ മൂത്രസഞ്ചിയിലോ തടയുമ്പോഴാണ് കടുത്ത വേദന അനുഭവപ്പെടുന്നത്. വയറ്റിൽ നട്ടെല്ലിന്റെ ഇരുവശങ്ങളിലുമായാണ് വൃക്കകൾ സ്ഥിതി ചെയ്യുന്നത്. രക്തത്തിലെ മാലിന്യങ്ങളെ അരിച്ചു നീക്കുകയാണ് ഇവയുടെ ധർമം. ശരീരത്തിലെ ജലാംശത്തിന്റെ അളവ്, ലവണങ്ങളുടെ അളവ്, ഹോർമോൺ ഉദ്പാദനം എന്നിവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും വൃക്കകളാണ്. വൃക്കയിൽനിന്നും മൂത്രം മൂത്രസഞ്ചിയിൽ എത്തിക്കുന്നത് മൂത്രവാഹിനികളാണ്. മിക്കവാറും മൂത്രാശയക്കല്ലുകൾക്ക് കൂർത്ത മുനകളോ മൂർച്ചയുള്ള വശങ്ങളോ ഉണ്ടായിരിക്കും. ഇവ മൂത്രനാളിയിലോ സഞ്ചിയിലോ തട്ടുമ്പോൾ കഠിനമായ വേദന ഉണ്ടാകുന്നു. പ്രധാനമായും നാലുതരം കല്ലുകളാണ് മനുഷ്യ ശരീരത്തിൽ കണ്ടുവരുന്നത്.

### കാത്സ്യം കല്ലുകൾ

മൂത്രാശയത്തിലുണ്ടാകുന്ന കല്ലുകളിൽ 75 ശതമാനവും കാത്സ്യം കല്ലുകളാണ്. കാത്സ്യം ഫോസ്ഫേറ്റ്, കാത്സ്യം ഓക്സലേറ്റ് കല്ലുകളാണ് പ്രധാനമായും കാണപ്പെടുന്നത്. ശരീരത്തിൽ കാത്സ്യം അമിതമായി എത്തിച്ചേരുകയോ ശരീരത്തിന് കാത്സ്യം ഉപയോഗപ്പെടുത്താൻ കഴിയാതെ വരികയോ ചെയ്യുമ്പോഴാണ് ഇത് സാധാരണയായി കാണപ്പെടുന്നത്.

കാത്സ്യം മൂത്രത്തിലൂടെ പുറത്തുപോകേണ്ടതുണ്ട്. ഇങ്ങനെ വൃക്കയിലെത്തി അരിച്ചുമാറ്റുന്ന കാത്സ്യംകണികകൾ വൃക്കയിലോ മൂത്രാശയ ഭാഗങ്ങളിലോ തങ്ങിനിന്ന് വീണ്ടും കൂടുതൽ കണങ്ങൾ പറ്റിച്ചേർന്ന് കല്ലുകളായിത്തീരുന്നു. വൃക്കയിലൂടെ കൂടുതലായി ഫോസ്ഫറസ് കടന്നുപോകുക, പാരാതൈറോയിഡ് ഗ്രന്ഥിയുടെ അധിക പ്രവർത്തനം എന്നിവയും കാത്സ്യം കല്ലുകൾ രൂപപ്പെടുന്നതിനു കാരണമാവാം.

### സ്ട്രുവൈറ്റ് കല്ലുകൾ

വൃക്കയിൽനിന്ന് വേർതിരിക്കപ്പെടുന്ന 15 ശതമാനം കല്ലുകൾക്ക് കാരണം മഗ്നീഷ്യം, അമോണിയ എന്നിവയാണ്. മൂത്രാശയ അണുബാധയെ തുടർന്നാണ് മിക്കവരിലും ഇത്തരം കല്ലുകൾ കാണപ്പെടുന്നത്. ഇവരിൽ കല്ല് നീക്കം ചെയ്യാതെ രോഗാണുബാധ പൂർണമായും മാറ്റാൻ കഴിയില്ല.

### യൂറിക് ആസിഡ് കല്ലുകൾ

മനുഷ്യശരീരത്തിൽ കാണപ്പെടുന്ന കല്ലുകളിൽ ആറ് ശതമാനമാണ് യൂറിക് ആസിഡ് കല്ലുകൾക്കുള്ള സാധ്യത. രക്തത്തിൽ അമിതമായി യൂറിക് ആസിഡ് ഉണ്ടാകുന്നതിന്റെ ഫലമായാണ് ഇത് ഉണ്ടാകുന്നത്. അനേകം കാരണങ്ങളാൽ യൂറിക് ആസിഡ് കല്ലുകൾ ഉണ്ടാകാമെങ്കിലും അമിതമായി മാംസം ഭക്ഷിക്കുന്നവരിലാണ് ഇത്തരം കല്ലുകൾ കൂടുതലായി കാണുന്നത്.

രക്തത്തിൽ അമിതമായി ഉണ്ടാകുന്ന യൂറിക് ആസിഡ് വൃക്കളിൽവച്ച് നീക്കം ചെയ്യപ്പെടണം. ഇങ്ങനെ അരിച്ചുമാറ്റുന്ന യൂറിക് ആസിഡ് മൂത്രത്തിലൂടെ പുറത്തുപോകാതെ വൃക്കകളിൽ ചെറിയ കണികകളായി തങ്ങിനിന്ന് വീണ്ടും കണികകൾ പറ്റിപ്പിടിച്ച് കല്ലുകളാകുന്നു. ഈ കല്ലുകളുള്ള 25 ശതമാനം പേരിൽ യൂറിക് ആസിഡ് മൂലം സന്ധിവീക്കവും വേദനയും കണ്ടുവരുന്നു.

### സിസ്റ്റീൻ കല്ലുകൾ

രണ്ട് ശതമാനം സാധ്യത മാത്രമാണ് സിസ്റ്റീൻ കല്ലുകൾക്കുള്ളത്. നാഡികൾ, പേശികൾ ഇവ നിർമിക്കാനുള്ള ഘടകങ്ങളിലൊന്നാണ് സിസ്റ്റീൻ. ശരീരത്തിലുണ്ടാകുന്ന ഉപാപചയത്തകരാറുകൾകൊണ്ട് സിസ്റ്റീൻ രക്തത്തിൽ കലർന്ന് വൃക്കകളിൽ എത്തുന്നു. ഇവിടെവച്ച് ഇത് വേർതിരിക്കപ്പെടുന്നു. എന്നാൽ ഇവ ശരീരത്തിൽ നിന്ന് പുറത്തുപോകാതെ അവിടെ തങ്ങിനിന്ന് കല്ലുകളായി മാറുന്നു. മുകളിൽ പറഞ്ഞ കാരണങ്ങൾ കൂടാതെ ചില മരുന്നുകളുടെ ഉപയോഗവും കല്ലുകൾക്ക് കാരണമാകാം.




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
26 Jan 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-





## ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME

# അന്നൂർ
## ഖുർആൻ പഠന പദ്ധതി

**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുനന്താണ്



peaceradio
Tune to reality

റജിസ്റ്റർ ചെയ്യൂ...
ഇപ്പോൾ തന്നെ

WhatsApp +91 9020 840 840